LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഇന്നലെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി നടത്തിയ സ്റ്റേറ്റ്മെന്റിൽ വരൾച്ച ഉണ്ടായതിനുശേഷം കൃഷിക്കാർക്കുണ്ടായ പ്രയാസങ്ങൾ പരിഹരിക്കാനും കടക്കെണിയിൽ നിന്ന് അവരെ രക്ഷിക്കാനും ഇതുവരെ സംസ്ഥാന ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ഞാൻ അത് ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയും കൃഷിമന്ത്രിയും ധനകാര്യമന്ത്രിയും മന്ത്രിസഭാ തീരുമാനപ്രകാരം 22-ാം തീയതി ഡൽഹിയിലേയ്ക്ക് പോകുന്നുണ്ട്. അവർ പോകുന്നത് ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്കുള്ള സഹായധനം ചോദിക്കാൻ വേണ്ടി മാത്രമല്ല, കേരളത്തിലുണ്ടായ കാർഷികമേഖലയിലെ ഭയാനകമായ പ്രതിസന്ധിയുടെ രൂക്ഷത ബോദ്ധ്യപ്പെടുത്താനാണ്. കർഷകർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം വരെ കേരളത്തിലുണ്ടായിരിക്കുന്നു. തുടർച്ചയായ വരൾച്ചയും കടക്കെണിയുംമൂലം കർഷകരുടെ ആത്മഹത്യ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിന്റെ ഭയാനകമായ രൂക്ഷത ചൂണ്ടിക്കാണിക്കാനാണ്; കർഷകരുടെ ആത്മഹത്യ നമ്മൾ അവിടെ ബോദ്ധ്യപ്പെടുത്തുക എന്നതാണ് പ്രധാനമായും ഈ ദൗത്യം കൊണ്ട് ഉദ്ദേശിക്കുന്നത്. വയനാട്, പാലക്കാട്, കുട്ടനാട്, ഇടുക്കി ഉൾപ്പെടെ കേരളത്തിലെ കാർഷിക മേഖലയിൽ സമീപകാലത്ത് ഉണ്ടായ അതിരൂക്ഷമായ വരൾച്ചയും പ്രതിസന്ധിയും കടൽക്ഷോഭവുംമൂലം തീരപ്രദേശത്തുണ്ടായിട്ടുള്ള പ്രയാസങ്ങൾ കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തി ഈ കേരളത്തോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ 50 കോടി രൂപ തരുമെന്ന് പറഞ്ഞിരുന്നു, തന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 29 കോടി രൂപ സാംഗ്ഷൻ ചെയ്യുമെന്ന് പറഞ്ഞു. കിട്ടിയിട്ടില്ല. മറ്റ് പല സ്റ്റേറ്റുകൾക്കും കാര്യമായ സഹായം ചെയ്തിട്ടുണ്ട്. കാർഷികമേഖലയിലൊട്ടാകെ ഉണ്ടായിരിക്കുന്ന ആശങ്കയ്ക്കും കൃഷിക്കാരുടെ കണക്കെണിക്കും പരിഹാരമുണ്ടാക്കാൻ കേന്ദ്രം ഉദാരമായി സഹായിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് പോകുന്നത്. അതുകൊണ്ട് നമുക്ക് ഇനി ചെയ്യാവുന്നത് തർക്കിക്കുകയല്ല. ഡൽഹിയിൽ നമ്മുടെ എം.പി.-മാരുണ്ട്. അവരോടും കൂടി പറയണം. ഇവരുടെ സന്ദർശനം വിജയിപ്പിക്കാൻ അവിടെ അവരും ശബ്ദമുയർത്തണം. ഒരുമിച്ച് കേരളത്തിന്റെ കേസ് നമുക്ക് വാദിക്കാം. ഈ കാര്യം സംബന്ധിച്ച് തർക്കിച്ച് സമയം കളയരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

VII. നിയമനിർമ്മാണകാര്യം

2004-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : 2004-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സാസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എൻ. രാജൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. നമ്മുടെ ഈ സഭാസമ്മേളനം തുടങ്ങിയ ദിവസം മുതൽ ഇന്നുവരെ കേരളത്തിലെ കൃഷിക്കാരുടെ ആത്മഹത്യയെക്കുറിച്ചാണ് നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോഴും അക്കാര്യം സംസാരിച്ചു കഴിഞ്ഞതേയുള്ളൂ. നമ്മുടെ പാർലമെന്റിലെ എം.പി.-മാർ വരെ കർഷകരുടെ ആത്മഹത്യയെക്കുറിച്ച് സംസാരിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ഈ സഭയിൽ വച്ചു. അതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. വയനാട് ജില്ലയിൽ കഴിഞ്ഞ ജനുവരി 1-ന് ശേഷം 7 മാസമായിട്ട് 249 അസ്വാഭാവിക മരണങ്ങൾ സംഭവിച്ചു. ഇപ്പോഴും ഞങ്ങൾക്ക് സംശയം അതാണ്. കേരളത്തിൽ കർഷകർ കടക്കെണിമൂലം ആത്മഹത്യ ചെയ്തിട്ടുണ്ടോ? കേരളത്തിലെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് വിശദീകരിക്കാനും സഹായം ആവശ്യപ്പെടാനും 22-ാം തീയതി, നാളെ ക്യാബിനറ്റ് സബ്കമ്മിറ്റി ഡൽഹിയിൽ പോവുകയാണ്. ആത്മഹത്യയെക്കുറിച്ച് പറയണ്ടേ? ഈ സർക്കാർ കേരളത്തിലെ ആയിരക്കണക്കിന് കൃഷിക്കാരുടെ ജീവന് ഒരു വിലയും നൽകുന്നില്ല. വളരെ ഗുരുതരമായ ഒരു വിഷയം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ കർഷകപ്രസ്ഥാന നേതാക്കൻമാരായ സഖാവ് സത്യൻ മൊകേരിയും സി. കെ. പി. പത്മനാഭനും കൃഷിക്കാരുമടക്കം ഇന്നലെ ബഹുമാനപ്പെട്ട കൃഷിമന്ത്രിയെ കാണുവാൻ അവരുടെ സമീപത്ത് പോയി. കൃഷിക്കാരുടെ വിഷയങ്ങൾ സംസാരിക്കുന്നതിനുപോലും അവർക്ക് അവസരം കൊടുത്തില്ലെന്നാണ് ഞങ്ങൾ അറിഞ്ഞത്. എന്താണ് ഈ കൃഷിവകുപ്പ്? കഴിഞ്ഞ വർഷം ഫാദർ വടക്കേമുറി കൃഷിക്കാരുമായിട്ട് കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ചെന്നു. പോലീസിനെ വിളിച്ചുവരുത്തി അദ്ദേഹത്തെ ജയിലിലടച്ച സംഭവം ഈ കേരളത്തിൽ നടന്നതാണ്. കേരളത്തിലെ മൂന്ന് കോടിയിലധികം വരുന്ന ജനങ്ങൾ ഈ കൃഷിക്കാരുടെ വിഷയങ്ങളെ സംബന്ധിച്ച് ആകാംക്ഷയുള്ളവരാണ്. ആത്മഹത്യ ചെയ്തുവെങ്കിൽ അത് ഈ സഭയിൽ തുറന്നുസമ്മതിക്കണം. ഈ കഴിഞ്ഞ മൂന്ന് വർഷം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അഴിമതിയുടെയും ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും പര്യായമായി മാറിയിരിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പിന്നോട്ട് തിരിഞ്ഞുനോക്കുമ്പോൾ കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് 16,000 കോടിയിലധികം പൊതുകടം നമ്മുടെ സംസ്ഥാനത്ത് വരുത്തി വച്ചിരിക്കുകയാണ്. കഴിഞ്ഞ മാർച്ച് 31 വരെ 12,318 കോടി രൂപ പൊതുകടം വാങ്ങിക്കഴിഞ്ഞിരിക്കുകയാണ്. മൂന്നുനാല് മാസം കഴിയുമ്പോൾ അത് 15,000 കോടി രൂപ ആകും. അഞ്ച് വർഷം പിന്നിടുമ്പോൾ 25,000 കോടി രൂപയുടെ കടബാദ്ധ്യത വരുത്തി വയ്ക്കുന്ന ഒരു ഗവൺമെന്റായിരിക്കും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ്. പിന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

തിരിഞ്ഞുനോക്കുമ്പോൾ ഇവിടെ എന്താണ് ഉണ്ടായത്? ഗുണ്ടാ മാഫിയാ സംഘങ്ങളുടെ വളർച്ച, കുറ്റകൃത്യങ്ങൾ പെരുകുന്നു, കർഷകരുടെ ദിനംപ്രതിയുള്ള ആത്മഹത്യ, ഇന്നലെയും വയനാട് ജില്ലയിലെ ഒരു കർഷകൻ ആത്മഹത്യ ചെയ്തത് നമ്മൾ പത്രങ്ങളിലൂടെ കണ്ടതാണ്. ഭരണഘടനാ ബാദ്ധ്യത നിറവേറ്റുന്നില്ല. പാവപ്പെട്ടവർക്ക് വേണ്ടിയുള്ള സംവരണം അട്ടിമറിക്കപ്പെടുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടി. എല്ലാ ക്ഷേമപദ്ധതികളും നിശ്ചലമാകുന്നു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല. ഉള്ള തൊഴിലുകൾ ഇല്ലാതാകുന്നു. വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിച്ചിരിക്കുന്നു. ഇന്ന് രാവിലെയും അടിയന്തിരപ്രമേയം ഇവിടെ വന്നതാണ്. ഈ നിയമസഭ ഒരു നിയമനിർമ്മാണം നടത്തിയതാണ്. ആ നിയമത്തിനുപോലും വില ഇല്ലാതെ സ്വകാര്യ മാനേജുമെന്റുകൾ പ്രവർത്തിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഈ സഭ ശ്രദ്ധിച്ചതാണ്. നേരത്തെ ശ്രീ. സാജുപോൾ സൂചിപ്പിച്ചതുപോലെ എപ്പോഴും സ്വാശ്രയ മാനേജുമെന്റിനോടും ബ്ലേഡ് കമ്പനികൾ നടത്തുന്ന സ്ക്കൂളുകളോടും കശുവണ്ടി മുതലാളിമാർ നടത്തുന്ന മാനേജുമെന്റ് സ്ക്കൂളുകളോടുമൊക്കെ അനുഭാവം കാട്ടുന്ന ഒരു ഗവൺമെന്റാണ് ഇത്. ഭരണഘടനാ ബാദ്ധ്യത നിലനിർത്തുന്നതിനുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംവരണ വ്യവസ്ഥ അട്ടിമറിക്കുന്നു. ബി.എഡ്., ടി. ടി. സി., എം.ബി.എ., എം.സി.എ., എന്നീ കോഴ്സുകളിലും മറ്റ് പ്രൊഫഷണൽ കോളേജുകളിലും പാവപ്പെട്ട കുട്ടികൾക്ക് ഇനിമേലിൽ അഡ്മിഷൻ അപ്രാപ്യമായിരിക്കുന്നു.

<u>ശ്രീ. വി. കെ. ചന്ദ്രൻ:</u> അങ്ങ് പറഞ്ഞുവരുന്നത്, പട്ടികജാതിക്കാരോടുള്ള അവഹേളനത്തെ സംബന്ധിച്ചാണല്ലോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പട്ടകജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്ക് അഞ്ച് ഏക്കർ ഭൂമി സൗജന്യമായി കൊടുക്കുമെന്ന് പറഞ്ഞിട്ട് വർഷം മൂന്ന് കഴിഞ്ഞു. ഇതുവരെ ആർക്കും ഭൂമി കൊടുത്തിട്ടില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. രാജൻ:</u> 2001 ഒക്ടോബർ മാസം 16-ാം തീയതി നമ്മുടെ മുഖ്യമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി ഡോ. എം. എ. കുട്ടപ്പൻ, അന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. വി. കൃഷ്ണമൂർത്തി, പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി. കെ. ശിവാനന്ദൻ എന്നീ നാല് പേർ സി. കെ. ജാനു, എം. ഗീതാനന്ദൻ തുടങ്ങിയ ആദിവാസി ദളിത് സമരസമിതി നേതാക്കൻമാരുമായിട്ട് നടത്തിയ ഒത്തുതീർപ്പ് ചർച്ചയിൽ ഒപ്പിട്ട് കൊടുത്ത രേഖയുണ്ട്. ആദിവാസി നേതാക്കൾ മുന്നോട്ട് വച്ച ഓരോ കുടുംബത്തിനും അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രോജക്റ്റ് പ്രദേശങ്ങളിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ ഭൂമി വീതം നൽകുവാൻ തീരുമാനിച്ചുവെന്നാണ് സി. കെ. ജാനുവുമായിട്ട് ഉണ്ടാക്കിയിട്ടുള്ള ധാരണയിൽ മുഖ്യമന്ത്രിയടക്കം ഒപ്പിട്ടിരിക്കുന്നത്. ഇപ്പോൾ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്, അഞ്ച് ഏക്കർ ഭൂമി കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടില്ലെന്നാണ് പറയുന്നത്. അഞ്ച് ഏക്കർ ഭൂമി കൊടുക്കുമെന്ന് പറഞ്ഞ് കഴിഞ്ഞ കാലമത്രയും അവരെ പറഞ്ഞുപറ്റിക്കുകയായിരുന്നു. നമ്മുടെ ആദിവാസി മിഷന്റെ കണക്കനുസരിച്ച് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്ത ആദിവാസികൾ 20, 028 പേരുണ്ട്. നാമമാത്ര ഭൂമി മാത്രമുള്ള ആദിവാസികൾ 35,000 പേരുണ്ട്. കഴിഞ്ഞ രണ്ടുവർഷമായിട്ട് 2024 ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തു. ഇനി അഞ്ച് ഏക്കർ ഭൂമി വീതം കൊടുക്കുവാൻ കേന്ദ്രം അനുവദിച്ച 7962 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് നൽകാൻ കഴിയുമോയെന്ന് ഈ സഭയ്ക്ക് ഉറപ്പ് കൊടുക്കണം. അത് കൊടുക്കണമെങ്കിൽ 600 കോടി രൂപ Compensatory Afforestation Management and Planning Agency-ക്ക് സംസ്ഥാന ഗവൺമെന്റ് കെട്ടിവയ്ക്കണം. അത് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. മുഖ്യമന്ത്രിയടക്കം ഒപ്പിട്ട ഈ കമ്മിറ്റി തീരുമാനത്തിന് ഒരു വിലയുമില്ലാതെയായിരിക്കുന്നു. പതിനായിരക്കണക്കിന് ആദിവാസികളെ പറഞ്ഞുപറ്റിച്ച് അവസാനം സി. കെ. ജാനുവിനേയും ഗീതാനന്ദനേയും ഒക്കെ മുത്തങ്ങയിൽ വച്ച് എന്തുചെയ്തുവെന്ന് നമുക്കറിയാം. ഇവിടുത്തെ പല മന്ത്രിമാരും ചേർന്ന് അവരെ അവിടെ കൊണ്ടുപോയതാണ്. അവരെ സഹായിച്ചതാണ്. ആരും അറിയാതെ അവരെ എന്തുചെയ്തു? പാവപ്പെട്ട ജോഗിയെ വെടിവച്ചുകൊന്ന സംഭവങ്ങളൊക്കെ ഈ സഭയിൽ പലപ്രാവശ്യം വന്നതാണ് ഞാനത് സൂചിപ്പിക്കുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോണി നെല്ലൂർ]

ആദിവാസികളുടെ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കുന്നതിനു സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തുമെന്ന് പറഞ്ഞിരുന്നു. ശ്രീമതി സി. കെ. ജാനുവിനോട് പറഞ്ഞിരുന്നതാണ്. ഇതുവരെ ഒരു നിയമനിർമ്മാണവും നടത്തിയിട്ടില്ല. നമ്മുടെ ക്ഷേമപദ്ധതികളും സഹായങ്ങളും ഒന്നും കൊടുത്തു തീർക്കാൻ കഴിയുന്നില്ല. കർഷക തൊഴിലാളി പെൻഷൻ 27 മാസത്തേത് കുടിശ്ശികയാണ്. തൊഴിലില്ലായ്മ വേതനം തന്നെ 34 മാസത്തേത് കുടിശ്ശിക വരുത്തിയിരിക്കുകയാണ്. 148 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. മുസ്ലീം-നാടാർ-ആംഗ്ലോഇന്ത്യൻ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുവാനുള്ള 3.54 കോടി രൂപ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. 2003-04 വരെ 'ഒരു കപ്പ് പാലും ഷേക്ക്ഹാന്റും' പദ്ധതി പ്രകാരം പാൽ വിതരണം നടത്തിയതിൽ അഞ്ച് കോടി രൂപ കുടിശ്ശികയാണ്. അനാഥശാലകൾക്ക് സഹായമായി കൊടുക്കുന്നതിന് അഞ്ച് കോടി രൂപ കുടിശ്ശിക. മിശ്രവിവാഹം തുടങ്ങിയതിന് കൊടുത്തു തീർക്കാനുള്ളത് 25 ലക്ഷം രൂപ. ഇവിടുത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല, തൊഴിലില്ലായ്മ വേതനം കൊടുത്തുതീർക്കാൻ കഴിയുന്നില്ല. കയർ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല. എന്താണ് ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷക്കാലം ചെയ്തത്? വികലാംഗർക്കും മന്ദബുദ്ധികൾക്കും കൊടുത്തുതീർക്കാനുള്ള പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല. വിധവകളുടെ പെൺകുട്ടികൾക്ക് പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സഹായധനമായി കൊടുക്കാനുള്ള 58 കോടി രൂപ കൊടുത്തുതീർക്കാൻ ബാക്കി നിൽക്കുന്നു. 60-65 വയസു കഴിഞ്ഞവരിൽ പകുതിയിൽ അധികം പേരും ഇന്ന് ജീവിച്ചിരിപ്പില്ല. ഇതൊന്നും കാണാത്ത, കഴിഞ്ഞ മൂന്ന് വർഷക്കാലവും ഈ സംസ്ഥാനത്തെ അഴിമതിയുടെ കൂത്തരങ്ങാക്കി ഭരിച്ച് മുടിച്ച ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, വളരെ പ്രധാനപ്പെട്ട ഈ ബില്ലിന്റെ ചർച്ച ഇവിടെ നടക്കുമ്പോൾ നമ്മുടെ ഉദ്യോഗസ്ഥ ഗ്യാലറിയിൽ ഒരു ആൾപോലും ഇല്ല. ജന പ്രതിനിധികൾ ഈ രാജ്യത്തെ ജനങ്ങളുടെ വികാരങ്ങൾ ഇവിടെ പ്രതിഫലിപ്പി ക്കുമ്പോൾ ഇത് ആരാണ് ശ്രദ്ധിക്കാനുള്ളത്? ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരും ഒറ്റപ്പെട്ട ഒന്ന് രണ്ട് ഉദ്യോഗസ്ഥന്മാരും ഒഴികെ ആരാണുള്ളത്? അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഈ സഭാനടപടികൾ വീക്ഷിക്കുന്നതിന് ഉണ്ടാകണമെന്ന് കർശനമായ റൂളിംഗ് അങ്ങയുടെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ : അത്യാവശ്യം വേണ്ട ഉദ്യോഗസ്ഥന്മാർ ഇവിടെയുണ്ട്, അവർ വരികയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു വസ്തുത കണ്ണടച്ച് സാമ്പത്തിക നയത്തെ എതിർക്കുന്ന ഒരു മനോഭാവവുമായി ട്ടാണ് പ്രതിപക്ഷം വന്നിരിക്കുന്നത് എന്നാണ്. ഇവിടെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന സാഹചര്യവും ഇപ്പോഴത്തെ സാഹചര്യവും ഒന്ന് താരതമ്യപ്പെടുത്തിയാൽ മാത്രമേ ഈ ഗവൺമെൻറ് ചെയ്ത നേട്ടങ്ങളെ സംബ ന്ധിച്ച് മനസ്സിലാക്കാൻ സാധിക്കൂ. എന്നും പൂട്ടിക്കൊണ്ടിരുന്ന ഖജനാവ് ഒട്ടേറെ ഇനങ്ങൾക്ക് ചെക്ക് മാറാൻ പറ്റാത്ത ഒരു സാഹചര്യം സൃഷ്ടിച്ചുകൊണ്ട് സാധാരണ ക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കിയ ആ ഒരു കാലഘട്ടം അവസാനിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളതുതന്നെയാണ് ഈ സാമ്പത്തിക രംഗത്തുണ്ടായ ഏറ്റവും വലിയ നേട്ടം. ഈ ഗുണകരമായ മാറ്റം കാണാനോ, അല്ലെങ്കിൽ വീഴ്ചകൾ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാനോ പ്രതിപക്ഷത്തിന് കഴിയുന്നില്ല എന്നുള്ള ഒരു ഗതികേടാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുക. ഇവിടെ ഒരു ധവളപത്രം വരെ പുറപ്പെടുവി ക്കേണ്ട സാഹചര്യം ഈ സംസ്ഥാനത്തുണ്ടായി. ആ സാഹചര്യത്തിൽ നിന്ന് മാറി ഇന്ന് സി. ആന്റ് എ. ജി. റിപ്പോർട്ടിൽത്തന്നെ വളരെ വ്യക്തമാക്കുന്നു. റവന്യൂ വരുമാനം ഉണ്ടായി. വർദ്ധനവ് ഒരു വലിയ കാര്യമായി സി. ആന്റ് എ. ജി. എടുത്തു പറഞ്ഞിട്ടുള്ള കാര്യമാണ്. സ്വാഭാവികമായും മാറ്റങ്ങളൊക്കെ ആ നിലയിൽ വന്നിട്ടുണ്ടെങ്കിൽപ്പോലും നമ്മുടെ കടം വർദ്ധിച്ചു. അതൊരു യാഥാർത്ഥ്യമാണ്. ഈ പൊതു കടം വർദ്ധിക്കാനുണ്ടായ സാഹചര്യം എന്താണ്? ഇവിടെ പൊതു കടം വർദ്ധിച്ചതിനെപ്പറ്റിയൊക്കെ അങ്ങേഭാഗത്ത് നിന്നു സംസാരിച്ചവർ കഴിഞ്ഞ ദിവസങ്ങളിൽ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്ത വലിയ തുകയ്ക്കുള്ള പലിശതന്നെ കൂടികൂടി വരുന്നു. കാർഷിക വിഭവ ങ്ങൾക്ക് വില കുറഞ്ഞ സാഹചര്യത്തിൽ സ്വാഭാവികമായും ആ മേഖലയിൽ നിന്നുള്ള വരുമാനം കുറഞ്ഞു. ചെലവ് വർദ്ധിച്ചു. എന്നിട്ടുപോലും ട്രഷറി പൂട്ടുന്ന അനുഭവം ഇല്ലാതെ മുന്നോട്ടുപോകാൻ കഴിയുന്നു എന്നുള്ളതു ഒരു നല്ല മാനേജു മെന്റിന്റെ ലക്ഷണമായിത്തന്നെ നമുക്ക് കാണാൻ കഴിയും. വില്പന നികുതി പിരിവിന്റെ കാര്യത്തിൽ സർവ്വകാല റിക്കാർഡാണ് നേടാൻ കഴിഞ്ഞത്. വിൽപന നികുതി ക്രമാനുഗതമായി ഓരോ വർഷവും വർദ്ധിച്ച്, അത് കളക്ട് ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് വളരെ അഭിമാനകരമായ നേട്ടമാണ്. വിൽപന നികുതി അസസ്സ്

ചെയ്തതുകൊണ്ട് മാത്രം കാര്യമില്ല. അസസ്സ് ചെയ്ത നികുതി പിരിച്ചെടുക്കാൻ കഴിയണം. അതോടൊപ്പംതന്നെ സമയാസമയങ്ങളിൽ അസസ്സ് ചെയ്യാതെ പല സന്ദർഭങ്ങളിലും പല വിഭാഗക്കാർക്കും പിന്നീട് സെയിൽസ് ടാക്സ് അടയ്ക്കണമെന്നു പറഞ്ഞു നോട്ടീസ് കൊടുക്കുന്ന അനുഭവമുണ്ട്. ഞങ്ങളുടെ മേഖലയിലുള്ള പി.ഡി.ഡി.പി. അതുപോലെതന്നെ എറണാകുളം ജില്ലയിലെ ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള നിർമ്മൽഗ്രാം, അതുപോലെ തന്നെ മറ്റ് സന്നദ്ധ സംഘടനകൾ—അവിടെയൊക്കെ പാസ്ച്ചറൈസ്ഡ് പാലിന് വിൽപന നികുതി വേണ്ടായെന്ന് അസസ്സ് ചെയ്തു അവർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. അത് പിന്നീട് സെയിൽസ് ടാക്സ് അടയ്ക്കണമെന്നു പറഞ്ഞ് നോട്ടീസ് കൊടുത്തു. തെറ്റുപറ്റിയതാണെങ്കിൽ അത് തിരുത്താൻ ഈ ഗവൺമെന്റ് തയ്യാറായില്ലേ? ഏതെങ്കിലും അഴിമതിയുടെ പുകമറയുണ്ടാകുമെന്നു ഭയപ്പെട്ട് ആ നിലയിൽ മുന്നോട്ട് പോകുന്നത് ശരിയാണോ? സെയിൽസ് ടാക്സ് ഇനത്തിൽ എത്ര കോടി രൂപയാണ് കിട്ടാനുള്ളത്? ആ പിരിഞ്ഞു കിട്ടാൻ പറ്റാത്തത്, ഇങ്ങനെ അസസ്സ് ചെയ്തതൊക്കെ എഴുതിത്തള്ളണം. പൊതുമേഖലാസ്ഥാപനങ്ങളിലടക്കം ഒട്ടേറെ സെയിൽസ് ടാക്സ് തുക കിട്ടാനുണ്ട്, അതെല്ലാം എഴുതിത്തള്ളാനുമൊക്കെ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ആ നിലയിൽ ഇതിന്റെ മാനേജുമെന്റ് കുറെക്കൂടി കുറ്റമറ്റതാക്കാനുള്ള നടപടികളുമായി ഗവൺമെൻറ് മുന്നോട്ട് പോകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്. നമ്മുടെ ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് വർഷം തോറും കോടിക്കണക്കിന് രൂപ നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കാനാണ് കൊടുക്കുന്നത്. എന്താണ് സ്ഥിതി? 2001-2002-ൽ 637 കോടി രൂപ കൊടുത്ത സ്ഥാനത്ത് 2002-2003-ൽ 1063 കോടി രൂപ കൊടുത്തു. 2003-2004-ൽ 1647.68 കോടി രൂപ കൊടുത്തു. അത് സ്വാഭാവികമായും ചെലവാക്കാൻ കഴിഞ്ഞില്ല. 1452 കോടി രൂപയാണ് ചെലവാക്കിയത്. 2004-2005-ൽ തന്നെ നാല് മാസം കൊണ്ട് 452 കോടി രൂപ കൊടുത്തിട്ടുണ്ട്. ഇങ്ങനെ കൊടുക്കുന്ന തുക ശരിയായ രീതിയിൽ ചെലവഴിക്കുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടോ? സാധാരണ

11.00 a.m.] ഗ്രാമപഞ്ചായത്തുകളിൽ കണ്ടുവരുന്ന ഒരു കാര്യം അവിടെ ഗ്രാമപഞ്ചായത്തംഗങ്ങൾ കൂടി ഓരോ സെക്ടറിനും അനുവദിച്ചിട്ടുള്ള തുക കൃത്യമായി ഓരോ വാർഡിലേയ്ക്കും പങ്കിട്ടെടുക്കുകയാണ്. ഫലപ്രദമായി ഒരു വികസന പ്രവർത്തനവും ചൂണ്ടിക്കാണിക്കുവാൻ കഴിയുകയില്ല. ഏതെങ്കിലും നൂറു മീറ്റർ റോഡ് ടാർ ചെയ്യുക, ആവശ്യമില്ലാത്ത സ്ഥലത്ത്, ഒരുപക്ഷേ പാടശേഖരത്ത് ഒരു ബണ്ട്കെട്ടുക, അടുത്ത വെള്ളപ്പൊക്കം വരുമ്പോൾ ഒഴുകി പോകുന്ന അനുഭവം. ഇങ്ങനെ ഈ സംസ്ഥാനത്തിന്റെ മുതൽ നശിപ്പിക്കുന്ന ഒരു പ്രവണത നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വഴി നടന്നുവരുന്നത് നമുക്ക് ഒരിക്കലും അംഗീകരിക്കുവാനാകില്ല. വിവിധ സെക്ടറുകളിൽ ഇങ്ങനെ ലഭിക്കുന്ന തുക വളരെ കാര്യമായി ചെലവഴിക്കാനും, അത് പരിശോധിക്കുവാനുമുള്ള ഒരു സംവിധാനം ഉണ്ടാക്കണം. ജനകീയ ആസൂത്രണ പദ്ധതി തുടങ്ങിയ സന്ദർഭത്തിൽ ഇതിന്റെ സെക്ടറുകൾ ഏതൊക്കെ വേണമെന്ന് നിശ്ചയിച്ചുവെങ്കിലും അതിനകത്തുള്ള അപാകതകൾ തിരുത്തുന്നത് ഈ ഭരണ രംഗത്തെ ഏറ്റവും വലിയ പരിഷ്ക്കാരമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി : ഏതെങ്കിലും ഏജൻസിയെ അംഗീകരിച്ച് ഇത് പരിശോധിക്കുന്നത് ഭാവിയിലെ പ്രവർത്തനങ്ങൾക്ക് വളരെ സഹായകരമായിരിക്കുകയില്ലേ?

ശ്രീ. പി. ജെ. ജോയി : ഞാൻ അതിലേയ്ക്കു തന്നെയാണ് വരുന്നത്. ഇപ്പോൾ പ്ളാനിംഗ് ബോർഡ് ചില തീരുമാനങ്ങളെടുക്കുന്നു. പ്ളാനിംഗ് ബോർഡ് ക്യാബിനറ്റിനേക്കാൾ വലിയ ഒരു സമിതിയാണെന്നാണ് അവരുടെ ധാരണ. ക്യാബിനറ്റിന് ഇച്ഛാശക്തിയോടെ പ്രവർത്തിക്കുവാൻ കഴിയുന്ന ആ ഒരു നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങണം. വളരെയധികം ചർച്ചകൾ ഉണ്ടാകണം. ആ ചർച്ചകളിൽ ഉരുത്തിരിഞ്ഞ് വരുന്ന കാര്യങ്ങളനുസരിച്ച് അവരുടെ ഉപദേശങ്ങൾ സ്വീകരിക്കണം. ഉദ്യോഗസ്ഥരുടെ കാര്യമാത്ര പ്രസക്തമായ ഉപദേശങ്ങൾ സ്വീകരിക്കണം. ആ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഇതിൽ കാതലായ ഒരു മാറ്റം വരുത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതിന് ശ്രീ. അഹമ്മദ് അലി സൂചിപ്പിച്ചതുപോലെ ഏതെങ്കിലും ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇതിൽ പുനരവലോകനം നടത്തി ഈ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് കൊടുക്കുന്ന ഫണ്ട് ചെലവഴിക്കുവാനുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതുപോലെതന്നെ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ പണം നമ്മൾ ചെലവാക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഇന്ന് എന്താണ് സ്ഥിതി? സ്വാശ്രയ സംവിധാനത്തിന് ഇവിടെ പല രീതിയിൽ എതിരായ സ്വഭാവമാണ് പ്രതിപക്ഷം പ്രകടിപ്പിക്കുന്നത്. അനുകൂലമാണെന്ന് പറയുകയും ഫലത്തിൽ വരുമ്പോൾ അത് എതിർക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നു. ഇന്ന് കേരളമൊഴിച്ചുള്ള മറ്റ് സംസ്ഥാനങ്ങളൊക്കെ വിദ്യാഭ്യാസ രംഗത്ത് മുന്നേറി കഴിഞ്ഞു. വിദ്യാഭ്യാസ രംഗത്ത് വളരെയധികം മികവു കാണിച്ചിരുന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. ഐ.എഫ്.എസ്., ഐ.എ.എസ്. അതുപോലെയുള്ള കേന്ദ്ര പരീക്ഷകളിലൊക്കെ ഇന്ന് നമ്മുടെ വിദ്യാർത്ഥികൾ പുറകിൽ പോകുകയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നൊക്കെ അലോട്ട്മെന്റ് ധാരാളം ഈ സംസ്ഥാനത്തു വരുന്നു. ആവശ്യമില്ലാതെയുള്ള തസ്തികകൾ ഈ സംസ്ഥാനത്തുണ്ട്. ഐ.പി.എസ്. ആയാലും ഐ.എ.എസ്. ആയാലും ഐ.എഫ്.എസ്. ആയാലും ഒരുപാട് തസ്തികകൾ ഇവിടെയുണ്ട്. നമ്മുടെ ചെലവു ചുരുക്കണമെന്ന് നമ്മൾ പല ഭാഗത്തുനിന്ന് പറയുന്നുണ്ടെങ്കിലും ഫലപ്രദമായി ചെലവു ചുരുക്കാൻ കഴിയുന്നില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പരീക്ഷ പാസ്സായവരെ പോലും ഇവിടെ അലോട്ട് ചെയ്യുന്നുണ്ട്. ഐ. എ. എസ്., ഐ. എഫ്. എസ്. തസ്തികകൾ വെട്ടിക്കുറയ്ക്കുവാനുള്ള തീരുമാനം എടുത്ത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. ഇന്ന് ഏതാണ്ട് ഇരുപത്തിരണ്ടോളം സി.സി.എഫ്.-കാർ ഈ സംസ്ഥാനത്തിനകത്തുണ്ട്. എന്തിനാണ് ഇത്രയധികം പോസ്റ്റുകൾ? അത്രയും പോസ്റ്റുകൾ ആർക്കെങ്കിലുമൊക്കെ പ്രൊമോഷൻ കൊടുക്കുവാൻ വേണ്ടി മാത്രം ഉണ്ടാക്കുന്ന പോസ്റ്റുകളായിട്ടേ ഞങ്ങൾക്കൊക്കെ മനസ്സിലാക്കുവാൻ കഴിയുന്നുള്ളൂ. ആ നിലയിൽ പോസ്റ്റുകൾ ഉണ്ടാക്കി പണം ദുർവ്യയം ചെയ്യുന്ന ഒരു സാഹചര്യമുണ്ട്. ഇക്കാര്യം ഇവിടെ പലപ്പോഴും പറഞ്ഞു. സി.സി.എഫ്.-മാർ ആകട്ടെ, അതുപോലെതന്നെ മറ്റ് ഐ.എ.എസ്സ്.-കാരാകട്ടെ എല്ലാ സെക്ടറിലും ഇന്ന് എണ്ണം കൂടുതലാണ്. വിദ്യാഭ്യാസ

രംഗത്തുള്ള മാറ്റം ഇന്ന് സ്വാശ്രയ രംഗത്ത് എന്ത് സംവിധാനം ഏർപ്പെടുത്തിയാലും ഇവിടെ ഉണ്ടാക്കിയ നിയമം വഴി രണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ സമം ഒരു ഗവൺമെന്റ് സ്ഥാപനം എന്നുള്ളത് നടപ്പിലാക്കാൻ കഴിഞ്ഞു. അത് ചെറുതായി കാണാൻ കഴിയുമോ? ഗവൺമെന്റിന് പണം മുടക്കുവാനില്ല. ഈ സന്ദർഭത്തിൽ സ്വാഭാവികമായും സ്വകാര്യ മേഖലയിൽ ഉള്ളവർ ഒരു സ്ഥാപനം തുടങ്ങുന്നതിനെ എന്തിന് എതിർക്കണം? അമ്പത് ശതമാനം സീറ്റ് മാനേജുമെന്റിന് യുക്തമായിട്ടും അതോടൊപ്പം പണം പിരിക്കുവാനും കഴിയുന്ന ഒരു സാഹചര്യം ഉണ്ടാക്കുവാൻ ഗവൺമെന്റ് നിയമം കൊണ്ടു വന്നാൽ അതിനെ എന്തിന് എതിർക്കണം. മാനേജുമെന്റിന് അങ്ങനെ ഫീസ് യുക്തമായി പിരിക്കുവാൻ കഴിയുമോ? അന്യസംസ്ഥാനങ്ങളിലുള്ളവർ ഇവിടെനിന്നുള്ള ആളുകളെ ക്യാൻവാസ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ഇഷ്ടംപോലെ ഫീസ് ഇവിടെ ഏർപ്പെടുത്തിയാൽ ആരെങ്കിലും വന്ന് ഇവിടെ അഡ്മിഷൻ എടുക്കാൻ തയ്യാറാകുമോ? അത് മനസ്സിലാക്കാൻ പ്രതിപക്ഷം തയ്യാറാകണം. ഈ സംസ്ഥാനത്ത് കൂടുതൽപേർക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള അവസരം ഈ ഗവൺമെന്റ് ഒരുക്കുമ്പോൾ അതിനെ എതിർത്തുകൊണ്ട്, ഫലത്തിൽ എതിർക്കുന്നില്ല എന്നു പറയുന്നു. പക്ഷേ എതിർപ്പുകൊണ്ട് ഈ വിദ്യാഭ്യാസരംഗം ഇന്ന് കലാപ കലുഷിതമാകുന്നു. ഏതാനും വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇന്ന് കലാപ കലുഷിതമായ അന്തരീക്ഷമുണ്ടായി. അത് പൂർണ്ണമായും ഇന്ന് എല്ലാ വിദ്യാഭ്യാസരംഗത്തും കലാപത്തിന് ഇട വരുത്തുന്നു. വിദ്യാഭ്യാസരംഗം മൊത്തം സ്തംഭിച്ചു പോകുന്ന ഒരു സാഹചര്യം ഒരുക്കുന്നു. തീർച്ചയായും ഇങ്ങനെയുള്ള സാഹചര്യത്തിൽനിന്ന് പ്രതിപക്ഷം പിന്മാറി സമവായത്തിലൂടെ, ചർച്ചകളിലൂടെ വിദ്യാഭ്യാസരംഗത്ത് സമാധാന അന്തരീക്ഷം നിലനിർത്തി മുന്നോട്ടു പോകുവാനുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ വളരെ രൂക്ഷമായി കാണുന്ന ഒരു സാഹചര്യമുണ്ട്. പക്ഷേ നമുക്കറിയാം മുപ്പതു ശതമാനം തൊഴിലാളിയും ഇന്ന് മറ്റു സംസ്ഥാനങ്ങളിൽനിന്ന് വന്ന് ജോലി ചെയ്യുന്നവരാണ്. നമുക്കൊക്കെ കാണാൻ കഴിയുന്നത് കേബിൾ ലൈനിംഗ്, അല്ലെങ്കിൽ കോൺക്രീറ്റ് വർക്ക്, ഹോട്ടൽ ജോലി ഇവയിലൊക്കെ തമിഴ്നാട്ടിൽനിന്നും ധാരാളം ചെറുപ്പക്കാർ ഇവിടെ വന്ന് തൊഴിൽ ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർന്നതോടുകൂടി ഇവിടെയുള്ള തൊഴിൽ ചെയ്യാൻ ആരും തയ്യാറാകാത്ത സാഹചര്യമാണുള്ളത്. തൊഴിലില്ലായ്മ കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാന കാര്യമാണെങ്കിലും തൊഴിലില്ലാത്തതല്ല പ്രശ്നം. പലപ്പോഴും ഉള്ള തൊഴിൽ ചെയ്യാൻ തയ്യാറല്ല എന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. വികസന രംഗത്ത് കമ്മ്യൂണിസ്റ്റുകാർ കുറേക്കൂടി അവരുടെ നിലവിലുള്ള മനോഭാവത്തിൽ മാറ്റം വരുത്തണം. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യം ഡെൻസിയാവോപെംഗ് പറഞ്ഞതുപോലെ പൂച്ച കറുത്തതാണോ വെളുത്തതാണോ എന്ന് നോക്കണ്ട, എലിയെ പിടിക്കുമോ എന്നു നോക്കിയാൽ മതി എന്നുള്ള അദ്ദേഹത്തിന്റെ വളരെ പ്രധാനപ്പെട്ട വാചകം ഇവിടുത്തെ കമ്മ്യൂണിസ്റ്റുകാർ മറക്കുകയാണ്. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമല്ലേ? കമ്മ്യൂണിസ്റ്റുകാർ മറക്കുകയാണ്. ലെനിന്റെ വാചകം അവർ മറക്കുകയാണ്. ലക്ഷ്യ സാധൂകരണത്തിന് ഏത് ചെകുത്താനെ കൂട്ടു വിളിച്ചാലും

LIBRARY ARCHIVES Kerala Legislative Assembly

തെറ്റില്ല എന്ന് അവർ പറയുന്നു. ആ നയത്തെയും അവർ മറക്കുകയാണ്. ആ നിലയിൽ മുന്നോട്ടു പോകുന്ന കമ്മ്യൂണിസ്റ്റുകാർ കുറേക്കൂടി മാനസികമായി വികസന രംഗത്തുള്ള മുന്നേറ്റത്തിനു വേണ്ടിയുള്ള ഒരു സഹകരണം നല്കുന്നില്ല എങ്കിൽ കേരളത്തിൽ അങ്ങനെയുള്ള ഒരു സാഹചര്യം ഉണ്ടാകുകയില്ല. തീർച്ചയായും ആ ഒരു സാഹചര്യം നിലനിർത്തി മുന്നോട്ടു പോകുവാൻ കഴിയുന്ന ഒരു അവസ്ഥാവിശേഷം ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ഫിസ്ക്കൽ ക്രെഡിബിലിറ്റി നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു

ശ്രീ. ടി. പി. എം. സാഹിർ: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിൽ ഈ ഗവൺമെന്റ് വിജയിച്ചിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിനുശേഷം നിരവധി തവണ ആവശ്യപ്പെട്ടതുപോലെ ഒരു സെറ്റിൽമെന്റ് കമ്മീഷനെ ഇവിടെ നിയോഗിക്കുകയുണ്ടായി. അതുമൂലം കിട്ടാക്കടങ്ങൾ ഗവൺമെന്റിന് രണ്ടു മാസത്തെ മൂന്നു മാസത്തെ പരിധിവച്ച് പിരിക്കുവാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ സാധിച്ചത്. ഈ സെറ്റിൽമെന്റ് കമ്മീഷൻതന്നെ ഒരു കണ്ടീഷനോടുകൂടി മാത്രമാണ് പ്രഖ്യാപിച്ചത്. അതുകൊണ്ട് അതിൽ കയറിക്കൂടുവാൻ കൂടുതൽ ആളുകൾക്ക് കഴിഞ്ഞിരുന്നില്ല. വളരെ ഓപ്പണായിട്ടുതന്നെ എത്രയോ കോടി രൂപ വർഷങ്ങളായി പിരിഞ്ഞു കിട്ടുവാനുണ്ട്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയും തമിഴ്നാടുമെല്ലാം ഇത് പരീക്ഷിച്ചതാണ്. നമ്മൾ മാത്രം സെറ്റിൽമെന്റ് കമ്മീഷനെ നിയമിച്ചപ്പോൾ ഇതിനും പരിധി വച്ചതായി കണ്ടു. ഏതായാലും കുറച്ചു സംഖ്യ അതിൽക്കൂടി പിരിക്കുവാൻ കഴിഞ്ഞു. എങ്കിലും ഈ പരിധി വച്ചത് ഒഴിവാക്കി ഇനിയും അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് 2005 ഏപ്രിലിനു മുമ്പ് നവംബർ-ഡിസംബർ, കാലയളവ് വച്ചെങ്കിലും മുമ്പ് ചെയ്തതുപോലെ സെറ്റിൽമെന്റ് കമ്മീഷൻ വച്ച് പരിധി കൂടാതെ കിട്ടാക്കടങ്ങൾ പിരിക്കുവാനുള്ള ശ്രമം ആരംഭിക്കണമെന്നാണ് എനിക്ക് ആരംഭമായി ഇവിടെ പറയാനുള്ളത്. പത്താം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന 6.5% വളർച്ചാ നിരക്ക് കൈവരിക്കണമെങ്കിൽ ആഭ്യന്തര മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നമ്മൾ ശ്രമിക്കേണ്ടതുണ്ട്. ബാങ്കുകളിൽ വിദേശ നിക്ഷേപമായി കഴിഞ്ഞ 2004 മാർച്ചുവരെയുള്ള കണക്ക് നോക്കുകയാണെങ്കിൽ ഒരുപാട് കോടികളുണ്ടായിരുന്നു. ഇപ്പോൾ യു.പി.എ. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ വിദേശ നിക്ഷേപത്തിന് പലിശ കുറച്ചതുകാരണം നമ്മുടെ വിദേശത്തെ സുഹൃത്തുക്കൾ നിക്ഷേപിച്ചിരിക്കുന്ന എമൗണ്ട് പിൻവലിക്കാൻ അവർ നിർബന്ധിതരായിരിക്കുകയാണ്. കേരളത്തിൽ കോടിക്കണക്കിന് രൂപയുടെ വിദേശ

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപമുണ്ടായിരുന്ന ഒരു സാഹചര്യത്തിൽ യു.പി.എ. ഗവൺമെന്റിന്റെ ഈ നടപടിമൂലം നിക്ഷേപത്തിൽ കുറവുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇപ്പോൾ ഇവിടെ പ്രസ്താവിച്ചതുപോലെ കർഷകർക്കുവേണ്ടി ഡൽഹി യാത്രയ്ക്ക് പുറപ്പെടുന്ന സംഘം നമ്മുടെ മറുനാട്ടിലുള്ള ജനങ്ങളുടെ ഈ നിക്ഷേപത്തിൽ ഉണ്ടായ കുറവ്, ഇന്ററസ്റ്റിൽ വരുത്തിയ മാറ്റംകൊണ്ട് അവർ ഒരുപാട് പണം ഉടനെ പിൻവലിക്കാൻ സാധ്യതയുള്ളത് ഒഴിവാക്കുവാൻ അടിയന്തിരമായി ഇടപെടണം. അവർക്ക് റിയൽ എസ്റ്റേറ്റിൽ മുമ്പുണ്ടായിരുന്ന അത്ര വരുമാന വർദ്ധനവ് ലഭിക്കാത്തതുകൊണ്ട് പണം ബാങ്കിൽ വളരെ സേഫായിട്ട് നിക്ഷേപിക്കുന്നതാണ്. ഇത് നമുക്കുകൂടി മുതൽമുടക്കായി മാറുന്ന സ്ഥിതിയുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിലെ വിവിധ ബാങ്കുകളിൽ പന്ത്രണ്ടു കോടിയോളം രൂപ ഒരു ദിവസം നിക്ഷേപമായി വന്നിരുന്നു എന്നാണ് ആവറേജ് കണക്ക്. പക്ഷെ ഇന്നിത് വളരെയധികം കുറഞ്ഞതായി ബാങ്കുകളിലെ ഉദ്യോഗസ്ഥർമാർ അറിയിച്ചുകഴിഞ്ഞു. അതുകൊണ്ട് വളരെ അർജന്റായിട്ടു തന്നെ ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. വേറൊരു കാര്യം ഇവിടെ ശ്രദ്ധിക്കാനുള്ളത് ഇത് നിയമസഭയാണ്. നിയമനിർമ്മാണത്തിലും നിയമം പരിപാലിക്കുന്നതിലും ശ്രദ്ധിക്കണം. പല കാരണങ്ങൾകൊണ്ടും ചെക്കുകൾ കൊടുത്ത് പണം വാങ്ങാൻ ജനങ്ങൾ ഇന്ന് നിർബന്ധിതരാകുകയാണ്. കൃഷിയിലാണെങ്കിൽ വിളവില്ല. ബിസിനസിലാണെങ്കിൽ പഴയതുപോലെ പ്രോഫിറ്റ് കിട്ടുന്നില്ല. പെട്ടന്ന് ഒരു അസുഖം വന്നാൽ ചികിൽസയ്ക്ക് ഇന്ന് ലക്ഷങ്ങൾ വേണം. അവർക്ക് സ്വന്തം ജീവനാണ് വലുത്. അതിനുവേണ്ടി എന്തെങ്കിലും ഒരു ചെക്ക് കൊടുത്ത് ഒരു എമൗണ്ട് ആരുടേയെങ്കിലും കയ്യിൽനിന്ന് വാങ്ങിപ്പോയാൽ അതിന് ഇന്ററസ്റ്റ് അവർ കൊടുക്കുന്നുണ്ടാകും. അത് വന്ന് കളക്ട് ചെയ്യാനുള്ള സംവിധാനമുണ്ടാകണം, ചെക്ക് കൊടുത്തവർ പ്രൈവറ്റാണെങ്കിലും മറ്റുള്ള ബാങ്കുകളാണെങ്കിലും അതിനുള്ള സംവിധാനമുണ്ടാകണം, പക്ഷെ അത് വക്കീലും പോലീസും തമ്മിലുള്ള ചെറിയ അണ്ടർസ്റ്റാന്റിങ്ങോടുകൂടി ചെറിയൊരു കേസ് കൊടുത്താൽ വേണ്ടപ്പെട്ട നിലയിൽ സമൻസ് നടത്തുകയോ മറ്റൊന്നും ചെയ്യാതെ പോലീസും വക്കീലും ഒത്തുകളിച്ചുകൊണ്ട് അവസാനത്തെ വർക്കിംഗ് ഡേയിൽ സമൻസ് അയച്ച് പ്രതിക്ക് സമയം നൽകുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തി അത് വാറണ്ടാക്കി മാറ്റുന്ന പ്രവണത വളരെ കൂടുതലായി നടക്കുന്നു. ഈ രൂപത്തിൽ ഒരു ലക്ഷം രൂപയുടെ ചെക്കാണെങ്കിൽ അറസ്റ്റ് ഒഴിവാക്കാൻ പോലീസ്സ്റ്റേഷനിൽനിന്നും ചോദിക്കുന്നത് പതിനായിരം രൂപയാണ്. കോടതികളും അതിനനുകൂലമായി നിൽക്കുന്നു. സമൻസ് നടത്തുന്നത് അറസ്റ്റ് വാറണ്ടായി മാറുന്ന പ്രവണതയുണ്ട്. ബഹുമാനപ്പെട്ട നമ്മുടെ നിയമവകുപ്പു മന്ത്രിയും, ധനകാര്യമന്ത്രിയും ഇടപെട്ട് അത് അവസാനിപ്പിക്കാൻ ആവശ്യമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. ഇത് ജനങ്ങൾക്ക് സ്യൂട്ട് ചെയ്യാൻ അധികാരമുണ്ട്. ചെക്കിന്റെ മേൽ സ്യൂട്ട് ചെയ്യാൻ സുപ്രീം കോടതി അനുവദിച്ചതാണ്. പക്ഷെ അതിന് അതിന്റെതായ സമൻസും മറ്റും നടത്തി സമയം കൊടുക്കാതെ വാറണ്ടാക്കി മാറ്റുന്ന പ്രവണത അവസാനിപ്പിക്കണം. ഇന്ന് ഈ സഭയിൽ ഒരു വാക്കൗട്ട് നടത്തി. എന്തിന്? ജനങ്ങളെ കബളിപ്പിക്കാൻ. ആടിനെ പട്ടിയാക്കുന്നതുപോലുള്ള വാക്കൗട്ടുകൾ ഇനിയെങ്കിലും അവസാനിപ്പിച്ചില്ലെങ്കിൽ നമ്മുടെ നാട് രക്ഷപ്പെടുകയില്ല. 2004 ൽ സ്വാശ്രയ കോളേജ് ബില്ല് പാസാക്കിയാൽ 2002-ലോ 2003-ലോ തുടങ്ങിയ സ്വാശ്രയ കോളേജ് മാനേജുമെൻറിന് അത് ബാധകമാകുന്ന രീതിയിൽ അതിൽ വ്യവസ്ഥ ഇല്ല. അതുകൊണ്ടുതന്നെ 2003 ൽ എഞ്ചിനിയറിംഗിലോ മെഡിസിനോ ചേർന്ന കുട്ടികൾക്ക് ഫീസ് നിർണ്ണയിക്കുന്നത് അന്ന് ഒരു കുട്ടി ചേരുമ്പോൾ എങ്ങനെയാണ് എഗ്രിമെന്റുണ്ടാക്കിയിട്ടുള്ളത് അതനുസരിച്ചുള്ള ഫീസാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി മറുപടി പറഞ്ഞു. ഇതിന് കോടതി തന്നെ മുമ്പ് ഇടപെട്ടതാണ്. 2003-ൽ തുടങ്ങിയ കോളേജുകൾക്കെല്ലാം ഫീസ് നിയന്ത്രിക്കാൻ അന്നുതന്നെ എഗ്രിമെന്റ് ഉണ്ടാക്കി. അതിന്റെയടിസ്ഥാനത്തിലാണ് ആ കുട്ടികൾക്ക് അവിടെ പ്രവേശനം കിട്ടിയത്. അത് ഇപ്പോൾ ഈ സഭയിൽ കൊണ്ടുവന്ന് 2004-ൽ പാസാക്കിയ ഒരു ബില്ലിലെ വ്യവസ്ഥ 2002-ൽ തുടങ്ങിയ കോളേജിന് അത് ബാധകമാണെന്ന നിലയിൽ ഇവിടെ ഒരു വാക്കൗട്ട് നടത്തി. ഇവിടെ നിങ്ങൾ ജനങ്ങളുടെ സമയം വെറുതെ കളഞ്ഞു. ഈ വാക്കൗട്ട് വൃഥാവിലായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട് ഇന്ന് പുരോഗമിക്കണമെന്നുണ്ടെങ്കിൽ, കേരള ഗവൺമെന്റിന്റെ പക്കൽ ഇതുപോലുള്ള കോളേജുകൾ നടത്താനുള്ള പണമില്ലെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ സംവിധാനമുണ്ടാക്കി അത് സംബന്ധിച്ച് നിയമമുണ്ടാക്കി പ്രവർത്തിക്കാൻ തുടങ്ങിയ അവസരത്തിൽ ഏതോ കോളേജിന്റെ കാര്യം പറഞ്ഞ് സഭയുടെ സമയം കളഞ്ഞതിൽ അതിയായ ദുഃഖമുണ്ട്. ഇനിയെങ്കിലും അത് തുടരരുതെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. മൂന്നു വർഷമായി സാമ്പത്തിക മാനേജ്മെന്റിലുണ്ടായിട്ടുള്ള ഗുണപരമായ മാറ്റം നമുക്കിവിടെ ദർശിക്കാൻ കഴിയും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് താറുമാറായ സാമ്പത്തിക മേഖലയെ ഗുണപരമായ നിലയിലേക്ക് മാറ്റുവാൻ കഴിഞ്ഞുവെന്നുള്ളതാണ് കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിനുണ്ടായ നേട്ടമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെ വിൽപ്പന നികുതി പിരിവിന്റെ കാര്യത്തിൽ യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയുമില്ലാത്ത മനോഭാവമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വലിയ മുന്നേറ്റം വിൽപ്പന നികുതി

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് അവലംബിക്കുകയും അതിന്റേതായിട്ടുള്ള വലിയ നേട്ടം സംസ്ഥാനത്തിന്റെ ഖജനാവിന് ഉണ്ടാക്കിക്കൊടുക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. വിൽപ്പന നികുതി പിരിച്ചെടുക്കുന്നതിൽ താൽപ്പര്യം കാണിക്കുന്നതുപോലെതന്നെ സർക്കാരിന്റെ റവന്യൂ ചെലവ് കുറയ്ക്കുന്നതിനുള്ള ഗൗരവമായ നടപടി സ്വീകരിക്കാനായി ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. റവന്യൂ കമ്മിയും, ധന കമ്മിയും കഴിയുന്നത്ര കുറച്ചുകൊണ്ടുവരിക എന്നുള്ളത് ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വമായി സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. സാമ്പത്തിക മാനേജ്മെന്റിൽ അനാരോഗ്യകരമായിട്ടുള്ള പ്രവണത കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആ കാലഘട്ടത്തിൽ ധനകമ്മിയും റവന്യൂ കമ്മിയും കൂടിയിരുന്നതായി പരിശോധിച്ചാൽ മനസ്സിലാകും. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുള്ള കാലഘട്ടങ്ങളിലൊക്കെ സാമ്പത്തിക മേഖലയിൽ അരാജകത്വം നമുക്ക് ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1987 ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ 153 കോടി രൂപ റവന്യൂ കമ്മിയുണ്ടായിരുന്നത് നാലു വർഷം കൊണ്ട് 403 കോടി രൂപ ആയി വർദ്ധിച്ചു. അതിനുശേഷം 1992 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ അധികാരത്തിൽ വന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ റവന്യൂ കമ്മി 402 കോടി രൂപയാക്കി മാറ്റിക്കൊണ്ടുവരികയുണ്ടായി. അധികാരം വിട്ടു പോയ എൽ.ഡി.എഫ് സർക്കാർ നമ്മുടെ സംസ്ഥാനത്തിന് നൽകിയ സാമ്പത്തിക ബാധ്യത 3147 കോടി രൂപയുടെ കമ്മിയായിരുന്നു. ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ധനകാര്യ മാനേജ്മെന്റിലുള്ള എൽ.ഡി.എഫ്.-ന്റെ കെടുകാര്യസ്ഥതയാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ എൽ.ഡി.എഫ്. ഗവൺമന്റിന്റെ ഭരണകാലത്തിൽനിന്ന് വ്യത്യസ്തമായി വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന് വളരെ ശക്തമായനിലയിൽ നിലവിലുള്ള സാമ്പത്തിക മാനേജ്മെന്റിനെ നിയന്ത്രിക്കുവാൻ കഴിയുന്നുവെന്നുള്ളത് വളരെ നല്ലനിലയിലുള്ള ഗവൺമെന്റിന്റെ കാര്യക്ഷമതയെ കാണിക്കുകയാണ്. ഈ ഗവൺമെന്റ് എല്ലാത്തരത്തിലും വികസനപരമാകുന്ന മുന്നേറ്റങ്ങൾ നടത്തുമ്പോൾ, നല്ല പാതയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ ശ്രമിക്കുമ്പോൾ ഇടതുപക്ഷ സുഹൃത്തുക്കൾ മറ്റു പലതും വിസ്മരിച്ച് നാടിന്റെ പുരോഗതിക്കുവേണ്ടി സഹകരിക്കുകയാണ് വേണ്ടത് എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. എൽ.ഡി.എഫ്.-ന്റെ സഹകരണം കൊടുക്കേണ്ട സന്ദർഭത്തിൽ അത് കൊടുക്കാതിരുന്നാൽ നമുക്ക് നമ്മുടെ ജനതയോട് ഒരിക്കലും മറുപടി പറയാൻ കഴിയില്ല. കാലം ഓരോ ദിവസവും മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

കാലചക്രത്തിന്റെ മുന്നോട്ടുള്ള പോക്കിൽ വികസനത്തിന്റെ കാര്യത്തിൽ നമ്മുടെ മലയാളക്കര പിന്നോട്ട് പോയാൽ കാലം നമുക്ക് മാപ്പുതരില്ല. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന പല ധനകാര്യ സ്ഥാപനങ്ങളും പ്രത്യേകിച്ച് ഷെഡ്യൂൾഡ് ബാങ്കുകൾ ഉൾപ്പെടെ പല ബാങ്കുകളും വായ്പ നൽകുന്ന കാര്യത്തിൽ പല പരസ്യങ്ങളും നൽകുന്നുണ്ടെങ്കിൽപ്പോലും സാധാരണക്കാരായ ആളുകൾ വായ്പ എടുക്കാൻ വേണ്ടി ബാങ്കുകളിൽ ചെല്ലുമ്പോൾ വായ്പ എടുക്കാൻ പറ്റാത്ത തരത്തിലുള്ള വളരെ ശക്തമായ നിർദ്ദേശങ്ങളും കാര്യങ്ങളുമൊക്കെ പലപ്പോഴും പറയുകയാണ്. പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ലോൺ കൊടുക്കുന്നു എന്ന് പല ബാങ്കുകളും പരസ്യത്തിലൂടെ പറയുന്നുണ്ടെങ്കിലും ലോണിനു വേണ്ടി പാവപ്പെട്ട കുട്ടികൾ ചെല്ലുമ്പോൾ കിട്ടാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഗവൺമെന്റ് വളരെ ഗൗരവമായി ഇക്കാര്യം എടുത്തുകൊണ്ട് പരസ്യത്തിലൂടെ കുട്ടികൾക്ക് പ്രതീക്ഷ നൽകിയിട്ട് അവിടെ ചെല്ലുമ്പോൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും നിരാശയുണ്ടാക്കുന്ന സാഹചര്യം നമ്മുടെ കേരളത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഷെഡ്യൂൾഡ് ബാങ്കുകൾ അവലംബിക്കുന്നത് ഗവൺമെന്റ് നോക്കിയിരിക്കുന്നത് ശരിയല്ല. ആ നിലയിൽ ഗൗരവമായി എടുത്തുകൊണ്ട് ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കണം. അതുപോലെ തന്നെ സർക്കാർ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ ശക്തമായ നടപടികൾ നമ്മുടെ ഗവൺമെന്റ് ഭാഗത്തുനിന്ന് എടുക്കേണ്ടത് ആവശ്യമാണ്. ജോലിയെടുത്തുകൊണ്ട് ശമ്പളം വാങ്ങുന്ന സംസ്കാരം വേണ്ടത്ര നിലയിൽ നമ്മുടെ ജീവനക്കാർക്ക് ഇല്ല. ആ നിലയിലുള്ള വികാരം ഉണ്ടാക്കിക്കൊടുക്കാൻ ഏതൊക്കെ തരത്തിലുള്ള മാർഗ്ഗങ്ങൾ അവലംബിക്കാമോ ആ തരത്തിലുള്ള മാർഗ്ഗങ്ങളൊക്കെ അവലംബിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കുറേ ചെറുപ്പക്കാർക്ക് ജോലി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എങ്കിൽപ്പോലും ഇപ്പോഴും ലക്ഷക്കണക്കിന് ചെറുപ്പക്കാർ തൊഴിലിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് കാത്തു നിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെയൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്തിന് ഒരിക്കലും ഭൂഷണമല്ല. പ്രത്യേകിച്ച് കുറേ നാളുകളായി കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ, പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടും ആ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്നുണ്ടെങ്കിൽ ഓരോ വകുപ്പിലും ഉണ്ടാകുന്ന വേക്കൻസി സംബന്ധിച്ച് അറിയണം. പല സ്ഥലങ്ങളിലും പല ഡിപ്പാർട്ടുമെന്റിലെ തലവൻമാരും പല പ്രാവശ്യം ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടും ആ ഡിപ്പാർട്ടുമെന്റിലെ ഒഴിവുകളെ സംബന്ധിച്ച് ശരിയായി റിപ്പോർട്ട് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പല സ്ഥലങ്ങളിലും ഭാഗികമായ റിപ്പോർട്ടുകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. എന്റെ ജില്ലയായ തൃശൂരിൽ എൽ.ഡി.ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ട് ആറ് മാസമായി. ഈ ആറു മാസമായിട്ടും പല തവണ ആവശ്യപ്പെട്ടിട്ടും ഒരു സ്ഥലത്തെ ഡിപ്പാർട്ടുമെന്റും വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നില്ല. പ്രത്യേകിച്ച് കഴിഞ്ഞ ഡി.ഡി.സി.-യിൽ ഇതു സംബന്ധിച്ച് പല നിർദ്ദേശങ്ങളും ഉണ്ടായി. പല ഡിപ്പാർട്ടുമെന്റുകളും ആ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിട്ടുള്ള വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ തയ്യാറാകുന്നില്ല എന്നുള്ളത് ഗുരുതരമായി കാണാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പി.എസ്.സി.യെ സംബന്ധിച്ചിടത്തോളം അവിടെ നടന്നുകൊണ്ടിരിക്കുന്ന ചില ക്രൂരമായ സമീപനങ്ങൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ സാധ്യമല്ല. പി.എസ്.സി.യിലേയ്ക്ക് ചെല്ലുന്ന പല ആളുകൾക്കും പല ബുദ്ധിമുട്ടുകളും ഉണ്ടാവുകയാണ്. കാലാവധി കഴിയുന്ന റാങ്ക് ലിസ്റ്റുകൾ പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഗവൺമെന്റ് നീട്ടിക്കൊടുക്കാൻ തയ്യാറാകുമ്പോൾ അതുമായി പി.എസ്.സി. ഓഫീസിൽ ചെല്ലുന്ന ആൾക്കാരോട് വളരെ ക്രൂരമായി പെരുമാറുകയാണ്. ഒരു അനുഭവം ഞാൻ പറയാം. വനിതാ പോലീസിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കി. അതിന്റെ കാലാവധി കഴിഞ്ഞു. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകി. ഈ നിർദ്ദേശം പാലിക്കാത്തതുകൊണ്ട് കുറേ സഹോദരിമാർ പി.എസ്.സി. ഓഫീസിലേയ്ക്ക് പോകുകയുണ്ടായി. പി.എസ്.സി. ഓഫീസിൽ ചെന്ന ആ സഹോദരിമാരോട് പി.എസ്.സി.യിൽ ഇരിക്കുന്ന ചെയർമാൻ ഉൾപ്പെടെയുള്ള ചില മെമ്പർമാർ നിർദ്ദയമായി, ക്രൂരമായി പെരുമാറുകയും നിങ്ങൾക്ക് ഒരു കാര്യവും ചെയ്തു തരാൻ ഞങ്ങൾ തയ്യാറല്ല , നിങ്ങൾ പോകണമെന്നു പറഞ്ഞുകൊണ്ട് ആ സഹോദരിമാരെ ഗെറ്റ്ഔട്ട് അടിക്കുകയും ചെയ്തു.

<u>ശ്രീ. കെ. കെ. ഷാജു</u> : നമ്മുടെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അവരുടെ കാലാവധി തീരുന്നതിനു മുമ്പുതന്നെ ഗവൺമെന്റിനോട് കാലാവധി ദീർഘിപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെന്റ് അതനുസരിച്ച് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുക്കാൻ പി.എസ്.സി.യോട് ശുപാർശ ചെയ്തു. പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ട് നൽകാതെ അവർ ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയുന്നതുവരെ കാത്തിരിക്കുകയും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചപ്പോൾ സമരം ചെയ്യാൻ പി.എസ്.സി യുടെ മുമ്പിൽ ചെന്ന ആളുകളെ പി.എസ്.സി. ഡീബാർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു എന്നുള്ള വിവരം അങ്ങയ്ക്ക് അറിയാമോ?

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ഞാൻ അതുതന്നെയാണ് സൂചിപ്പിച്ചത്. ആ സഹോദരിമാരെ ഗെറ്റ് ഔട്ട് അടിച്ചതിനുശേഷം അവർ അവസാനം ഗവൺമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമീപിച്ച് എങ്ങനെയെങ്കിലും ജോലി ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടു. അവർ സെക്രട്ടേറിയറ്റ് പടിക്കൽ പോയി ധർണ്ണ നടത്തി. പി.എസ്.സി.യുടെ നിലപാട് ശരിയല്ല ഇത് നിർത്തണമെന്ന് ആവശ്യപ്പെട്ടു. ശ്രീ. ഷാജു പറഞ്ഞതുപോലെ അവർ മേലാൽ ജോലിക്ക് അപേക്ഷിക്കാൻ അർഹരല്ല എന്നു പറഞ്ഞ് ഡീബാർ ചെയ്ത സംഭവമാണ് കേരളത്തിൽ ഉണ്ടായത്. അവർ കരഞ്ഞുകൊണ്ട് പോകുന്ന കാഴ്ച ഞാൻ കണ്ടതാണ്. അവരെ സംബന്ധിച്ചിടത്തോളം മനസിലാക്കാൻ കഴിഞ്ഞത് കല്യാണം കഴിക്കാതെ, കാരണം കല്യാണം കഴിയുകയും പ്രസവിക്കുകയും ചെയ്താൽ ശാരീരികമായി വിഷമങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് ഈ ജോലി ലഭിക്കാൻ വേണ്ടി, ശാരീരിക ക്ഷമത ഉണ്ടാക്കാൻ വേണ്ടി കാത്തിരുന്ന സഹോദരിമാരുടെ കണ്ണുനീർ കേരളത്തിന്റെ മണ്ണിൽ വീഴുന്നത് പി.എസ്.സി. ചെയർമാൻ ഉൾപ്പെടെയുള്ള ആളുകളുടെ ക്രൂരമായ നടപടിമൂലമാണ് എന്നുള്ളത് നാം വിസ്മരിക്കാൻ പാടില്ല. ഇത് മോശമാണ്. ഞാൻ ഒരു വാക്ക് ഓർത്തു പോകുകയാണ്. മഹാഭാരതത്തിലെ ''അരേ ദുരാചാര നൃശംസകംസാ പരാക്രമം സ്ത്രീകളോടല്ല വേണ്ടൂ'' എത്രയോ ക്രൂരമാണ്. സഹോദരിമാരോട് ഇത് ചെയ്യാമോ? ഇത് ചെയ്യുന്ന ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്താൻ മനുഷ്യ ഹൃദയമുള്ള, നല്ല നിലയിൽ മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന് കഴിയണം എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : പി.എസ്.സി. ഉദ്യോഗാർത്ഥികൾ അവിടെ ചെല്ലുമ്പോഴുണ്ടായ അനുഭവം തീർച്ചയായും പരിശോധിക്കണം. പക്ഷേ ഈ നിയമസഭയിലെ ബഹുമാന്യനായ, കേരളാ കോൺഗ്രസിലെ ഒരു ഉയർന്ന നേതാവായ അങ്ങയെ ഇടപ്പള്ളി ദേവാലയത്തിൽ കുടുംബാംഗങ്ങളുമൊന്നിച്ച് പോയപ്പോൾ ഒരു എസ്.ഐ.യും ഹെഡ് കോൺസ്റ്റബിളും കൈകാര്യം ചെയ്തതിന് വല്ല നടപടിയും ഉണ്ടായോ?

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: എന്റെ ദുഃഖത്തിൽ അങ്ങ് പങ്ക് ചേർന്നതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. അതുസംബന്ധിച്ച് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത് അങ്ങനെ നിയമം വിട്ട് പെരുമാറിയ പോലീസ് എസ്.ഐയേയും കോൺസ്റ്റബിളിനേയും സസ്പെൻഡ് ചെയ്തിട്ടുണ്ട് എന്നാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സ്വകാര്യ കോളേജുകളിലെ അനധ്യാപകർ, പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതുമൂലം അനധ്യാപകർക്കുണ്ടായ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്ന് കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു.

<u>പ്രൊഫ. എ. ഡി. മുസ്തഫ</u> : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തെ യു.ഡി.എഫ്.

ഗവൺമെന്റിന്റെ സാമ്പത്തിക രംഗത്തെ വളർച്ച പൂർണ്ണമായും തൃപ്തികരമല്ല എങ്കിൽപ്പോലും ഒരു ഓൺവേർഡ് ട്രെൻഡ് കാണിക്കുന്നു എന്നുള്ളത് വളരെ ശുഭസൂചകമാണെന്ന് സൂചിപ്പിക്കട്ടെ. വളരെ അഭിമാനത്തോടുകൂടി സൂചിപ്പിക്കുന്നത് ഇന്ന് പഠിക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാവർക്കും പഠിക്കാനുള്ള സൗകര്യം കേരളത്തിലുണ്ടെന്നുള്ളതാണ്. പഠിക്കാനുള്ള സന്ദർഭം ലഭിക്കാൻ വേണ്ടി സാമ്പത്തിക പരാധീനതമൂലം നമ്മൾ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളെ ആശ്രയിക്കേണ്ട ഒരു സാഹചര്യം വന്നുവെന്ന് നമുക്കറിയാം. വ്യക്തിപരമായി ഞാൻ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനെ അനുകൂലിക്കുന്ന ഒരാളല്ല. പക്ഷെ, ഇന്നത്തെ Highly Devoloped ടെക്നോളജിയുടെ കാലഘട്ടത്തിൽ ശാസ്ത്ര സാങ്കേതിക ലോകത്ത് ആവശ്യമായ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്ക് സ്വന്തമായി സ്ഥാപിക്കാൻ ആണ് ഈ സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഇവിടെ ആരംഭം കുറിക്കേണ്ടി വന്നത്. മുമ്പുള്ള വർഷങ്ങളിലൊക്കെ ലക്ഷക്കണക്കിന് രൂപ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുത്തുകൊണ്ടാണ് നമ്മുടെ കുട്ടികൾ പഠിച്ചതെങ്കിൽ ഇന്ന് അതിൽ കുറഞ്ഞ കാശ്കൊണ്ടുതന്നെ ഇവിടെ പഠിക്കാനുള്ള സൗകര്യമുണ്ട്. മാത്രമല്ല സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസാക്കെ 50 ശതമാനം കുട്ടികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കുന്നുവെന്നത് രണ്ട് സ്വാശ്രയ കോളേജുകൾ ഒരു ഗവണ്മെന്റ് കോളേജിനു തുല്യമായി മാറിക്കഴിഞ്ഞു. പ്ലസ് ടു-ന്റെ കാര്യത്തിലും ഗവണ്മെന്റ് വളരെ നല്ല നയം സ്വീകരിച്ചു. പുതിയ പ്ലസ് ടു അനുവദിച്ചപ്പോൾ സർക്കാർ സ്കൂളുകൾക്കുമാത്രം നൽകുകയും ചെയ്തു. ആ നീക്കത്തെ ഞാൻ പൂർണ്ണമായും പിൻതുണയ്ക്കുകയാണ്. ഒൻപതിനായിരത്തോളം അധ്യാപകരുടെ നിയമനത്തിന് അപ്രൂവൽ നൽകി. പക്ഷെ, ഇന്ന് ഒരു വസ്തുത ബാക്കി നിൽക്കുന്നത് എൽ.ഡി.എഫ്-ന്റെ കാലത്ത് നിയമിച്ച ലാബ് ടെക്നീഷ്യന്മാർ.....

<u>ശ്രീ. കെ. സി. ജോസഫ്:</u> മലയോര മേഖലയിൽ സർക്കാരിന്റെ സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്വകാര്യ മേഖലയ്ക്കു കൊടുത്തില്ലായെങ്കിൽ നമ്മുടെ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാതെയാകും. അത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

<u>പ്രൊഫ. എ. ഡി. മുസ്തഫ:</u> ആ കാര്യത്തിലേയ്ക്ക് ഞാൻ കടന്നുവരികയാണ്. സ്കൂളിൽ അപ്പോയിന്റ് ചെയ്ത ലാബ് ടെക്നിഷ്യന്മാരുടെ കാര്യം പറയട്ടെ. ഇന്നത്തെ മാതൃഭൂമിയിലും അതിനെക്കുറിച്ച് വാർത്തയുണ്ട്. ഇന്ന് അവർക്ക് ശമ്പളം മുടങ്ങിക്കിടക്കുന്ന വസ്തുത ഓർമ്മപ്പെടുത്തുകയാണ്. ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ച വസ്തുതയെക്കുറിച്ച് ഞാൻ ഡിമാന്റ് ചർച്ചയിൽ സൂചിപ്പിച്ചതായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽപെട്ട രണ്ടു ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളായ പായവും, അയ്യക്കുന്നും അവിടെ സർക്കാർ സ്കൂളുകൾ ഇല്ലാത്തതുകൊണ്ട് അവിടെ പ്ലസ് ടു ഇല്ല. നമ്മൾ ഒരു തീരുമാനമെടുത്തിരുന്നു. എല്ലാ പഞ്ചായത്തുകളിലും ഒരു പ്ലസ് ടു സ്കൂളെങ്കിലും നൽകുമെന്ന്. ആ തീരുമാനത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂളിലെങ്കിലും പ്ലസ് ടു അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന മറ്റൊരു മേഖലയാണ് തൊഴിലില്ലായ്മ. അഭ്യസ്ത വിദ്യരായ ലക്ഷക്കണക്കിന് ചെറുപ്പക്കാരാണ് തെരുവ് തെണ്ടുന്നത്. ഏത് ഗവണ്മെന്റ് വന്നാലും അവർക്ക് മനോഹരമായ വാഗ്ദാനങ്ങൾ നൽകുമെന്നുള്ളതല്ലാതെ കാര്യമായ ഒരു സംവിധാനവും നടത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നാം ഓർക്കണം. വ്യവസായത്തിനും പരമ്പരാഗത തൊഴിൽ മേഖലകൾക്കും എല്ലാം ആവശ്യമായ പ്രാതിനിധ്യവും പ്രാമുഖ്യവും നൽകണം. ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ള രംഗമാണ് ടൂറിസം മേഖല. ടൂറിസത്തിൽ അനന്തമായ സാദ്ധ്യതകളുണ്ട്. പരമ്പരാഗത വ്യവസായത്തെ പ്രോൽസാഹിപ്പിക്കണം. കാരണം വർഷങ്ങളായി കുലത്തൊഴിലായി സ്വീകരിച്ച, മറ്റൊന്നും അറിയാത്ത ആളുകൾക്ക് അവരുടെ ജീവിതോപാധിയാണ് അവരുടെ കുലത്തൊഴിലുകൾ. അവയെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം തന്നെ അതിന്റെയൊക്കെ പ്രോസ്പെക്ടസ്, അതിന്റെയൊക്കെ ഫ്യൂച്ചർ ഒക്കെ നമുക്കേവർക്കും അറിയാവുന്നതാണ്. ഒരു നെയ്ത്ത് തൊഴിലാളിയും തന്റെ മകൻ നെയ്ത്ത് തൊഴിലാളിയാകാൻ ആഗ്രഹിക്കുകയില്ല. ഒരു തെങ്ങ് കയറ്റ തൊഴിലാളിയും തന്റെ മകൻ തെങ്ങുകയറ്റ തൊഴിലാളിയാകാൻ ആഗ്രഹിക്കുകയില്ല. അപ്പോൾ സ്വാഭാവികമായും പരമ്പരാഗതമായി വർഷങ്ങളായി കുലത്തൊഴിൽ ആയി സ്വീകരിച്ച തൊഴിലിനെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും അനന്ത സാദ്ധ്യതയുള്ള ടൂറിസം രംഗത്തേയും പ്രോൽസാഹിപ്പിക്കണം. വ്യവസായരംഗത്ത് ആവശ്യമായ മുൻകരുതലുകൾ ഈ ഗവണ്മെന്റ് ചെയ്തിട്ടുണ്ട്. 'ജിം' നമ്മൾ ഉദ്ദേശിച്ച രൂപത്തിൽ കാര്യങ്ങൾ മുന്നോട്ടു പോയില്ല എങ്കിൽപ്പോലും കുറേയൊക്കെ നേട്ടമുണ്ടാക്കാൻ സാധിച്ചു. ടൂറിസം മേഖലയെ ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. ഇത്ര മനോഹരമായ ഒരു പരിസ്ഥിതി, അതിന്റെ അനന്ത സാദ്ധ്യതകൾ കണക്കിലെടുത്തുകൊണ്ട് ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കാനുള്ള മേഖല എന്ന നിലയിൽ ഇതിന് ആവശ്യമായ ഗൗരവം നൽകണം. ഇവിടെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയം കൃഷിയാണ്. ആത്മഹത്യയെക്കുറിച്ചുള്ള ചർച്ച എല്ലാ ദിവസവും ഈ സഭയിൽ കടന്നു വന്നിട്ടുള്ളതാണ്. കൃഷിയെക്കുറിച്ച് പറയുമ്പോൾ....എന്റെ പ്രദേശത്ത് റബ്ബർ, നാളികേരം, കശുവണ്ടി ഇവയ്ക്കാക്കെ നല്ല വില ലഭിച്ചുവെങ്കിലും കാപ്പി, തേയില, നെല്ല്, ഇതിനൊക്കെ വമ്പിച്ച വിലയിടിവുണ്ടായി. അതുകൊണ്ടുണ്ടായ കർഷകരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസങ്ങളൊക്കെ ഓർക്കണം. ചില കാർഷിക രംഗങ്ങളിലൊക്കെ പ്രത്യേകിച്ച് റബ്ബർ, നാളികേരം, കശുവണ്ടി എന്നീ മേഖലകളിലൊക്കെ കാർഷിക ഉൽപ്പങ്ങൾക്ക് നല്ല വില ലഭിച്ചുവെന്നുള്ളത് ഏറ്റവുമധികം ചാരിതാർത്ഥ്യജനകമാണ്. കർഷകരെ മറന്നുകൊണ്ടുള്ള ഒരു - സംവിധാനവും ഈ സംസ്ഥാനത്ത് നടക്കുകയില്ല. അതുകൊണ്ടുതന്നെ ഏറ്റവുമധികം പ്രാമുഖ്യം കർഷക സുഹൃത്തുക്കൾക്കു കൊടുത്ത് അവരുടെ പ്രയാസങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുകയാണ്. ഈ സർക്കാർ ജനകീയമാകണമെങ്കിൽ, ഈ സർക്കാർ സാധാരണക്കാരന്റെ സർക്കാരായി മാറണമെങ്കിൽ, നാലു തലങ്ങൾക്ക് ആവശ്യമായ മുൻഗണന നൽകണം. ഒന്ന്, വിദ്യാഭ്യാസ കാര്യം. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളായ പ്രൊഫഷണൽ എൻജിനിയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും വരുന്നതിനോടൊപ്പംതന്നെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിലും നാം പരമ പ്രാധാന്യം നൽകണം. ഈ ഗവണ്മെന്റിന്റെ ഏറ്റവും വലിയ നേട്ടം പബ്ലിക് ഒപ്പീനിയനനുസരിച്ച് കാര്യങ്ങൾ നീക്കാൻ തയ്യാറുള്ള ഒരു സർക്കാരാണ്, ഒരു പിടിവാശിയില്ലാത്ത സർക്കാരാണ് എന്നുള്ളതാണ്. നമ്മൾ ആദ്യം കടന്നു വന്നപ്പോൾ ഇക്കണോമിക് സ്കൂൾ, അൺ ഇക്കണോമിക് സ്കൂൾ എന്ന തെറ്റായ പ്രയോഗം നടത്തിയിരുന്നു. ഏതായാലും അത് മാറ്റി. പ്രത്യേകിച്ച് സർക്കാർ സ്ഥാപനങ്ങളടക്കമുള്ള പ്രൈമറി സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയില്ല എന്ന ഒരു തീരുമാനമെടുത്തത് തികച്ചും നല്ലൊരു കാര്യമാണ്. മറ്റൊന്ന് പ്രൈമറി ഹെൽത്ത് സെന്ററുകളാണ്. എത്ര വലിയ മെഡിക്കൽ കോളേജുകളും ആശുപത്രികളും വന്നാലും സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവന്റെ ആരോഗ്യമെന്നു പറയുന്നത് പ്രൈമറി ഹെൽത്ത് സെന്ററുകളാണ്. പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മോശമല്ലായെങ്കിൽപ്പോലും അവിടെ ഡോക്ടർമാരുടെ ക്ഷാമംകൊണ്ട് പ്രയാസമനുഭവപ്പെടുകയാണ്. ഏതായാലും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ആവശ്യമായ ഡോക്ടർമാരെ നിയമിക്കാൻ തീരുമാനമെടുത്തതിലും എം.പി.മാരുടേയും എം.എൽ.എ.മാരുടേയും ഫണ്ട് ഉപയോഗിച്ച്, നിർമ്മിച്ച ആശുപത്രി കെട്ടിടങ്ങൾ ഐ.പി.യായി മാറ്റാൻ വേണ്ട നടപടി സ്വീകരിച്ചതിലും സന്തോഷമുണ്ട്. സിവിൽ സപ്ലൈസ് ആണ് ജനങ്ങൾ ആഗ്രഹിക്കുന്ന മറ്റൊരു കാര്യം. റേഷൻ ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്നൊക്കെ നിത്യോപയോഗ സാധനങ്ങൾ സുഗമമായി ലഭ്യമാക്കുന്നു. മാത്രമല്ല മോശമല്ലാത്ത രൂപത്തിൽ കാര്യങ്ങൾ നീക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നതും ഇവിടെ സൂചിപ്പിക്കുകയാണ്, ഈ കാര്യങ്ങളെക്കുറിച്ചൊക്കെ നിഷ്പക്ഷമായി വിലയിരുത്തുകയാണെങ്കിൽ കഴിഞ്ഞ മൂന്നു വർഷക്കാലത്ത് ജനങ്ങളുടെ വികാരങ്ങൾക്കനുസരിച്ച് ഈ ഗവണ്മെന്റ് മുന്നോട്ടു പോയതിന്റെ റിസൽറ്റ് കാണുന്നു എന്ന കാര്യത്തിൽ സംശയമില്ല എന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി പിൻതാങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, ധനവിനിയോഗത്തിന് ചോദിക്കാൻ അർഹത നഷ്ടപ്പെട്ട ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. കാരണം ഇവിടെ ആദ്യം ഈ ചർച്ച തുടങ്ങിയ ശ്രീ. രാജൻ പറഞ്ഞു, എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ 23000 കോടി രൂപയുടെ അധികബാധ്യത വരുത്തിയെന്ന്. ഇത് പറഞ്ഞുകൊണ്ടാണ് യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ ഏറിയത്. ഇപ്പോൾ മൂന്നു വർഷം കഴിഞ്ഞു. ഏകദേശം 40,000 കോടി രൂപയുടെ ബാദ്ധ്യതയാണുള്ളത്. രണ്ടു വർഷംകൂടി കഴിയുമ്പോൾ ഇത് ഏകദേശം 50,000 കോടി രൂപയിലെത്തും. ആർക്ക്, എന്ത് ചെയ്തു? അഞ്ച് വർഷംകൊണ്ട് ഞങ്ങൾ 23,000 കോടി രൂപയുടെ കട ബാദ്ധ്യതയുണ്ടാക്കിയിട്ടുണ്ടെങ്കിൽ അഞ്ച് വർഷംകൊണ്ട് ഈ സംസ്ഥാനത്തെ സാധാരണക്കാരനെ സംരക്ഷിച്ചു കൊണ്ടാണ് കടബാദ്ധ്യതയുണ്ടാക്കിയത്. മൂന്ന് വർഷംകൊണ്ട് ഇത്രമാത്രം ബാദ്ധ്യത ഉണ്ടാകാൻ കാരണം ഇവിടത്തെ അധിക ചെലവാണ്, ദുഷ്ചെലവാണ്. ആ ചെലവാണ് ആകെയുണ്ടായത്. ഇവിടെ കൃഷിക്കാരെ രക്ഷിക്കുന്നില്ല, കൃഷിക്കാർ ആത്മഹത്യ ചെയ്യുകയാണ്. ഇന്ന് ഇവിടെ ശ്രീ. മുസ്തഫ പറഞ്ഞതുപോലെ കൃഷിക്കാർ ആത്മഹത്യ ചെയ്യുമ്പോൾ കടം എഴുതി തള്ളണമെന്ന് പറഞ്ഞുകൊണ്ട് കേന്ദ്ര സർക്കാരിലേയ്ക്ക് സർക്കാർ സമ്മർദ്ദം ചെലുത്തണം. എന്തുകൊണ്ട് ഈ സർക്കാരിന് അത് ചെയ്തുകൂടാ? സംസ്ഥാന സർക്കാർ അതിനുള്ള നടപടി സ്വീകരിക്കണം. കൈത്തറി, ഖാദി, തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, അസംഘടിത മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ ഇവർക്കെല്ലാം ഒന്നും ചെയ്യാൻ കഴിയാത്ത സർക്കാരായിട്ട് ഈ സർക്കാർ മാറിയിരിക്കുകയാണ്. കൃഷിയെ സംബന്ധിച്ചിടത്തോളം കൃഷി ചെയ്യണമെങ്കിൽ ജലത്തിന്റെ ആവശ്യമുണ്ട്. ചെറുകിട കർഷകർക്ക്, ചെറുകിട ജലസേചന പദ്ധതികൾ പല പ്രദേശങ്ങളിലുമുണ്ടായിരുന്നു. അത് ഇന്നില്ല. അതിന് ഫണ്ട് പോലുമില്ല. മൈനർ ഇറിഗേഷനിൽ ഒരു ഫണ്ട്പോലും നീക്കി വച്ചില്ല. അത് എവിടെ കിടക്കുന്നുവെന്നുപോലും അറിയില്ല. ആ ഫണ്ട് കൂട്ടണം. അത് കൂട്ടിയാൽ മാത്രമേ സാധാരണക്കാരായ ഗ്രാമ പ്രദേശങ്ങളിലെ ചെറുകിട കൃഷിക്കാർക്ക് ശരിക്ക് കൃഷി ചെയ്യാൻ സാധിക്കൂ. ഒന്നും, രണ്ടും, മൂന്നും കൃഷി ചെയ്തവർക്ക് ഇപ്പോൾ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. വെള്ളം അതിന്റെ രീതിയിൽ എത്തിക്കാൻ കഴിയാത്തതുകൊണ്ട് കൃഷി ചെയ്യാൻ കഴിയുകയില്ല. 1,600 കോടി രൂപ ഓണത്തിനു മുമ്പ് ഇവിടെ കിട്ടണമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഇത് എങ്ങനെ കിട്ടും, എവിടെ നിന്ന് കിട്ടും അത് ആലോചിക്കണം. കടംവാങ്ങിക്കൊണ്ട് മൂന്നുവർഷം നമുക്ക് അധിക ബാദ്ധ്യതയുണ്ടായിരിക്കുകയാണ്. ഇനിയും കടം വാങ്ങി ചെലവഴിക്കാൻ മാത്രമേ നമുക്ക് വീണ്ടും സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ധനവിനിയോഗത്തിന് ചോദിക്കാൻ അർഹത നഷ്ടപ്പെട്ടിരിക്കുകയാണെന്ന്. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി എതിർക്കുന്നു, ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയാകെ താറുമാറാക്കിക്കൊണ്ട് ആന കരിമ്പിൻകാട്ടിൽ ഇറങ്ങിയതുപോലെയുള്ള സാമ്പത്തിക തകർച്ച നേരിട്ട സാഹചര്യത്തിലാണ് മൂന്നുവർഷക്കാലത്തിന് മുമ്പ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തിന്റെ ഭരണം ഏറ്റെടുത്തത്. മൂന്ന് വർഷക്കാലത്തെ ഭരണത്തിനിടയിൽ വലിയ അത്ഭുതങ്ങളൊന്നും സൃഷ്ടിക്കുവാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും ശരിയായ ദിശയിലൂടെ സംസ്ഥാനത്തിന്റെ ധനകാര്യ മാനേജുമെന്റ് മുന്നോട്ടുപോയി. ഈ സംസ്ഥാനത്ത് കോടിക്കണക്കിന് രൂപയുടെ ബാധ്യത ഉണ്ടായിരുന്നത് ഒരുപരിധിവരെ കൊടുത്തുതീർത്തുകൊണ്ട് ഒരു മെച്ചപ്പെട്ട സംവിധാനത്തിലൂടെ സർക്കാരിനെ മുന്നോട്ടുനയിക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് കഴിഞ്ഞു എന്നത് ഏറെ സന്തോഷമുള്ള കാര്യമാണ്. ഇത്ര മാത്രം സാമ്പത്തിക പ്രതിസന്ധിയും പ്രയാസവും ഉണ്ടായിട്ടുകൂടി നമ്മുടെ നാട്ടിലെ പാവപ്പെട്ട സാധാരണക്കാരായ ജനവിഭാഗങ്ങളുടെ ക്ഷേമ പെൻഷൻ അടക്കമുള്ള കാര്യങ്ങൾ കൃത്യനിഷ്ഠയോടെ പൂർണ്ണമായിട്ടല്ലെങ്കിലും ഒരു പരിധിവരെ കൊടുക്കുവാൻ കഴിഞ്ഞുവെന്നത് നമുക്കറിയാം. ഇവിടെ സംഘടിത വിഭാഗങ്ങളുടെ ആനുകൂല്യങ്ങളുടെ പ്രശ്നമാണ് എപ്പോഴുമുള്ളത്. സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷനൊക്കെ ഒരു സാഹചര്യത്തിൽ നിർത്തിവയ്ക്കേണ്ടിവന്നു. അത് സംഭവിച്ചത് സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലമാണ്. സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ മാറ്റിയെടുത്തുകൊണ്ട് അതൊക്കെ തിരിച്ചുകൊടുക്കുന്ന ഒരു മാന്യമായ സമീപനം ഗവൺമെന്റ് സ്വീകരിച്ചുവെന്നത് നമുക്കറിയാം. ഈ നാടിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ആക്കംകൂട്ടുന്ന, മുതൽകൂട്ടുന്ന കാർഷിക മേഖലയിലെ കൃഷിക്കാരെ പലപ്പോഴും ഇത്തരം ഘട്ടത്തിൽ മറന്നുപോകുന്ന സാഹചര്യം ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ആ ഒരു സാഹചര്യം ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ കാർഷിക മേഖലയെ ഇന്നത്തെ സ്ഥിതിയിലേയ്ക്ക് കൊണ്ടെത്തിക്കും. പ്രത്യേകിച്ച് വയനാട് ജില്ലയിലെ പ്രശ്നം. ഇപ്പോൾ കുറേ ദിവസങ്ങളായി നമ്മൾ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ്. നിയമസഭയിൽ പ്രതിപക്ഷ-ഭരണപക്ഷ വിഭാഗങ്ങളൊക്കെ ചർച്ച ചെയ്യുന്ന വിഷയമാണ്. വയനാട് ജില്ലയിൽ കഴിഞ്ഞ ആറേഴ് വർഷക്കാലമായി കാർഷിക വിളയ്ക്കുണ്ടായ, തകർച്ചയും കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയുംകൊണ്ട് കൃഷിക്കാർ ഇന്ന് വളരെ പ്രതിസന്ധിയും പ്രയാസവും ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്. കഴിഞ്ഞ അഞ്ചാറ് വർഷമായി സ്ഥിരമായി കാർഷികോൽപ്പന്നങ്ങൾക്കുണ്ടായിട്ടുള്ള വിലത്തകർച്ച കൃഷിക്കാരെ ആത്മഹത്യയിലേയ്ക്ക് നയിച്ചിരിക്കുകയാണ്. തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ബ്ളേഡ് കമ്പനികളിൽനിന്നും കടംവാങ്ങിയത് കൃഷിയിൽനിന്ന് കാര്യമായി വരുമാനം കിട്ടുമ്പോൾ യഥാസമയം തിരിച്ചടയ്ക്കാമെന്നുള്ള ഉദ്ദേശ്യത്തോടെയാണ്. കാർഷിക വിളകളുടെ വിലത്തകർച്ചയും, രൂക്ഷമായ വരൾച്ചയും മൂലം കാർഷികവിളകൾ ഉണങ്ങി നശിച്ച സാഹചര്യത്തിൽ ഈ തുക യഥാസമയം തിരിച്ചടയ്ക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടായി. അത്തരം സാഹചര്യത്തിൽ അവർക്ക് പിടിച്ചുനിൽക്കുവാൻ കഴിയാതെ

ആത്മഹത്യ ചെയ്യുന്ന ഒരു സ്ഥിതിയാണ് വയനാട് ജില്ലയിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചുവെന്നത് ഞാൻ വിസ്മരിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഗവൺമെന്റ് കർഷകരെ സഹായിക്കുന്നതിനുവേണ്ടി കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും പലിശ ഇളവു ചെയ്യുകയുമുണ്ടായി. അതിലൂടെ ഒരുപരിധിവരെ കൃഷിക്കാർക്ക് ആശ്വാസം നൽകുവാൻ കഴിഞ്ഞെങ്കിലും അത് പൂർണ്ണമായും കൃഷിക്കാർക്ക് ഗുണകരമായി മാറിയില്ല എന്നതാണ് സ്ഥിതി. ഇന്നലെ വയനാട് ജില്ലയിൽ ഒരു ആത്മഹത്യ കൂടി നടന്നതുകൊണ്ട് അത് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അത്തരം ഒരു സാഹചര്യത്തിൽ ഗവൺമെന്റ് കുറച്ചുകൂടെ കാർഷികമേഖലയെ സമുദ്ധരിക്കുന്നതിനുവേണ്ടി, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മറ്റ് എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും അതൊക്കെ മാറ്റിവച്ചുകൊണ്ട് അതിനേക്കാളുമുപരിയായി കാർഷിക മേഖലയ്ക്ക് ഊന്നൽകൊടുത്തുകൊണ്ട് ഇന്നത്തെ കാർഷിക പ്രതിസന്ധി പരിഹരിച്ച് മുന്നോട്ടുപോകുവാൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കാർഷിക മേഖലയിലെ തകർച്ചമൂലം ആത്മഹത്യാ നിരക്ക് ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ആ സാഹചര്യത്തിൽ 50,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റ് സദുദ്ദേശ്യത്തോടുകൂടിയാണ് ഈ കാര്യങ്ങളൊക്കെ ചെയ്യുന്നത്. ഈ പ്രയാസവും പ്രതിസന്ധിയും ബുദ്ധിമുട്ടും അനുഭവിക്കുന്ന കേരളത്തിലെ കൃഷിക്കാരെ ഏതു വിധത്തിലും സഹായിക്കണമെന്നുള്ള സന്മനസ്സ് കാണിക്കുന്ന ഒരു ഗവൺമെന്റെന്ന നിലയിൽ ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പല കാര്യങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. പക്ഷേ വീണ്ടുംവീണ്ടും ഈ പ്രശ്നങ്ങൾ രൂക്ഷമായിവരുന്ന സാഹചര്യത്തിൽ 50,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ ഗവൺമെന്റ് മുന്നോട്ടുവരണം. അതോടൊപ്പം കാർഷിക കടങ്ങൾക്ക് അഞ്ചു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുകയും വേണം. കാരണം കഴിഞ്ഞ വരൾച്ചയിൽ കാർഷികവിളകൾ നശിച്ച സാഹചര്യത്തിൽ പുതിയതായി കാർഷിക വിളകൾ വച്ചുപിടിപ്പിച്ച് ആദായം എടുക്കുന്നതിന് അഞ്ചുവർഷക്കാലം ഇനിയും വേണ്ടിവരും. അതുകൊണ്ട് അഞ്ചുവർഷത്തേയ്ക്ക് കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട്, അഞ്ചുവർഷക്കാലത്തേയ്ക്ക് പലിശയിളവ് പ്രഖ്യാപിച്ചുകൊണ്ട്, കൃഷിക്കാരെ രക്ഷിക്കുവാൻവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കാർഷികമേഖല സംസ്ഥാന സമ്പദ്ഘടനയെ ബാധിക്കുന്ന ഒരു കാര്യമാണ്. സമ്പദ്ഘടന തകർന്ന് തരിപ്പണമായ ഒരു സാഹചര്യം, 1996-97 കാലഘട്ടത്തിൽ ഏഴായിരത്തിലധികം കോടി രൂപയായിരുന്നു കാർഷികമേഖലയിൽനിന്ന് സർക്കാർ ഖജനാവിലേയ്ക്കുള്ള വരുമാനം. അത് ഇന്ന് 2003-04-ൽ 5000 കോടി രൂപയായി കുറയുന്ന സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികഘടനയിൽത്തന്നെ വലിയ മാറ്റങ്ങൾക്ക് വിധേയമാകുന്ന കാർഷികമേഖലയുടെ ഇന്നത്തെ സ്ഥിതിഗതികൾ മനസ്സിലാക്കിക്കൊണ്ട് ആ മേഖലയെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ആത്മാർത്ഥമായി മുന്നോട്ടുവന്നേപറ്റൂ. വയനാട് ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമായി ഒരു പ്രത്യേക പാക്കേജുണ്ടാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വരൾച്ച കേരളത്തിൽ ഏറ്റവുമധികം ബാധിച്ച ജില്ലയാണ് വയനാട്ജില്ല. കൂടുതൽ ആത്മഹത്യ നടന്ന ജില്ല എന്ന നിലയിൽ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കുന്നതിന് മുന്നോട്ടുവരണം. കേരളത്തിലെ ഇതര പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു സാഹചര്യം വയനാട്ടിൽ നില നിൽക്കുന്നുവെന്നതുകൊണ്ട് അവരെ സഹായിക്കുന്നതിനുവേണ്ടി പ്രത്യേക പാക്കേജുണ്ടാക്കണം. വയനാട്ടിലെ കാർഷിക മേഖലയിൽ മാത്രമല്ല, മൊത്ത ത്തിലുള്ള സാമ്പത്തികത്തകർച്ച ഇന്ന് വലിയൊരു പ്രശ്നമാണ്. വലിയ സാമ്പ ത്തികത്തകർച്ച നേരിട്ടുകൊണ്ട് മുന്നോട്ടുപോവുകയാണ്. അതിൽ കർഷകരും വ്യവസായികളും സാമൂഹ്യമേഖലയിൽ ജീവിക്കുന്ന എല്ലാ ജനവിഭാഗങ്ങളും ഉൾപ്പെടുന്നു. അവരുടെ ജീവിതം ഇന്ന് ദുരിതപൂർണ്ണമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ വയനാട് ജില്ലയ്ക്ക് വേണ്ടിയുള്ള ഒരു വികസന അതോറിറ്റിക്ക് രൂപംകൊടുക്കണം. വയനാടിലെ കൃഷിക്കാരെ സഹായിക്കാനും അവിടത്തെ ഇന്നത്തെ സാമ്പത്തികമായ പ്രതിസന്ധിയും പ്രയാസവും മാറ്റിയെടുക്കുന്നതിനും വേണ്ടി ഒരു വികസന അതോറിറ്റിക്ക് രൂപംകൊടുത്തുകൊണ്ട് വയനാട് ജില്ലയെ രക്ഷിക്കുവാൻ നടപടി സ്വീകരിച്ച് മുന്നോട്ടുപോകണം. അതോടൊപ്പം സമഗ്രമായ വിള ഇൻഷ്വറൻസ് ആവശ്യമാണ്. അഞ്ചാറ് വർഷമായി കാർഷികമേഖലയിൽ തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥയിൽവരുന്ന വ്യതിയാനം കർഷ കരുടെ പ്രതീക്ഷയെ ഇന്ന് തകർക്കുകയാണ്. കഷ്ടപ്പെട്ട്, ബുദ്ധിമുട്ടി പണയംവച്ചും ബാങ്കുകളിൽനിന്ന് കടംവാങ്ങിയും അദ്ധ്വാനിച്ച് കൃഷിചെയ്യുന്ന കർഷകരെ സംബ ന്ധിച്ച് കാലാവസ്ഥയിലുണ്ടാകുന്ന പ്രതികൂലമായ മാറ്റങ്ങൾ അവന്റെ പ്രതീക്ഷയെ തകർക്കുകയാണ്. ആ ഘട്ടത്തിൽ അവരെ സഹായിക്കുന്നതിനുവേണ്ടി, ഈ കാലാവസ്ഥയിലെ മാറ്റങ്ങൾ മൂലം കാർഷിക ഉൽപ്പന്നങ്ങളുടെ നഷ്ടത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഒരു വിള ഇൻഷ്വറൻസ് പദ്ധതി ഗവൺമെന്റ് ഏർപ്പെടുത്തിയേ പറ്റൂ. അങ്ങനെ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കൊണ്ട് കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി ഗവൺമെന്റ് മുന്നോട്ടുവരണം. ആറേഴ് വർഷമായി കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം അവരുടെ ജീവിതം പ്രതിസന്ധിയിലായിരിക്കുകയാണ്. ഒരു വിലസ്ഥിരതാ കണക്കുവച്ചുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം. അങ്ങനെ കാർഷികോൽപ്പന്നങ്ങൾ സംഭരിച്ചുകൊണ്ട് കർഷകർക്ക് ന്യായമായ വില കിട്ടാനുള്ള ഒരു സംവിധാനമുണ്ടാക്കിയെടുത്താൽ മാത്രമേ ഈ സ്ഥിതിയിൽ കർഷകർക്ക് രക്ഷപ്പെടാൻ കഴിയൂ. മലയോര മേഖലയിലെ, പ്രത്യേകിച്ച് ഈ കാർഷികമേഖല മലയോര മേഖല ഉൾപ്പെടുന്ന പ്രദേശമെന്ന നിലയ്ക്ക് ആ പ്രദേശത്തിന്റെ പുരോഗതിക്കുവേണ്ടി ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചു. ഏഴരക്കോടി രൂപ ഇതിനുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. പക്ഷേ ഇതുവരെ അതിന്റെ പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതിന് പ്രാമുഖ്യം നൽകിക്കൊണ്ട് എത്രയും പെട്ടെന്ന് അതു നടപ്പിലാക്കാനുള്ള സാഹചര്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കാർഷിക പാക്കേജ് നടപ്പിലാക്കുന്ന കാര്യം പറഞ്ഞു. നിർബന്ധമായും വിള ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയാൽ മാത്രമേ കൃഷിക്കാരന് രക്ഷപ്പെടാൻ കഴിയൂ. വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കൊണ്ട് കൃഷിക്കാർക്ക് രക്ഷ കിട്ടുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകാൻ തയ്യാറാകണം. ഇന്നത്തെ പ്രത്യേക സാഹചര്യം നമുക്കറിയാം. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ താൽപ്പര്യമെടുക്കുന്നുണ്ട്. കാബിനറ്റ് സബ് കമ്മിറ്റി കൂടി വയനാടുപോലുള്ള പിന്നോക്കം നിൽക്കുന്ന ജില്ല, ആത്മഹത്യകൾ കൂടി ഉണ്ടായിരിക്കുന്ന ജില്ല സന്ദർശിച്ചുകൊണ്ട് അവിടത്തെ സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കിക്കൊണ്ട് കേരളത്തിന്റെ കാർഷികമേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പാക്കേജുണ്ടാക്കിക്കൊടുക്കണം. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് കേന്ദ്രത്തിൽ നിന്നുള്ള സഹായം വാങ്ങിക്കൊണ്ട് നമ്മുടെ നാട്ടിലുള്ള കൃഷിക്കാരെ സഹായിക്കാൻ വേണ്ടി സർക്കാർ മുന്നോട്ട് വരേണ്ടതാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ഈ സന്ദർഭത്തിൽ രാഷ്ട്രീയത്തിനതീതമായി, ഭരണ പ്രതിപക്ഷഭേദമില്ലാതെ ഈ പ്രശ്നങ്ങളിൽ യോജിച്ചുകൊണ്ട് ഈ പ്രശ്നത്തെ ഒരു സാമൂഹ്യപ്രശ്നമെന്ന നിലയിൽ കണ്ടുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കി മുന്നോട്ടുപോകാൻ കഴിയണം. ആത്മഹത്യകൾ പെരുകിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വയനാട്ടിലെ ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിനു വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് സൂചിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി.സി. കബീർ: സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുന്നു. കാര്യക്ഷമതയും വേഗതയും കൃത്യനിഷ്ഠയുമില്ലാത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന് എന്തുകൊടുത്താലും യാതൊരു പ്രയോജനവുമില്ല. നാല് ഉദാഹരണങ്ങൾ മാത്രമാണ് ഞാൻ പറയുന്നത്. തമ്പാനൂർ റെയിൽവേ സ്റ്റേഷൻ ഭാഗത്ത് അഴുക്കുവെള്ളം പോകാനുണ്ടാക്കിയ പദ്ധതിക്ക് മൂന്നരക്കോടി രൂപ ചെലവാക്കി. അതു വെള്ളത്തിലായി. മിനിഞ്ഞാന്ന് തമ്പാനൂരിൽ വന്നിറങ്ങിയ ആളുകളെല്ലാം നീന്തിക്കുളിച്ചാണ് റൂമുകളിൽ എത്തിയത്. എം. എൽ. എ.-മാരെല്ലാം നീന്തിയാണ് എം. എൽ. എ. ഹോസ്റ്റലിൽ വന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിലാണ് കേരളാ ഹൗസ് വരുന്നത്. ഇന്നും കേരളാ ഹൗസ് നേരെയാക്കിയിട്ടില്ല. ശ്രീ. ബാലകൃഷ്ണപിള്ളയുടെ വയറ്റിൽ എലികൾ ഭരതനാട്യം നടത്തുന്നു. ഭരതനാട്യം തുടർന്നുകൊണ്ടേയിരിക്കുന്നു. കെ.പി.സി.സി. ഓഫീസിൽ തെമ്മാടിക്കൂട്ടങ്ങൾ അക്രമം നടത്തി. ആ തെമ്മാടിക്കൂട്ടത്തിലെ ഒന്നാംപ്രതിയെ അറസ്റ്റു ചെയ്യാൻ പോലീസിന് നാണം വരികയാണ്. ഒന്നാം പ്രതി കുളിച്ച് പുതിയ മുണ്ടുടുത്ത്, പൗഡറിട്ട്, കുറിയിട്ട് പത്രക്കാരേയും ടെലിവിഷൻ പ്രതിനിധികളേയും വിളിച്ച് എന്നെ പിടിക്കാൻ പോലീസ് വരുമെന്ന് പറഞ്ഞു. പോലീസ് നാണിച്ച് ലജ്ജാവതിയായിട്ടാണ് അദ്ദേഹത്തെ അറസ്റ്റു ചെയ്യാൻ പോയത്. ശ്രീ. തോമസ് ഉണ്ണിയാടൻ എം.എൽ.എ.-യുടെ അനുഭവം കണ്ടില്ലേ? ഇതെല്ലാം കൂടി കാണുമ്പോൾ ഈ ഗവൺമെന്റിന്റെ കാര്യക്ഷമതയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് വലിയ സംശയമുണ്ട്. ആശുപത്രികളിലൊന്നും മരുന്നില്ല. പൊങ്ങച്ചം പറഞ്ഞിട്ട് എന്തുകാര്യം? രോഗികൾക്ക് മരുന്നില്ല. അലോപ്പതിയിലും, യുനാനിയിലും, ആയുർവ്വേദത്തിലും, ഹോമിയോപ്പതിയിലും മരുന്നില്ല. ഇതു സത്യമാണ്. പാവപ്പെട്ട രോഗികൾ ധാരാളമായി ഗവൺമെന്റാശുപത്രികളെ സമീപിക്കുന്നുണ്ട്. ആശുപത്രികളിൽ മരുന്നു കൊടുക്കണം. ആയുർവ്വേദ ഡിസ്പെൻസറികളിൽ കേവലം 30,000 രൂപയുടെ മരുന്നാണ് ഒരു കൊല്ലം കൊടുക്കുന്നത്. അതു പുതുക്കണം. 50,000 രൂപയുടെ മരുന്നെങ്കിലും ആയുർവ്വേദ ആശുപത്രികളിൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. നാടാർ-മുസ്ലീം പെൺകുട്ടികളുടെ സ്റ്റൈപന്റ് കൊടുത്തിട്ട് എത്രയോ കാലമായി. എന്തിനാണ് പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്നത്? പാവപ്പെട്ട കുട്ടികളുടെ കാശ് കൊടുത്തുകൂടേ? അതിനെക്കുറിച്ച് ഒരു തീരുമാനം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കൈത്തറി-ഖാദി ഉൽപ്പന്നങ്ങൾക്ക് ഓണക്കാലത്ത് റിബേറ്റ് കൊടുക്കണമെന്ന ഡിമാൻഡ് വന്നിട്ടുണ്ട്. അതോടൊപ്പം 150 ലക്ഷം രൂപ കിട്ടേണ്ട സൊസൈറ്റിയിലെ ഒരംഗമാണ് ഞാൻ. കൈത്തറി സംഘത്തിൽ നിന്ന് തുണി വാങ്ങിക്കൊണ്ടുപോയിട്ട് പത്തു പൈസ പോലും കൊടുക്കുന്നില്ല. അഞ്ചു കൊല്ലമായി. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പൈസയ്ക്കായി നടക്കുകയാണ്. നെയ്ത്തു തൊഴിലാളികളെ എന്തിനാണ് ഇങ്ങനെ പട്ടിണിക്കിടുന്നത്? അതുകൊണ്ട് നെയ്ത്തുതൊഴിലാളികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാനുള്ള തീരുമാനമെടുക്കണം. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി.സി. ജോർജ്ജ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഇതൊരു ദുർവിനിയോഗ ബില്ലാണ്. അനുകൂലിക്കാൻ ഒരു മാർഗ്ഗവുമില്ല. എന്തിനാണ് ഇവർക്ക് പണം അനുവദിച്ചു കൊടുക്കുന്നത്? പാമ്പുവേലായുധന്റെ സർപ്പക്കൂടിന് തുല്യമായ നിങ്ങളുടെ ക്യാബിനറ്റ്, നിങ്ങളുടെ പാർലമെന്ററി പാർട്ടിക്ക് യാതൊരു യോജിപ്പുമില്ല. ഇവർക്ക് എന്തിനാണ് പണം അനുവദിച്ചുകൊടുക്കുന്നത്? നിങ്ങൾക്ക് പണം അനുവദിച്ചുതന്നാൽ കേരളത്തിലെ ജനങ്ങൾ ഞങ്ങളെ ചവിട്ടും. അതുകൊണ്ടാണ് നിങ്ങൾക്ക് പണം അനുവദിച്ചുതരാൻ ഞങ്ങൾ എതിർക്കുന്നത്. ക്യാബിനറ്റിനു മാത്രമല്ല, നിങ്ങളുടെ എം.എൽ.എ.-മാർക്ക് യോജിപ്പുണ്ടോ? നിങ്ങളുടെ പാർലമെന്ററി പാർട്ടിക്ക് യോജിപ്പുണ്ടോ? ശ്രീ. വി.ജെ. പൗലോസിന്റെ പ്രസംഗം ഞാൻ കേട്ടു. 'ഇൻഡ്യാ ടുഡേ'യിൽ കേരള രാഷ്ട്രീയത്തിൽ ശ്രീ. എ.കെ. ആന്റണിയെപ്പറ്റി വിശുദ്ധ പൗലോസിന്റെ, വി.ജെ. പൗലോസിന്റെ തിരുവചനമുണ്ട്. "രാഷ്ട്രപതിപദം മാത്രം ബാക്കിയായവർ ഭാഗ്യവാന്മാർ. എന്തെന്നാൽ വരുന്ന സ്വർഗ്ഗരാജ്യം അവർക്കു മാത്രം. ശ്രീ. ആന്റണിക്കു മാത്രം". മനസ്സിലായില്ലേ? ഇത് ശ്രീ. വി.ജെ. പൗലോസിന്റെ വാക്യമാണ്. ഇൻഡ്യാ ടുഡേയിൽ പറഞ്ഞിരിക്കുന്നതാണ്. പി.സി. ജോർജ്ജ് പറയുന്നതല്ല. ഇവർക്കെന്തിനാണ് പണം അനുവദിച്ചുകൊടുക്കുന്നത്? ഈ സംസ്ഥാനത്തെ ജനങ്ങൾ ഞങ്ങളെ അതിന് സമ്മതിക്കുമോ? ഇവരുടെ പാർലമെന്ററി പാർട്ടിയിൽ എന്താണ് സ്ഥിതി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ്: ഞാൻ പാർലമെന്ററി പാർട്ടിയിൽ സംസാരിച്ചു. ഞാൻ പാർലമെന്ററി പാർട്ടിയിൽ സംസാരിച്ച കാര്യങ്ങളല്ല അത്. ഞാൻ അതു വായിച്ചിട്ടില്ല. അങ്ങു വായിച്ചതിൽ അച്ചടിച്ചുവന്നിരിക്കുന്നത് ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ല.

ശ്രീ. പി. സി. ജോർജ്ജ്: സർ, ശ്രീ. വി. ജെ. പൗലോസ് അങ്ങനെ പറഞ്ഞാൽ അൽഭുതമില്ല. പറഞ്ഞ കാര്യങ്ങൾ നിഷേധിക്കാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെ കോൺഗ്രസ്സുകാരൻ ആകാൻ പറ്റും? അതുകൊണ്ട് ശ്രീ. വി.ജെ. പൗലോസ് നിഷേധിക്കണം. അല്ലെങ്കിൽ അങ്ങ് കോൺഗ്രസ്സുകാരൻ ആകുകയില്ല. ആ സംസ്കാരം നമുക്ക് മനസ്സിലാകും. ഇനിയും പറയുന്നുണ്ട്. "പിള്ളയെ പരസ്യമായി തുണയ്ക്കുക മാത്രമല്ല.", അതിന്റെ രണ്ടാമൻ, ജോണി നെല്ലൂർ—"പിള്ള പ്രശ്നത്തിൽ വിഷയം മാറി വന്നാലും പിള്ള പ്രശ്നം നേരിടാത്ത ഏതെങ്കിലും യു.ഡി.എഫ്. സർക്കാർ 30 വർഷത്തിനുള്ളിൽ കേരളം കണ്ടിട്ടുണ്ടോ? കൗമാരകാലം മുതലേ തന്റെ സുഹൃത്തായ തിരുവഞ്ചൂർ രാധാകൃഷ്ണനുമായി കയ്യേറ്റത്തിന്റെ വക്കിൽ വരെ എത്തുകയും ചെയ്തു—ജോണി നെല്ലൂർ." പോരേ. മനസ്സിലായില്ലേ? പാർലമെന്ററി പാർട്ടിയാണ്. ഇവരെല്ലാം കൂടിയുള്ള ഒരു ഗവൺമെന്റിന് പിൻതുണ കൊടുക്കാൻ പറഞ്ഞാൽ, ഈ ഫിനാൻസ് ബില്ലിനെ അംഗീകരിച്ചുതരാൻ പറഞ്ഞാൽ എങ്ങനെ അംഗീകരിക്കാൻ കഴിയും. നിങ്ങൾക്ക് മൃഗീയ ഭൂരിപക്ഷമുണ്ടെന്നു കരുതി പാസ്സാക്കിക്കൊണ്ടുപോകും. നിങ്ങൾ 20 മന്ത്രിമാരല്ലായിരുന്നോ? ഇപ്പോൾ നിങ്ങൾ 21 ആക്കിയില്ലേ? ഒരെണ്ണം എവിടെ പോയി? ചാപിള്ളയായി പോയില്ലേ? എങ്ങനെ ചാപിള്ളയായി? ഇരുന്ന കാലം മുഴുവൻ കട്ടുമുടിച്ചില്ലേ? നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? നിഷ്പക്ഷമായി നിങ്ങൾ ആലോചിക്കണം. ജനം തന്നെ ചവിട്ടി പുറത്താക്കി. അല്ലെങ്കിൽ നിങ്ങൾ പുറത്താക്കുമായിരുന്നോ? ശ്രീ. എ. കെ. ആന്റണി ഇപ്പോഴും അദ്ദേഹത്തെ തൊട്ടടുത്ത് കൊണ്ടിരുത്തുമായിരുന്നു. നിഷ്പക്ഷമായി അതു നിങ്ങൾ വിലയിരുത്തണം. ഈ ഗവൺമെന്റിനെ എങ്ങനെ വിശ്വസിക്കും? 2003-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതിനകത്തെ ഒരു കാര്യം ഞാൻ വായിക്കാം. നുണ എഴുതി വയ്ക്കുന്നതിന് കണക്കു വേണ്ടേ? 512-ാമത്തെ പേജിൽ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തതനുസരിച്ച് തൊഴിലന്വേഷകരുടെ എണ്ണം 2001-ൽ 44.31 ലക്ഷമായിരുന്നത് 2002-ൽ 36.8 ലക്ഷമായി കുറഞ്ഞു. ഇങ്ങനെ എഴുതി വയ്ക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് എങ്ങനെ മനസ്സു വന്നു? ഒരു കൊല്ലം കൊണ്ട് എട്ടു ലക്ഷം കുറഞ്ഞു എന്നാണ്. ഒരു ചെറുപ്പക്കാരന് ജോലി കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റാണോ ഇത്? ഒരു ചെറുപ്പക്കാരന് നിങ്ങൾ ജോലി കൊടുത്തിട്ടുണ്ടോ? 70,000 പോസ്റ്റ് വേക്കന്റായിട്ടിരിക്കുന്ന ഒരു ഗവൺമെന്റല്ലേ നിങ്ങളുടേത്. എന്നിട്ട് സാമ്പത്തിക അവലോകനത്തിൽ എഴുതിവച്ചിരിക്കുന്നു 8 ലക്ഷം കുറഞ്ഞു എന്ന്. എങ്ങനെ കുറഞ്ഞു? കുറഞ്ഞുകാണും. സാമ്പത്തിക അവലോകനം തെറ്റാണെന്ന് ഞാൻ പറയുന്നില്ല. ആത്മഹത്യ ചെയ്ത് ആയിരം കുറഞ്ഞുകാണും. ബാക്കി എവിടെ പോയി? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

LIBRARY ARCHIVES Kerala Legislative Assembly

പേര് രജിസ്റ്റർ ചെയ്യാൻ അഞ്ച് ദിവസം താമസിച്ചാൽ അവരെ മുഴുവൻ പുറത്താക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന ആളുകളുടെ എണ്ണം കുറച്ചുകാണിച്ചുകൊണ്ട് നിങ്ങൾ ഈ രാജ്യത്ത് വലിയ കാര്യം ചെയ്തു എന്നുപറയുകയാണ്. എന്നിട്ട് ഇത് അംഗീകരിച്ചു കൊടുക്കണ മെന്നാണ്. എങ്ങനെ അംഗീകരിക്കും? ഒരു കാരണവശാലും ഇവർക്ക് ധനം വിനിയോഗിക്കാൻ അനുവാദം കൊടുക്കാൻ കഴിയില്ല. അംബാസഡർ കാറിൽ നടക്കുമെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിമാരുമാണ്. ഈ നിയമസഭാ സമ്മേളനം കഴിയുമ്പോൾ ദൈവമനുഗ്രഹിച്ചാൽ ഇതിൽ പകുതി മന്ത്രിമാർ ഈ സ്ഥാനത്ത് കാണുകയില്ല എന്നത് സന്തോഷ കരമായ കാര്യമാണ്. കോവളം കൊട്ടാരം വിൽക്കാൻ നിങ്ങൾക്ക് ആര് അവകാശം തന്നു? അതു വിൽക്കാൻ നിങ്ങളോട് ആരു പറഞ്ഞു? കേരളത്തിലെ ജനങ്ങളുടെ സ്വത്തല്ലേ അത്? .ഐ.റ്റി.ഡി.സി.-ക്ക് താൽക്കാലിക ഉപയോഗത്തിന് നമ്മൾ അതു വിട്ടുകൊടുത്തിട്ടുണ്ട്. കോവളം കൊട്ടാരം കച്ചവടം ചെയ്തിട്ട് അവിടെ പോലീസുകാരെ കൊണ്ടുനിർത്തിയിരിക്കുകയാണ്. കള്ളപ്പണക്കാർക്കു വേണ്ടിയാണ്. എന്നിട്ടാണ് ധനം വിനിയോഗിക്കാൻ കാശു ചോദിക്കുന്നത്. എങ്ങനെ കൊടുക്കാൻ കഴിയും? ഒരു കാരണവശാലും കൊടുക്കാൻ കഴിയുകയില്ല. ഇവിടെ നാച്വറൽ കലാമിറ്റി ഫണ്ടുണ്ട്. പറയുമ്പോൾ എതിർക്കരുത്. ദുരിതാശ്വാസം എന്നാണ്. ദുരിതമനുഭവിക്കുന്നവന് ആ ഫണ്ട് കൊടുക്കണ്ടേ? നിങ്ങൾ കൊടുക്കുന്നുണ്ടോ? നിങ്ങളുടെ സ്വന്തക്കാരുടേയും ബന്ധുക്കളുടേയും വീട്ടിലേയ്ക്ക് റോഡ് ടാർ ചെയ്യാൻ ആ പണം ഉപയോഗിക്കുകയാണ്. ദുരിതാശ്വാസ ഫണ്ടുപോലും മോശമായ രീതിയിൽ ചെലവാക്കുന്ന നാണം കെട്ട സർക്കാരാണിത്. ആ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ശക്തിയായി ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി അനുകൂലിക്കുകയാണ്. എല്ലാ ആനുകൂല്യങ്ങളും പറ്റുകയും പിന്നെ എതിർക്കുകയും ചെയ്യുന്ന ശ്രീ. പി. സി. ജോർജ്ജിനെ പോലുള്ളവരെപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല. ചോദിക്കാനും പറയാനും ആരുമില്ലാത്ത
12 Noon] ഒരു എകാംഗ പാർട്ടിയാണ്, അതുകൊണ്ട് അതിനെക്കുറിച്ച് പറയാനില്ല. കർഷകരുടെ ആത്മഹത്യ സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ' എന്നുള്ള രീതിയിലാണ്. ആത്മഹത്യകൾ പെരുകുന്നതിന്റെ പ്രധാന കാരണം പ്രതിപക്ഷ കക്ഷികൾ ഇപ്പോൾ ആത്മഹത്യയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമു ള്ളതുകൊണ്ടാണ്, ഇപ്പോൾ ചില മാധ്യമങ്ങളും ദൈനംദിനം അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരറുതി വരുത്തേണ്ടത് അത്യാവശ്യമാണ്. ഏത് ആത്മഹത്യ നടന്നാലും ഇപ്പോൾ കാർഷിക വായ്പയുടെ കെടുതി എന്നുള്ള വ്യാപകമായ ഒരു പ്രചരണം നടക്കുകയാണ്. കർഷകൻ പല രീതിയിൽ കടമെടുക്കാറുണ്ട്, വീടുവയ്ക്കാൻ കടമെടുക്കാറുണ്ട്, കുട്ടികളെ ഗൾഫിലയയ്ക്കാൻ കടമെടുക്കാറുണ്ട്, കുട്ടികളുടെ കല്യാണച്ചെലവിന് കടമെടുക്കാറുണ്ട്, എല്ലാത്തിന്റേയും ടൈറ്റിൽ ഇപ്പോൾ കാർഷിക കടമായി

LIBRARY ARCHIVES Kerala Legislative Assembly

മാറിയിരിക്കുകയാണ്. അതിനെക്കുറിച്ച് ഒരു പരിശോധന നടത്തണം. യഥാർത്ഥ കർഷകൻ കാർഷിക കടം കൊണ്ടാണ് ആത്മഹത്യ ചെയ്തതെങ്കിൽ അവരെ സഹായിക്കണം, കാർഷിക കടംകൊണ്ട് ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കണം. ഇത് അതല്ല, ഏത് ആത്മഹത്യ നടന്നാലും ഇപ്പോൾ കാർഷിക കടബാധ്യതകൊണ്ടെന്നു വരുത്തിത്തീർത്ത് കടം വാങ്ങിയവരെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കുന്ന ഗുരുതരമായ ഒരു കുറ്റകൃത്യമാണ് പ്രതിപക്ഷവും ചില മാധ്യമങ്ങളും നടത്തുന്നത്, എല്ലാ മാധ്യമങ്ങളുമെന്ന് ഞാൻ പറയുന്നില്ല. അതിനൊരറുതി വരുത്താൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ധനവിനിയോഗ ബില്ലിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന ഒരു വിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. 1996-ലെ നിയമമനുസരിച്ച് കുറെ അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ഓരോ വർഷവും നമ്മൾ അവർക്ക് കൂടുതൽ കൂടുതൽ പണം ഇങ്ങനെ അനുവദിച്ചു കൊണ്ടിരിക്കുകയാണ്. ഈ ധനം എങ്ങനെ വിനിയോഗിക്കുന്നു എന്നുള്ള ഒരു പരിശോധന നടത്തണം. 1996-ൽ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം അനുവദിക്കുന്നതിന് എത്രയോ മുമ്പ് ഞാൻ പഞ്ചായത്തു പ്രസിഡന്റായിരുന്ന 1987 കാലഘട്ടങ്ങളിൽ രാജീവ്ഗാന്ധി ജവഹർ റോസ്ഗാർ യോജന എന്ന പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തുകൾക്ക് പണം അനുവദിച്ചിട്ടുണ്ട്. അതിൽ ചില നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. അതിന് പ്ലാനിംഗ് ബോർഡോ കമ്മീഷനോ മറ്റൊന്നുമില്ല, അതിന് അങ്ങനെയൊരു നിബന്ധനകളുമില്ല, ഈ പണം ചെലവഴിക്കുമ്പോൾ സ്ഥായിയായ ആസ്തികൾ ഗ്രാമങ്ങളിലുണ്ടാകണം. ഗ്രാമങ്ങളിലെ തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിലവസരമുണ്ടാകണം. അങ്ങനെ തൊഴിലവസരമുണ്ടായി കുടുംബങ്ങളിൽ പട്ടിണി മാറുകയും അതോടൊപ്പം ഗ്രാമങ്ങളിൽ സ്ഥായിയായ ആസ്തിയുണ്ടാവുകയും ചെയ്യണം. 1400 കോടി രൂപയാണ് ഈ ധനവിനിയോഗ ബിൽ മുഖാന്തരം നമ്മുടെ പഞ്ചായത്തുകൾക്ക് കൊടുക്കുന്നത്. ഇത് ഓരോ പഞ്ചായത്തിലും 15 വാർഡുണ്ടെങ്കിൽ ആ 15 വാർഡിലേയും മെമ്പർമാർക്കായി വീതിച്ചുപോകുന്നു. എത്രയോ വില്ലേജ് റോഡുകൾ കഴിഞ്ഞ 10 വർഷമായി അറ്റകുറ്റപ്പണികൾ നടത്താതെ കിടക്കുന്നു. ഈ ധനവിനിയോഗംകൊണ്ട് എത്ര പഞ്ചായത്തുകളുടെ വില്ലേജ് റോഡുകൾ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്? മൈനർ ഇറിഗേഷന് പണം കൊടുക്കുന്നില്ലെന്ന് ഇവിടെ വേറെ ആരോ പറഞ്ഞു. മൈനർ ഇറിഗേഷൻ ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിലാണ് വരുന്നത്. ആ പണം മൈനർ ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനോ അല്ലെങ്കിൽ അറ്റകുറ്റപ്പണികൾക്കോ ചെലവഴിക്കാതെ ധനം ദുർവിനിയോഗം ചെയ്യുന്ന സ്ഥിതിവിശേഷം പല പഞ്ചായത്തുകളിലുമുണ്ട്. അവിടെയിപ്പോൾ രാഷ്ട്രീയമൊന്നുമില്ല, കോൺഗ്രസ് ആയിരുന്നാലും കമ്മ്യൂണിസ്റ്റായിരുന്നാലും യു. ഡി. എഫ്. ആയിരുന്നാലും എൽ.ഡി.എഫ്. ആയിരുന്നാലും മെമ്പർമാർ വീതിച്ചെടുക്കുന്ന ഒരു സ്ഥിതിവിശേഷമാണ്, എല്ലാത്തിനും വീതം വയ്പാണ്. അതുകൊണ്ട് ഈ പണം ചെലവഴിക്കുന്നതിനെക്കുറിച്ച് ഒരു പരിശോധന സർക്കാർ നടത്തണം. ഇതുകൊണ്ട് എന്തെല്ലാം സ്ഥായിയായ ആസ്തി സർക്കാരിന് അല്ലെങ്കിൽ ഗ്രാമപ്രദേശത്തുണ്ടായി എന്ന് പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ സ്ഥായിയായ ആസ്തി ഇപ്പോൾ ഗ്രാമങ്ങളിലുണ്ടാകുന്നത് എം.എൽ.എ. ഫണ്ടുപയോഗിച്ചാണ്. എം.എൽ.എ. ഫണ്ട് ഇപ്പോൾ 50 ലക്ഷം രൂപയേയുള്ളൂ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അത് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചാൽ മൈനർ ഇറിഗേഷൻ പദ്ധതികളും അതുപോലുള്ള റോഡുകളും ഉണ്ടാവുകയും അങ്ങനെ സ്ഥായിയായ ആസ്തി എം.എൽ.എ. ഫണ്ട് മുഖാന്തിരം ഗ്രാമങ്ങളിലുണ്ടാവുകയും ചെയ്യുമെന്നുള്ളതുകൊണ്ട് എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയായി ഉയർത്തണമെന്നുള്ളതാണ് എന്റെ ആവശ്യം. മറ്റൊന്ന് മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയാണ്. ഇത് കഴിഞ്ഞ പ്രസംഗത്തിൽ ഞാൻ പറഞ്ഞതാണ്, നമ്മൾ കൊടുത്ത അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്, പണമില്ല. ഇതിന് ലോട്ടറി നടത്താമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ഒരു ലോട്ടറി നടത്തി അതിൽ നിന്നും കിട്ടുന്ന പണം ചികിത്സാ ധനസഹായമായി കൊടുക്കാൻ കഴിയും. ഓണക്കാലത്ത് അനുവദിക്കുന്ന ബംബർ ലോട്ടറികൾ രണ്ട് ലോട്ടറിയായി നടത്തണം. ഓണത്തിന്റെ തുടക്കത്തിൽ ഒരു ബംബർ സമ്മാനവും ഓണത്തിന്റെ അവധിക്കാലം കഴിയുമ്പോൾ സെപ്റ്റംബർ ആദ്യവാരത്തിൽ വരത്തക്ക രീതിയിൽ ഒരു ബംബർ ലോട്ടറിയും നടത്തി, പരമാവധി ധനസമാഹരണം നടത്തി, ആ പണം മുഴുവനും ദുരിതമനുഭവിക്കുന്ന ചികിത്സാ ധനസഹായം ലഭിക്കേണ്ട കുടുംബങ്ങൾക്ക് എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചു കൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. കെ. ചന്ദ്രൻ)

ശ്രീ. സി.പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞകാല സർക്കാരുകളുടെ സാമ്പത്തിക അച്ചടക്കരാഹിത്യത്തിന്റെ സ്മാരകശിലകൾ ചിതറിക്കിടക്കുന്ന ചുടലക്കാടിൽ നിന്നും ആ അച്ചടക്കരാഹിത്യത്തിന്റെ വെള്ളപുശിയ ശവക്കല്ലറകൾ പൊളിച്ചടുക്കി മൂന്നുവർഷംകൊണ്ട് അതിശക്തമായ ഒരു ധനകാര്യ മാനേജുമെന്റ് ഈ നാടിനു സംഭാവന ചെയ്ത ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് സാമ്പത്തികരംഗത്ത് നടത്തിയ പരിഷ്ക്കാരങ്ങളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും പറയാൻ സമയം അനുവദിക്കുന്നില്ല. ഇനിയും വളരെയധികം പരിമിതികളുണ്ട്. ഉള്ള വരുമാനത്തിനനുസരിച്ച് ഉള്ളതുകൊണ്ട് ഓണംപോലെ കഴിയാൻ വിധിക്കപ്പെട്ട ഒരു സമൂഹമെന്നുള്ള നിലയിൽ ഈ പോരായ്മകൾ നികത്തുന്നതിനുള്ള പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും ആലോചിക്കണം. ബഡ്ജറ്റിനെ സംബന്ധിച്ച് വിവിധ ദിവസങ്ങളിലായി ഇവിടെ നടന്ന ചർച്ചകളിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് കേരളത്തിൽ നടന്ന ആത്മഹത്യ. ഇടപ്പള്ളി രാഘവൻ പിള്ളയും

LIBRARY ARCHIVES Kerala Legislative Assembly

എം. എൻ. ഗോവിന്ദൻനായരുടെ അനുജൻ എം. എൻ. രാമചന്ദ്രൻ നായരുമൊക്കെ ജീവിതത്തിലും എം. സുകുമാരന്റെ ശേഷക്രിയയിൽ സഖാവ് കുഞ്ഞയ്യപ്പൻ സാഹിത്യത്തിലും ആത്മഹത്യ ചെയ്ത നാടാണ് കേരളം. ഈ ആത്മഹത്യയുടെ സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുക എന്നതിനപ്പുറം ഇതിനെയെല്ലാം രാഷ്ട്രീയവൽക്കരിക്കുന്നത് പാപമാണെന്ന് ഞാൻ കരുതുകയാണ്. ഞാൻ വലിയവനാണെന്നുള്ള, 'ഞാൻ' എന്ന തോന്നലാണ് ഒരു വിധമുള്ള മാനസിക പ്രശ്നങ്ങളുണ്ടാക്കുന്നത്. "മാനഹേതുവാൽ ഒഴിയാത്താർത്തി മനുഷ്യനേ വരൂ" എന്ന് കുമാരനാശാൻ പാടിയിട്ടുണ്ട്. അങ്ങനെയുള്ള ഞാൻ എന്ന ചിന്തയിൽനിന്നും മനുഷ്യന്റെ മാനം നഷ്ടപ്പെട്ടു പോകുന്നു എന്നു കരുതുന്ന സന്ദർഭത്തിലാണ് മനുഷ്യൻ നിരാശകൊണ്ട് ഒരുമുഴം കയറിലോ അല്ലെങ്കിൽ വിഷക്കുപ്പിയിലോ അഭയം തേടുന്നത് എന്നുള്ളതാണ് സത്യം. ഞാൻ എവിടെയാണ് നിൽക്കുന്നതെന്ന് അറിയാൻ കഴിയാതെ വരുമ്പോൾ, അയാൾ isolated ആയാൽ ഈ തരത്തിലുള്ള ആത്മഹത്യ വർദ്ധിക്കുകതന്നെ ചെയ്യും. എൻട്രൻസ് പരീക്ഷ ജയിക്കുമെന്നുകരുതി എൻട്രൻസ് പരീക്ഷയ്ക്കിരുന്ന്, തോറ്റാൽ ഒരാൾ ആത്മഹത്യ ചെയ്യുമ്പോൾ മറുഭാഗത്ത് രണ്ടുമൂന്നു തവണ പരിശ്രമിച്ച് വീണ്ടും എഴുതി പാസ്സാകുന്നവരുണ്ട്. 4000 രൂപ കടം വാങ്ങിയതിന്റെ പേരിൽ വളരെ അറിയപ്പെടുന്ന ഒരു കുടുംബം ഈ കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ വരുന്ന മാറ്റങ്ങൾ ആത്മഹത്യയിലേയ്ക്കോ നരഹത്യയിലേയ്ക്കോ നയിക്കുമെന്നാണ് സാമൂഹ്യ ശാസ്ത്രജ്ഞന്മാർ പറയുന്നത്. സ്വന്തം ജീവിതനിലവാരം മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കാനുള്ള മനുഷ്യന്റെ ആർത്തി ഇതിന് പ്രേരകമാകുന്നുണ്ട് എന്നുള്ളത് നമുക്ക് കാണാൻ കഴിയണം. ഇന്ന് ദാരിദ്ര്യം എന്നുപറയുന്നത് ഉണ്ണാനോ ഉടുക്കാനോ ഉള്ള ദാരിദ്ര്യമല്ല, ടി.വി., ഫ്രിഡ്ജ്, കംപ്യൂട്ടർ, ആധുനിക ഗൃഹോപകരണങ്ങൾ, കാർ, ആഡംബരമുള്ള വീടിനുവേണ്ടിയുള്ള വായ്പ ഇവയെല്ലാം മനുഷ്യനെ കടക്കെണിയിൽ കൂരുക്കിക്കൊണ്ടിരിക്കുകയാണ്. 35 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർ നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത് ഒരു തൊഴിലിനുവേണ്ടി കാത്തിരിക്കുന്നുണ്ട്. തെങ്ങു കയറാനോ വീട്ടു ജോലിക്കോ ആളെ കിട്ടാത്ത അവസ്ഥയാണ് ഇന്നുള്ളത്. പൊള്ളാച്ചി തമിഴന് കേരളം ഇന്നു അബുദാബിയോ ദുബായ്-യോ ആയി മാറിയിരിക്കുകയാണ്. പലിശ ഒരു സാമൂഹ്യ തിന്മയാണെന്നു മതാചാര്യന്മാർ എല്ലാവരും പറയുന്നുണ്ട്. പലിശ വാങ്ങുന്നവനെ ചാട്ട കൊണ്ട് അടിക്കണമെന്ന് യേശുക്രിസ്തുവും പലിശ പാപമാണെന്ന് നബി തിരുമേനിയും പ്രവാചകരുമൊക്കെ പറഞ്ഞ ഈ സമൂഹത്തിൽ ഇന്നു ബ്ലേഡു കമ്പനിക്കാർ പെരുകിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പണം മറ്റുള്ളവർ എടുത്തു ഉപയോഗിക്കുമ്പോൾ നാം ധനികരായിത്തീരുന്നു എന്ന സ്യൂഡോ എക്കണോമിക്സ് ആണ് ഈ ബ്ലേഡു കമ്പനികളെ വളർത്തുന്നത്. ബ്ലേഡ് കമ്പനികൾ ആഡംബര വസ്തുക്കൾക്ക് വായ്പകൾ നൽകിയിട്ട് പകരം അവരിൽ നിന്നും ബ്ലാങ്ക് സ്റ്റാമ്പ് പേപ്പറും ബ്ലാങ്ക് ചെക്കും വാങ്ങുന്നു. പതിനായിരം രൂപ കൊടുത്താൽ, പകരം ഒരു ലക്ഷം രൂപ പിരിച്ചെടുക്കുന്ന വളരെ അപകടകരമായ സ്ഥിതിവിശേഷം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ മക്കൾ ഗൾഫിൽ പോയി ജോലി ചെയ്തും പഠിച്ചും തങ്ങളെ പോറ്റിക്കൊള്ളണമെന്നുള്ള ധാർഷ്ഠ്യവും, മഹാഭാരതത്തിലെ യയാതിയെപ്പോലെ മക്കളോട് യൗവനം കടം വാങ്ങുന്ന രക്ഷിതാക്കളുടെ എണ്ണവും ഈ സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഈ സമൂഹത്തിൽ ആത്മഹത്യകൾ ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ. അതിനു എൽ.ഡി.എഫ്.-നെയോ യു.ഡി.എഫ്.-നെയോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കേരളത്തിൽ നടന്ന ആത്മഹത്യകൾ, കാർഷിക കടം കൊണ്ടാണോ അതോ മാനസിക പ്രശ്നം കൊണ്ടാണോ എന്ന് ശക്തമായി ഒരന്വേഷണം നടത്തി യഥാർത്ഥ കാരണങ്ങളുടെ നാരായ വേരറുക്കാൻ ശ്രമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയടക്കമുള്ള മന്ത്രിമാരോട് അഭ്യർത്ഥിക്കുന്നു. മറ്റുള്ളവരോട് സാമൂഹ്യ പ്രതിബദ്ധതയോ പരസ്പര സ്നേഹമോ സ്നേഹത്തിന്റെ തൂവൽസ്പർശമോ ഇല്ലാത്ത ഒരു സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇന്നത്തെ സാമൂഹ്യ ശാസ്ത്രജ്ഞർ പലരും മനുഷ്യന് ആത്മാവ് ഉണ്ടെന്നു കരുതുന്നില്ല. അവർ മനുഷ്യനു ശരീരമുണ്ടെന്നു മാത്രമാണ് കരുതുന്നത്. റസ്ക്കിന്റെ un to the last-ഉം സോക്രട്ടീസിന്റെ ബ്രഡ് labour-ഉം അതുപോലെ മഹാത്മാഗാന്ധിയുടെ മനുഷ്യകർത്തവ്യവുമൊക്കെ സാമൂഹ്യ രംഗത്തെ ധാർമ്മികതയെക്കുറിച്ച് നമ്മെ പഠിപ്പിക്കുകയാണ്. "നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നിന്റെ അന്നം തേടുക" എന്നു പറഞ്ഞ യേശുക്രിസ്തുവിനെപ്പോലെ എല്ലാ തൊഴിലും പരിപാവനമാണെന്നും വക്കീൽപ്പണിയും തൂപ്പുജോലിയും ഒരുപോലെ ഈ സമൂഹത്തിനാവശ്യമാണെന്നും രണ്ടാളുകൾക്കും സമൂഹത്തിൽ ആദരണീയമായ സ്ഥാനമുണ്ടെന്നുമുള്ള തൊഴിലിന്റെ മഹത്വം കേരള സമൂഹത്തിൽ ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നു സ്വന്തം താല്പര്യം, കുടുംബ താല്പര്യം, ജാതി താല്പര്യം, മത താല്പര്യം, യൂണിയൻ താല്പര്യം, രാഷ്ട്രീയ താല്പര്യം എന്നതിനപ്പുറം നമ്മുടെ സമൂഹത്തിന് ചിന്തയില്ലാതായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് എന്തിലും ഏതിലും രാഷ്ട്രീയം കാണുന്ന നിങ്ങളോട്, എനിക്ക് സഹതാപമുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. വി.ജെ. പൗലോസിന്റെ ഒരു പരാമർശത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഉടുക്കാനും പുതയ്ക്കാനും വേണ്ടിടത്തോളം അപ്പുറത്തു തന്നെയുണ്ട്. അമീബ പെരുകുന്നതുപോലെ അവിടെയുള്ള ചെറിയ പാർട്ടികൾ പിളർന്ന് രണ്ടും മൂന്നും പാർട്ടികളായി മാറിയ ദു:സ്ഥിതി നോക്കുമ്പോൾ സ്വന്തം കണ്ണിലെ കോലിനെ കാണാതെ അന്യന്റെ കണ്ണിലെ കരടിനെ കാണാൻ ശ്രമിക്കുന്ന ഇവരെക്കുറിച്ച് എന്തു പറയാനാണ്. ഇവിടെ പറഞ്ഞ ബഹുമാനപ്പെട്ട അംഗത്തിനു തന്നെ മൂവാറ്റുപുഴയിലെ തോൽവിയെ കുറിച്ച് കമ്മീഷൻ റിപ്പോർട്ടു വരാൻ പോകുകയാണ്. അതിനെക്കുറിച്ചുള്ള ഉത്കണ്ഠയ്ക്കപ്പുറം കോൺഗ്രസ്സിലെ ആഭ്യന്തര കാര്യത്തെക്കുറിച്ച് തല പുണ്ണാക്കേണ്ട കാര്യമില്ല. കേരളത്തിൽ, വികസനത്തിന്റെ കാര്യത്തിൽ നമുക്ക് രാഷ്ട്രീയം മറക്കാൻ കഴിഞ്ഞില്ലെങ്കിൽ നാളെ ആരു ഭരിച്ചാലും, ഞങ്ങൾ ഭരിച്ചാലും നിങ്ങൾ ഭരിച്ചാലും ഇവിടെ ഒരു മാറ്റവും ഉണ്ടാക്കാൻ സാധിക്കുകയില്ല. കേരവൃക്ഷങ്ങളുള്ള ഈ കേരള നാട്ടിൽ തെങ്ങിന്റെ മണ്ട ചീയലിനൊപ്പം രാഷ്ട്രീയ പാർട്ടികളുടെ മണ്ടച്ചീയലിനുകൂടി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിവിധി കണ്ടെത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. മൂന്നു വർഷംകൊണ്ട് അത്ഭുതകരമായ രീതിയിൽ കേരളത്തിന്റെ ധനകാര്യമാനേജുമെന്റ് ഭംഗിയായി നിർവ്വഹിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തു നിന്നു സംസാരിച്ചവർ എന്തിന് ഇതു പാസ്സാക്കിക്കൊടുക്കണമെന്നു ചോദിക്കുകയുണ്ടായി. ഒട്ടേറെ കാര്യങ്ങൾക്ക് ഇവർ ഇവിടെ മുതലക്കണ്ണീർ പൊഴിക്കുന്നു.. കാർഷിക പ്രശ്നങ്ങളടക്കം, പാക്കേജ് പ്രഖ്യാപിച്ചതടക്കമുള്ള ഒട്ടേറെ ജനോപകാരപ്രദമായ നടപടികൾ നടത്തിക്കൊണ്ട് മുന്നോട്ടു പോകുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ ധനവിനിയോഗ ബില്ലുമായി ഗവൺമെന്റ് സഭയെ സമീപിച്ചിരിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് വളരെ ഫലപ്രദമായി പ്രവർത്തിക്കുവാൻ ധനകാര്യവകുപ്പിനു കഴിഞ്ഞിട്ടുണ്ട്. തകർന്നടിഞ്ഞ സാമ്പത്തിക സ്ഥിതിയിൽ നിന്നും മുന്നോട്ടു പോകുവാൻ കഴിയത്തക്കവണ്ണമുള്ള, നിലനിൽക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു വളർച്ച ഉണ്ടാക്കിയെടുക്കാൻ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണന്റെ നേതൃത്വത്തിലുള്ള ഭരണത്തിനു കഴിഞ്ഞു എന്നുള്ള കാര്യം ഞാൻ സന്തോഷപൂർവ്വം അനുസ്മരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരം വിടുമ്പോഴുള്ള സാമ്പത്തിക പശ്ചാത്തലം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എല്ലാ നിലയിലും തകർന്നടിഞ്ഞ, കക്കൂസിനു നൽകിയ ചെക്കുകൾ പോലും മാറാൻ കഴിയാത്ത സ്ഥിതിവിശേഷം, അത്രമാത്രം ദുരവസ്ഥയുണ്ടായിരുന്ന ഒരു സ്ഥാനത്തു നിന്നാണ് ഇപ്പോൾ ഈ നിലയിൽ എത്തിയത്. ട്രഷറി നിയന്ത്രണങ്ങളൊക്കെ ഒട്ടേറെ ഇനങ്ങളിൽ ഉണ്ടെങ്കിലും പല ദിവസങ്ങളിലും പലയിനങ്ങളേയും ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള പ്രഖ്യാപനങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു പശ്ചാത്തലമാണ് സാമ്പത്തിക രംഗത്ത് കാണാൻ കഴിയുന്നത്. നമ്മുടെ റവന്യൂ കമ്മി കുറച്ചു കൊണ്ടു വരാൻ കഴിഞ്ഞു. അതുപോലുള്ള ഒട്ടേറെ നേട്ടങ്ങൾ നമുക്കു കാണാൻ സാധിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേയും ഐക്യജനാധിപത്യമുന്നണിയുടേയും പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ഇഫക്ടീവായ ഫിനാൻഷ്യൽ മാനേജുമെന്റ് ഈ രംഗത്ത് കാണാൻ കഴിയുമെന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. 2001-ൽ എൽ.ഡി. എഫ്.-ന്റെ ഭരണം അവസാനിക്കുമ്പോൾ, റവന്യൂ കമ്മി 3147 കോടി രൂപയായിരുന്നത് 2605 കോടി രൂപയായി കുറച്ചുകൊണ്ടു വരുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. സാമ്പത്തികമായി വളരെയേറെ മോശമായ അവസ്ഥയിൽ നിന്നും വിദഗ്ദ്ധമായ മാനേജുമെന്റിലൂടെ വളരെ അഭിമാനകരമായ നിലയിൽ മുന്നോട്ടു പോകാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു എന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ഡിമാന്റു നമ്പർ IV

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ഷനുമായി ബന്ധപ്പെട്ട കാര്യമാണ്. ഒന്നു രണ്ടു കാര്യങ്ങൾകൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇലക്ഷനുവേണ്ടി 18,12,55,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇലക്ഷനുമായി ബന്ധപ്പെട്ട് നേരത്തെ ഈ സഭയിൽ വളരെയേറെ ചർച്ചകൾ നടന്നിട്ടുണ്ട്. അസംബ്ളി ഇലക്ഷനും പാർലമെന്റ് ഇലക്ഷനും നടന്നു. അസംബ്ളി ഇലക്ഷനിൽ വോട്ടേഴ്സ് ലിസ്റ്റിൽ, നിയമ ലംഘനങ്ങൾ വരെ നടത്തിക്കൊണ്ടുള്ള ക്രമക്കേടുകൾ ഉണ്ടായി. ഇലക്ഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞാൽ പിന്നെ വോട്ടേഴ്സ് ലിസ്റ്റിൽ ഒരു മാറ്റവും ഉണ്ടാകാൻ പാടില്ലെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ആ നിയമം ലംഘിച്ചുകൊണ്ട് വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും അർഹരായ ആളുകളെ, രാഷ്ട്രീയമായി നീക്കം ചെയ്യിക്കുന്ന, സ്ഥാനാർത്ഥി ലിസ്റ്റിൽ പേരു വന്ന ആളുകൾക്കുപോലും നോമിനേഷൻ കൊടുക്കാനുള്ള ശ്രമം നടത്തിയപ്പോൾ, പത്തനംതിട്ടയിലെ ഡി.സി.സി. പ്രസിഡന്റായിരുന്ന അഡ്വക്കേറ്റ് കെ. ശിവദാസൻ നായരുടെ കാര്യമാണ് ഞാൻ പറയുന്നത്, വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും അദ്ദേഹത്തിന്റെ പേരു പോലും നീക്കം ചെയ്ത സംഭവങ്ങൾ ഉണ്ടായത്, നമ്മളെല്ലാം ചർച്ച ചെയ്യപ്പെട്ടതാണ്. അതിനു ശേഷം പാർലമെന്റ് തെരഞ്ഞെടുപ്പു വന്നു. അവിടേയും ഇതുപോലുള്ള ഒട്ടേറെ ആക്ഷേപങ്ങൾ വന്നു. അർഹരായിട്ടുള്ള ആളുകളെ, ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡു ലഭിച്ച പതിനായിരക്കണക്കിനാളുകളെ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്ത സാഹചര്യംവരെ ഉണ്ടായിട്ടുണ്ട്. രണ്ടു തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് കേരളത്തിൽ ഗൗരവകരമായി നടന്ന ചർച്ചയാണ്. സാധാരണക്കാരനായ ഒരു പൗരന്റെ അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ധാരാളം സംഭവങ്ങൾ ഉണ്ടായി. ഈ കാര്യത്തിൽ ഗവൺമെന്റ് ഇലക്ഷൻ കമ്മീഷനുമായി ചർച്ച ചെയ്ത് എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ഓരോ തെരഞ്ഞെടുപ്പു കഴിയുമ്പോഴും വോട്ടർ പട്ടികയിൽ നിന്നും പേരു നീക്കം ചെയ്യുന്നതു സംബന്ധിച്ച് വ്യാപകമായ പരാതികളും ചർച്ചകളും ഉണ്ടാകുന്നു. അതുകൊണ്ട് ഇതു സംബന്ധിച്ച് ഇഫക്ടീവായ നടപടി ഉണ്ടാകണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, വോട്ടർ പട്ടികയുടെ രഹസ്യ സ്വഭാവമാണ് തെരഞ്ഞെടുപ്പിൽ തിരിമറി നടത്താൻ സഹായകരമാകുന്നത്. വോട്ടർ പട്ടികയിൽ സുതാര്യത ഉണ്ടായാൽ, പൊതുസ്ഥലങ്ങളിലെല്ലാം പബ്ളിഷ് ചെയ്യുകയും, അതു പുറത്തു വരുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്താൽ വോട്ടർ പട്ടികയിൽ പേരില്ലാത്ത ആളുകൾക്ക് പെട്ടെന്ന് അതു മനസ്സിലാക്കാൻ സാധിക്കുകയും പേരില്ലാത്ത ആളുകളെക്കൂടി വോട്ടർ പട്ടികയിൽ ചേർക്കാൻ വികൃതമായ രൂപത്തിൽ ശ്രമിച്ചാൽ അതിനെ തടയിടാൻ നമുക്കു സാധിക്കുകയും ചെയ്യുന്നതുകൊണ്ട് തെരഞ്ഞെടുപ്പു നിയമത്തിനകത്തു തന്നെ ഇതിന്റെ സുതാര്യത ഉറപ്പു വരുത്താനുള്ള വ്യവസ്ഥ കൊണ്ടു വരേണ്ടതല്ലേ?

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> അങ്ങു പറഞ്ഞതിനോടു പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ഇപ്പോഴും കമ്മീഷൻ നൽകുന്ന വ്യാഖ്യാനം എല്ലാ സ്ഥലങ്ങളിലും പബ്ളിഷ് ചെയ്യുമെന്നൊക്കെയാണ്. അതിനേക്കാൾ വലിയ

LIBRARY ARCHIVES Kerala Legislative Assembly

അപകടകരമായ കാര്യം ഒരിക്കൽ പേരു ചേർത്ത് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് സമ്പാദിച്ച ഒരു വോട്ടറെ സംബന്ധിച്ച് പിന്നീട് അയാൾക്കു നോട്ടീസ് കൊടുത്ത്, മതിയായ കാരണങ്ങളോടുകൂടി, ഒരു പ്രൊസീഡിംഗ്സോടുകൂടി മാത്രമേ വോട്ടർ പട്ടികയിൽ നിന്നും പേരു നീക്കം ചെയ്യാൻ പാടുള്ളൂ. ഇതൊന്നുമില്ലാതെ ആളുകളുടെ പേരു നീക്കം ചെയ്യുന്നു. വോട്ടർ പട്ടികയിൽ പേരുണ്ടായി എന്നു ഉറപ്പു വരുത്തി, ഫോട്ടോ പതിച്ച കാർഡും വാങ്ങി ആളുകൾ പോളിംഗ് ബൂത്തിൽ എത്തുമ്പോൾ അവരുടെ പേരു നീക്കം ചെയ്തിരിക്കുന്നു. അതാണ് ഏറ്റവും വലിയ അപകടകരമായ കാര്യം. പുതിയതായി പേരു ചേർക്കുന്ന കാര്യത്തിൽ ഉള്ളതിനേക്കാൾ അപകടകരമായ കാര്യം അതാണ്. വളരെ ഇഫക്ടീവായ എന്തെങ്കിലും ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഇക്കാര്യത്തിൽ ഇലക്ഷൻ കമ്മീഷനുമായി ചർച്ച നടത്തിക്കൊണ്ട് ഒരു നടപടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സാധാരണ നിലയിൽ പ്രാധാന്യമുള്ള തെരഞ്ഞെടുപ്പുകളാണ് പാർലമെന്റ്, അസംബ്ളി തെരഞ്ഞെടുപ്പുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പും. അതിൽ പാർലമെന്റ് തെരഞ്ഞെടുപ്പിലും അസംബ്ളി തെരഞ്ഞെടുപ്പിലും ഒരു ലിസ്റ്റാണ് ഉപയോഗിക്കുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മറ്റൊരു ലിസ്റ്റാണ് ഉപയോഗിക്കുന്നത്. ഇത് സ്വാഭാവികമായും വലിയ ആശയക്കുഴപ്പമുണ്ടാക്കുന്നു. ഒരേയാളുകൾ തന്നെ രണ്ട് ലിസ്റ്റിൽ പേരുചേർക്കുന്നതിനുള്ള തന്ത്രപ്പാട് നടത്തുന്നു. രാഷ്ട്രീയക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം ഇക്കാര്യങ്ങളിൽ വലിയ താൽപര്യമുണ്ടാകും. അതുകൊണ്ട് ഇലക്ഷൻ കമ്മീഷനുമായി ചർച്ച നടത്തി മൂന്നു തെരഞ്ഞെടുപ്പിനുമുള്ള ലിസ്റ്റ് ത്രിതല പഞ്ചായത്തിലേയ്ക്കും, അസംബ്ളിയിലേയ്ക്കും, പാർലമെന്റിലേയ്ക്കുമുള്ള വോട്ടർ പട്ടിക ഒരു ലിസ്റ്റിന്റെ അടിസ്ഥാനത്തിലാക്കാനുള്ള ക്രമീകരണത്തെക്കുറിച്ച് ആലോചിക്കാവുന്നതേയുള്ളൂ. ഇപ്പോൾ മൂന്ന് തെരഞ്ഞെടുപ്പുകളിലുമായി രണ്ട് ലിസ്റ്റാണ് ഉപയോഗിക്കുന്നത്. അതിനുപകരം ഒരു ലിസ്റ്റിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അതുപോലെതന്നെ നിയോജകമണ്ഡലങ്ങളിലെ ഡീലിമിറ്റേഷനെ സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. ഈ ഡീ-ലിമിറ്റേഷൻ പണ്ട് പല മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിലുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഉണ്ടായിരിക്കുന്നത് ജനസംഖ്യ മാനദണ്ഡമായി സ്വീകരിച്ച് ഇത്തരം കാര്യങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും പല ജില്ലകളിലേയും നിയോജകമണ്ഡലങ്ങളിൽ കുറവുവരുന്ന സാഹചര്യമുണ്ട്. ഇപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ ഒൻപത് പഞ്ചായത്തുകളാണ്. ആ പഞ്ചായത്തുകളോട് ഇനിയും കൂടുതൽ പ്രദേശങ്ങൾ കൂട്ടി, പഞ്ചായത്തുകളെ കൂട്ടി നിയോജകമണ്ഡലങ്ങളുടെ വിസ്തൃതി കൂട്ടിയാൽ സ്വാഭാവികമായും വികസനപ്രവർത്തനങ്ങൾ കുറയാനിടയാകുമെന്നുള്ളതുകൊണ്ട് ഒരു പുനരാലോചനയ്ക്ക് തയ്യാറാകണം. പാർലമെന്റ് ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കമ്മിറ്റിതന്നെ സംസ്ഥാനങ്ങൾക്ക് 140 സീറ്റെന്നുള്ള പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട്. അതുപോലെ ജില്ലകളെ സംബന്ധിച്ചും ഒരു പുനർക്രമീകരണമാകാമെന്നുണ്ട്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അത്തരത്തിലുള്ള ഒരു സംവിധാനമുണ്ടാകണം. അതിനുവിരുദ്ധമായ സമീപനം ശരിയായ രീതിയിലാകുകയില്ല എന്നുള്ളത് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ കാര്യങ്ങളുണ്ടായില്ലേ? ആക്ഷേപങ്ങളൊക്കെ ഒട്ടേറെ പറയാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ നിഷേധിക്കാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തത് ഈ ഗവൺമെന്റാണ്. അതുപോലെ നിങ്ങൾ നിയമിച്ച ലാബ് അസിസ്റ്റന്റുമാരുടെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുണ്ടായത്, അതിനുള്ള തീരുമാനമെടുത്തത് ഈ ഗവൺമെന്റാണ്. ശ്രീ. പി. സി. ജോർജ്ജ് ഇവിടെ വാചാലമായി പ്രസംഗിച്ചു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയ്ക്കകത്തുള്ളവർക്കും വെളിയിലുള്ളവർക്കും അറിയാവുന്നതാണ്. നിങ്ങൾ നിയമിച്ച പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ ധനവിനിയോഗ ബിൽ പാസ്സാക്കിക്കൊടുക്കില്ലെന്നു പറയുന്നതിൽ എന്ത് യുക്തിയാണ്? നിങ്ങൾ ഓരോരോ സമയത്ത് ഓരോരോ കാര്യങ്ങളാണ് പറയുന്നത്. അൺ-ഇക്കണോമിക് സ്കൂളുകൾ അടച്ചുപൂട്ടുന്നുവെന്നുപറഞ്ഞ് വലിയ കോലാഹലവും ആക്ഷേപവുമൊക്കെ നടത്തിയവരല്ലേ നിങ്ങൾ? ആരാണ് ആ തീരുമാനമെടുത്തത്? 1999-ലെ 50080/99/ജനറൽ എഡ്യൂക്കേഷൻ ഉത്തരവുപ്രകാരം നാല് സ്കൂളുകളാണ് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയത്. അന്ന് സി.പി. നാരായണൻ ചെയർമാനായി പ്ലാനിംഗ് ബോർഡിന്റെ സബ് കമ്മിറ്റി 1761 അൺ-ഇക്കണോമിക് സ്കൂളുകളുണ്ടെന്നും അതിൽ 30 ശതമാനം നിലനിർത്തി ബാക്കി 70 ശതമാനവും അടച്ചുപൂട്ടണമെന്നുമുള്ള നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തുള്ള ലിസ്റ്റാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ചർച്ചചെയ്യപ്പെട്ടത്. പക്ഷെ ഈ ഗവൺമെന്റ് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള തീരുമാനമെടുത്തു. വളരെക്കുറച്ച് കുട്ടികൾ മാത്രമുള്ള സ്കൂളുകളാണ് അടച്ചുപൂട്ടപ്പെട്ടത്. ബാക്കിയുള്ള സ്കൂളുകളുടെമേൽ ഒരു നടപടിയുമെടുത്തില്ല.

ശ്രീ. രാജു എബ്രഹാം: ഈ ഭരണം വളരെ മെച്ചപ്പെട്ട നിലയിൽ പോകുന്നുവെന്നുള്ളതാണ് അങ്ങയുടെ അഭിപ്രായം. ഞാൻ ഇന്നൊരു വാർത്ത കേട്ടു, അതായത് കഴിഞ്ഞ മൂന്നു വർഷക്കാലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീട് അടച്ചുപൂട്ടിയിട്ടിരിക്കുകയായിരുന്നു. ഇപ്പോൾ വളരെ തിരക്കിട്ട് ആ വീടിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ തുടങ്ങിയിരിക്കുന്നുവെന്നാണ്. അപ്പോൾ അടിയന്തിരമായി എന്തെങ്കിലും മാറ്റങ്ങളുണ്ടാകുമോ എന്നുള്ള കാര്യം വ്യക്തമാക്കുമോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: മുഖ്യമന്ത്രിയുടെ വീടിന്റെ കാര്യത്തിലും മറ്റും ശ്രീ. രാജു എബ്രഹാം താൽപര്യം കാണിക്കേണ്ട കാര്യമില്ല. ഞാൻ മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റേയും മുൻപിൽ വയ്ക്കുന്ന സുപ്രധാനമായ ഒരു കാര്യം എസ്.എസ്.എൽ.സി റാങ്ക് നിർണ്ണയം.....

ശ്രീ. എ. കെ. ബാലൻ: സർ, അൺ-എക്കണോമിക്കായിട്ടുള്ള സ്കൂളുകൾ അടച്ചുപൂട്ടുമെന്നാണല്ലോ നേരത്തെ പറഞ്ഞത്. അൺ-എക്കണോമിക്കായിട്ടുള്ള ഈ ഗവൺമെന്റിനെ അടച്ചുപൂട്ടാനുള്ള വല്ല നടപടിയുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഞാൻ ആദ്യം സ്കൂളുകളെക്കുറിച്ചുള്ള കാര്യം ക്ളിയർ ചെയ്യട്ടെ. നിങ്ങളുടെ കാലത്തുണ്ടാക്കിയ കാര്യത്തിലുള്ള നടപടിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അൺ-എക്കണോമിക്കായിട്ടുള്ള ഗവൺമെന്റെന്ന് പറയുന്ന ശ്രീ. എ. കെ. ബാലനോട് എനിക്ക് പറയുവാനുള്ളത് നിങ്ങളുടെ പാർട്ടിയിലുള്ള മെമ്പർഷിപ്പ് കുറവിനെപ്പറ്റി പാർട്ടി കമ്മിറ്റി വ്യാപകമായ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. പാർട്ടിയിലേയ്ക്ക് ആളെ കിട്ടുന്നില്ല, പാർട്ടി മെമ്പർഷിപ്പ് കുറയുന്നു. ഇത്തരത്തിലുള്ള അൺ-എക്കണോമിക്കായിട്ടുള്ള മാർക്സിസ്റ്റ് പാർട്ടി അടച്ചുപൂട്ടുന്നതിനെക്കുറിച്ച് ആദ്യമാലോചിക്കുന്നതായിരിക്കും നല്ലത്. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഇതുവരെയുണ്ടായിരുന്ന റാങ്ക് സിസ്റ്റം മാറ്റി ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞു. ആ ആശയത്തെ എല്ലാപേരും സ്വാഗതം ചെയ്തു. എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത് ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ വലിയ ആശങ്കകളുണ്ട്. പാർട്ട് 1, പാർട്ട് 2, പാർട്ട് 3 എന്ന നിലയിൽ ക്രമീകരിച്ചിട്ടുള്ള ഗ്രേഡിംഗിനെ സംബന്ധിച്ച് വ്യക്തമായി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഈ രംഗത്ത് ആശങ്കകളൊഴിവാക്കി മുന്നോട്ടു പോകാനുള്ള ഒരു സമീപനമുണ്ടാകണം. കാർഷിക മേഖലയിൽ കൃഷിക്കാർക്കുവേണ്ടി ഗവൺമെന്റിന് ചെയ്യാവുന്നതിലേറെ കാര്യങ്ങൾ ചെയ്യുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ദുരിതമനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കാൻ ഒരു പാക്കേജ് പ്രഖ്യാപിച്ചു. ഇവിടെ പി. സി. ജോർജ്ജ് സംസാരിച്ചപ്പോൾ ശ്രീ. വി. ജെ. പൗലോസിന്റെ ഒരു പത്രറിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. അത് പത്രത്തിൽ നേരിട്ട് പറഞ്ഞതല്ല, അല്ലാതെ വന്ന റിപ്പോർട്ടാണെന്ന് വി. ജെ. പൗലോസ് നിഷേധിക്കുകയുണ്ടായി. പക്ഷെ പി. സി. ജോർജ്ജ് പത്രസമ്മേളനം നടത്തി പറഞ്ഞത് എന്താണെന്നോ? 1999-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടുക്കിയിൽ മൽസരിച്ച ഫ്രാൻസിസ് ജോർജ്ജിനും കോട്ടയത്ത് മൽസരിച്ച സുരേഷ്കുറുപ്പിനും വേണ്ടി ബി.ജെ.പി-യുടെ വോട്ട് മറിച്ചെന്നും അതിന് നടത്തിപ്പുകാരനായി നിന്നത് ഞാനാണെന്നും പറഞ്ഞത് അദ്ദേഹം ഓർക്കണം. പാമ്പ് വേലായുധന്റെ സർപ്പക്കൂടാണെന്ന് ആക്ഷേപിച്ച നിങ്ങളോട് എനിക്ക് സൂചിപ്പിക്കുവാനുള്ളത് ഇത് സർപ്പക്കൂടാണെങ്കിൽ ആ സർപ്പക്കൂടിൽ നിന്നും പുറത്തുചാടിയ പലരുമാണ് അപ്പുറത്തിരിക്കുന്നത്. അതിൽ ഉഗ്രവിഷമുള്ള മൂർഖനടക്കമുണ്ട്. ഈയിടെ തിരിഞ്ഞുകൊത്തുകയുണ്ടായി. അതുകൊണ്ട് നിങ്ങൾ സൂക്ഷിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി അനുകൂലിക്കുകയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, കേരള ധനവിനിയോഗ (12-ാം നമ്പർ) ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇതിനെ അനുകൂലിക്കാൻ കാരണം ലുബ്ധ് വളരെ മോശമാണ്. അതിലേറെ മോശമാണ് ധൂർത്ത്. ലുബ്ധും, ധൂർത്തും ഒരുപോലെ അപകടകരമാണ്. പക്ഷെ ഒരു മാധ്യമ നിലപാടെടുത്ത ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് ഇന്ന് കേരളത്തിലുള്ളത്. അനുഭവമാണ് അദ്ദേഹത്തിന്റെ കൈമുതൽ. വാചാലമായി അദ്ദേഹം പ്രസംഗിക്കില്ല. ബഡായി പറയില്ല. ചെയ്യുന്ന കാര്യം പറയും, ചെയ്യാത്തത് ചെയ്തില്ല എന്നുപറയും. ഒരു

മനുഷ്യന് വേണ്ട ഗുണം അതുതന്നെയാണ്. ഏറ്റവും ആത്യന്തികമായ ഗുണം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. ആന്ധ്രാപ്രദേശിലാണ് ആത്മഹത്യകളുടെ നീണ്ട പരമ്പര അഞ്ചു വർഷത്തിനുമുൻപ് ഞങ്ങൾ കേട്ടത്. എന്നാൽ അതിപ്പോൾ കേരളത്തിലേയ്ക്കും വന്നിട്ടുണ്ട്. അന്ന് അവിടത്തെ ആത്മഹത്യയ്ക്ക് കാരണം കൃഷി മേഖലയിലെ വിലത്തകർച്ചയായിരുന്നു. കാർഷിക മേഖലയിൽ 22 രൂപയുണ്ടായിരുന്ന റബ്ബറിന് ഇപ്പോൾ 67 രൂപയുണ്ട്. രണ്ടു രൂപയുണ്ടായിരുന്ന നാളികേരത്തിന് ഇപ്പോൾ അഞ്ചു രൂപയാണ്. നെല്ലിനും അതുപോലെ ഇരട്ടി വിലയായി. ഇഞ്ചിക്ക് റിക്കാർഡ് വില. കുരുമുളകിന് പറിക്കുന്നകൂലി കിട്ടുന്ന ഒരു കാലഘട്ടമുണ്ടായി. ഈ മേഖലയിൽ ഒരു വസന്തകാലം വന്നിട്ടുണ്ടെന്നൊന്നും ഞാൻ പറയുന്നില്ല എന്നാലും ഒരുണർവ്വുണ്ടായിട്ടുണ്ട്. പക്ഷെ വയനാട് മേഖലയിൽ കാപ്പിയുടെ വില വർദ്ധിച്ചിട്ടില്ല. തേയിലയുടെ കൊളുന്തിന്റെ വില വർദ്ധിച്ചിട്ടില്ല. അവിടത്തെ കൃഷിക്കാർ ലോണെടുത്തിട്ടുണ്ട്. ഇവിടെ അടിയന്തിരമായി ചെയ്യേണ്ടത് ബാങ്കുകളിലെ പ്രസിഡന്റുമാരെ വിളിച്ച് പാവപ്പെട്ട, അർഹതയുള്ള കൃഷിക്കാരന്റെ പലിശ എഴുതിത്തള്ളാൻ ഗവൺമെന്റ് നേതൃത്വം കൊടുക്കണം. അതുപോലെ ദീർഘകാല വായ്പ നാമമാത്ര പലിശയ്ക്ക് കൊടുക്കണം. അങ്ങനെ കൃഷിക്കാരെ സഹായിക്കണം. അതല്ലാതെ അടിയന്തിരപ്രമേയവും സബ്മിഷനും ഇറങ്ങിപ്പോക്കലുമായി അവസാനിപ്പിക്കേണ്ട കാര്യമല്ല. ഈ ദുരവസ്ഥയ്ക്ക് അറുതി വരുത്തണം. ഒരാൾ ആത്മഹത്യ ചെയ്തെന്നു പറഞ്ഞാൽ എന്താണ്? ഒരാളെ ഒരു തെറി പറഞ്ഞാൽ തിരിച്ച് മാപ്പെന്ന് പറയാം, പ്ലീസ് എന്നു പറയാം, സോറി എന്നു പറയാം. പക്ഷെ ഒരു മനുഷ്യ ജീവൻ നഷ്ടപ്പെട്ടാൽ ആ ജീവൻ തിരിച്ചു കിട്ടില്ല. അപ്പോൾ ഇത് വാഗ്ദത്തത്തിന്റേയും സംവാദത്തിന്റേയും കാര്യമല്ല. പ്രായോഗികതയുടെ പ്രശ്നമാണ്. ഇപ്പോൾ മനുഷ്യന്റെ ആഗ്രഹങ്ങൾ അതിരില്ലാതെ വളരുകയാണ്. ഒരു പുതിയ മോഡൽ കാർ കണ്ടാൽ അത് നമുക്ക് എങ്ങനെയും വാങ്ങണം. 50,000 രൂപയും 60,000 രൂപയുമൊക്കെ ടാക്സടച്ച് വാങ്ങിക്കും. കുറച്ചുദിവസം കഴിയുമ്പോൾ വായ്പതിരിച്ചടയ്ക്കാൻ കഴിയാതെ ഐ.സി.ഐസി.ഐ.-യേയും എച്ച്.ഡി.എഫ്.സി-യേയുമൊക്കെ സമീപിക്കും. അവസാനം ഡീസലടിക്കാൻ കാശില്ലാതെ 20 രൂപ ദിവസവും ടാക്സ് കൊടുത്ത് വീടിനു മുന്നിൽ കാറിട്ടിട്ട് ഓഫീസിലേയ്ക്ക് നടന്നു പോകുന്ന മലയാളി സംസ്ക്കാരത്തെ നിലനിർത്താൻ ശ്രമിക്കുന്നത് മോശമാണ്. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ പിന്താങ്ങാൻ എന്തുകൊണ്ടും ഞാൻ തയ്യാറാണ്. ഞാൻ വിദ്യാഭ്യാസ മേഖലയിലെ കാര്യങ്ങളെ വളരെ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുകയാണ്. കഴിഞ്ഞ പണിമുടക്കുകാലത്ത് ഉയർന്ന ഏറ്റവും വലിയ പൊതു പ്രാധാന്യമുള്ള മുദ്രാവാക്യമുണ്ട്, 2050 സ്കൂളുകൾ അടച്ചുപൂട്ടും. സത്യത്തിൽ 2050 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനമെടുത്തത് എൽ.ഡി.എഫിന്റെ പ്ലാനിംഗ് ബോർഡാണ്, എൽ.ഡി.എഫ്. ഭരിച്ച കാലത്ത് പി.എ.സി.-യുടെ ശുപാർശ പ്രകാരമാണ്. അങ്ങനെ അവർ അടച്ചുപൂട്ടിയ സ്കൂളുകളിൽ 105 എണ്ണത്തിന്റെ ലിസ്റ്റ് മാത്രമാണ് അന്നത്തെ ഗവൺമെന്റ് പ്രസിദ്ധീകരിച്ചത്. പിന്നീട് വന്ന ഗവൺമെന്റ് 45 ആയി ചുരുക്കി. ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, അട്ടപ്പാടി

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിലെ ഒരു സ്കൂളും കേരളാ ഗവൺമെന്റ് അടച്ചുപൂട്ടിയില്ല. 100 കുട്ടികളുള്ള ഗവൺമെന്റ് സ്കൂളുകൾ 50 ആക്കി ചുരുക്കി. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ പിന്താങ്ങണ്ടേ? എൽ.ഡി.എഫ്. ഭരണകാലത്ത് 386 പ്ളസ്ടു സ്കൂളുകൾ കൊടുത്തു. 161-ഉം 225-ഉം സ്കൂളുകൾ കൊടുത്തത് എയ്ഡഡ് മേഖലയ്ക്കാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. നാലകത്ത് സൂപ്പിയും ശങ്കർജിയും ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റും പ്ളസ്ടു കൊടുത്തു. ഈ പ്ളസ്ടു ആദ്യം196-ഉം പിന്നീട് 80-ഉം കൊടുത്തത് ഗവൺമെന്റ് മേഖലയിലാണ്. പൊതുരംഗത്തിന് ഇത്രയധികം പ്രാധാന്യം കൊടുക്കുന്നതുകൊണ്ടാണ് ഈ സർക്കാർ ഈ സ്കൂളുകൾ അടച്ചുപൂട്ടാത്തത്. പൊതുമേഖലയിൽ പ്ളസ്ടു കൊടുത്ത സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. മാത്രമല്ല എൽ.ഡി.എഫ്. ഭരണകാലത്ത് നിയമിച്ച 9,000 സർക്കാർ സ്കൂളുകളിലെ ഹയർ സെക്കണ്ടറി അധ്യാപകർക്ക് കൃത്യമായി ശമ്പളം കൊടുത്ത സർക്കാരാണ് ഈ സർക്കാർ. 1999-ലെ അപ്രഖ്യാപിതമായ ഒരു വാക്കാലുള്ള നിയമന നിരോധന ഉത്തരവിന്റെ പേരിൽ മുഴുവൻ ലീവ് വേക്കൻസികളും ഫ്രീസ് ചെയ്തിരുന്നു. അതിനു മുഴുവനും ഈ ഗവൺമെന്റ് അംഗീകാരം കൊടുത്തു. കേരളത്തിലെ അധ്യാപകർ യു.ഡി.എഫ്. ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരാൻ പാടുപെട്ടവരാണ്. ഡി.പി.ഇ.പി. സമ്പ്രദായത്തിനെതിരെ പ്രതിഷേധിച്ചവരാണ്. ആ അധ്യാപകർക്ക് ഇന്നും പ്രതിഷേധമുണ്ട്. ഞാൻ ആവർത്തിച്ച് പറയുന്നു, എന്തൊക്കെ പ്രതിബന്ധങ്ങളുണ്ടായാലും 1:40 എന്ന അനുപാതം കേരളത്തിലെ സഹകാര്യ സ്കൂൾ അധ്യാപകരുടേയും എയ്ഡഡ് സ്കൂൾ അധ്യാപകരുടേയും ന്യായമായ ആവശ്യമാണ്. ആ കാര്യത്തിൽ ഗവൺമെന്റ് പിശുക്ക് കാണിക്കരുതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 100 വർഷം പൂർത്തിയാക്കിയ എല്ലാ ഗവൺമെന്റ് സ്കൂളുകളും അപ്ഗ്രേഡ് ചെയ്യണം. കേരളത്തിൽ ഇന്ന് ഗവൺമെന്റ് മേഖലയിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത പഞ്ചായത്തുകളുണ്ട്. ഉദാഹരണത്തിന്, കേരളത്തിൽ ഏറ്റവും ജനസാന്ദ്രത കൂടിയ മണ്ണാർക്കാട് ഹെഡ്ക്വാർട്ടേഴ്സിൽ ഹൈസ്കൂളില്ല. അതുപോലെ ഒരുപാട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കാഞ്ഞിരപ്പള്ളിയിൽ ഹയർ സെക്കണ്ടറി ഇല്ലായെന്ന് പത്രത്തിൽ വന്നിട്ടുണ്ട്. അത്തരം സ്കൂളുകളിൽ ഹയർ സെക്കണ്ടറി കൊണ്ടുവരണം. അതുപോലെ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് 11 സ്കൂളുകൾ അടച്ചുപൂട്ടി. സ്കൂളുകൾ അടച്ചുപൂട്ടുന്ന സംവിധാനത്തിന് പല കാരണങ്ങളുമുണ്ട്. അൺഎയ്ഡഡ് മേഖലയിൽ സ്കൂൾ കൊടുത്തപ്പോൾ സ്വാഭാവികമായും സ്കൂൾ അടച്ചുപൂട്ടുമെന്ന ധ്വനി വന്നപ്പോൾ അക്കാഡമിക് നിലവാരം വർദ്ധിക്കുകയുണ്ടായി. ഇത്തവണ ആയിരം കുട്ടികൾ എൻട്രൻസിൽ വന്നതിൽ 126 കുട്ടികൾ പിന്നോക്ക ജില്ലയായ മലപ്പുറത്തുനിന്നാണ്. 33,000 കുട്ടികളാണ് അവിടെ എസ്.എസ്.എൽ.സി. പാസ്സായത്. അവർക്ക് പഠിക്കാൻ ഗവൺമെന്റ് മേഖലയിൽ 50 പ്ളസ്ടു കൊടുത്തു. എന്റെ കയ്യിലിരിക്കുന്നത് അട്ടപ്പാടിയിലെ റിപ്പോർട്ടാണ്. ആദിവാസി സ്കൂളിൽ പ്ളസ്ടു ഇല്ല. (പേപ്പർ സഭയിൽ ഉയർത്തിക്കാട്ടി) 92% റിസൾട്ടാണ് ഈ വർഷം അവിടെ ഉണ്ടായത്. അവിടെ ഈ ഗവൺമെന്റ് പ്ളസ്ടു കൊടുത്തു. 15% റിസൾട്ടായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി സ്കൂളിൽ. ഇത്തവണ അത് 83% ആയി. പാലക്കാട് ജില്ലയിലെ എല്ലാ സ്കൂളുകൾക്കും പ്ലസ്ടു കിട്ടി. ഇത് പുരോഗമനപരമായ നടപടിയാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ, അതിനെ അനുകൂലിക്കാൻ ഒരാൾപോലും മുന്നോട്ടുവന്നില്ല. അതിനെ പ്രശംസിക്കാൻ ഒരാൾപോലും മുന്നോട്ടുവന്നില്ല. നേരേമറിച്ച് എയ്ഡഡ് മേഖലയിൽ വാരിക്കോരി കൊടുത്തു. പ്ലസ്ടുവിന്റെ കാര്യത്തിൽ അഴിമതിയെക്കുറിച്ച് ബഹുമാനപ്പെട്ട കോടതി ചൂണ്ടിക്കാണിച്ച ഒരുപാട് രേഖകൾ എന്റെ കയ്യിലുണ്ട്. 'സർക്കാർ രാജി വയ്ക്കണം. രാജി വയ്ക്കേണ്ട കാര്യമില്ല—ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ' 'സർക്കാർ രാജി വയ്ക്കുകയാണ് വേണ്ടതെന്ന് ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ'. പ്ലസ്ടു കൊടുത്തതിനെ സംബന്ധിച്ച് ഒരു കോടതിയും വിമർശിച്ചിട്ടില്ല. ഒരാളും പരിഹാസം പറഞ്ഞിട്ടില്ല. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന ഒരു കുട്ടിക്ക് ഒരു വർഷത്തെ പഠന ചെലവ് 17,000 രൂപയാണ്. പക്ഷേ അവിടെ കിട്ടുന്നത് നാമമാത്രമായ ഫീസാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ക്വാളിറ്റി ഇമ്പ്രൂവ് ചെയ്യുന്നതിന് ഈ രംഗത്തെ ബന്ധപ്പെട്ട എല്ലാപേരേയും വിളിച്ചുകൊണ്ട് എങ്ങനെ സാമ്പത്തികമായ കപ്പാസിറ്റിയുണ്ടാകുമെന്ന് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്, സംസ്ഥാനത്ത് എയ്ഡ്സ് രോഗം വർദ്ധിച്ചുവരികയാണ്. 2004 മേയ് മാസം 260 കേസ്സുകൾ റിപ്പോർട്ട് ചെയ്തുവെങ്കിൽ ജൂൺ മാസമായപ്പോൾ 1769 ആയി. എയ്ഡ്സ് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ജീവിതത്തിൽ ഒരു കുറ്റവും ചെയ്യാത്ത കുട്ടികളിലാണ്. സമൂഹത്തിലെ ഏറ്റവും വലിയ പ്രതീക്ഷയാണ് അവരുടെ തിളങ്ങുന്ന കണ്ണുകൾ. നിഷ്കളങ്കരായ, ജീവിതം എന്താണെന്നുപോലും അറിയാത്ത പാവപ്പെട്ട കുട്ടികളെ അവർ ചെയ്യാത്ത തെറ്റുകളുടെ പേരിൽ എയ്ഡ്സ് ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആ കുട്ടികളുടെ രോഗത്തിന് ചികിത്സ വേണം. അതിന് സാമ്പത്തികമായി വലിയ കാശ് വേണം. ഗവൺമെന്റ് ഏതെങ്കിലും തരത്തിൽ ചികിത്സയ്ക്ക് പണമുണ്ടാക്കി ആ ഹതഭാഗ്യരെ രക്ഷപ്പെടുത്തണം. തെറ്റ് ചെയ്യാതെ ശിക്ഷിക്കപ്പെടുന്ന പാവങ്ങളെ രക്ഷിക്കാൻ മുന്നോട്ടുവരണം. ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇന്ന് കുടിയിറക്ക് നടത്തുകയാണ്. 1969-ൽ ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദ് കോയ സാഹിബ് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ അവിടെ പോലീസ് പോയി കുടിയിറക്ക് നടത്തുകയുണ്ടായി. അന്നുമുതൽ കുടിയിറക്ക് നിർത്തിവച്ചിരിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> ബഹുമാനപ്പെട്ട കളത്തിൽ അബ്ദുള്ള വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഏകദേശം 80,000-ഓളം എച്ച്.ഐ.വി. ബാധിതർ കേരളത്തിലുണ്ട് . അതിനുള്ള മരുന്ന് പാവപ്പെട്ടവന് താങ്ങാൻ കഴിയുകയില്ല. അത് ഫ്രീയായിട്ട് കൊടുക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഗവൺമെന്റിന്റെ മുന്നിൽ വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: ശ്രീ. എ. കെ. ബാലന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. ഞാൻ പറഞ്ഞുവരുന്നത് എന്റെ നിയോജകമണ്ഡലത്തിൽ കുടിയിറക്ക് നടക്കുകയാണ്. എ.കെ.ജി. നടത്തിയ അമരാവതി സത്യാഗ്രഹം ഞാൻ ഓർക്കുകയാണ്. ഫാദർ വടക്കന്റെ കൂടെ എ.കെ.ജി. മിച്ചഭൂമി സമരം നടത്തിയത് ഞാൻ ഓർക്കുകയാണ്. 5, 10, 25 സെന്റുകളും ഒരേക്കറുമൊക്കെയുള്ള ആ പാവപ്പെട്ട കൃഷിക്കാരെ കുടിയിറക്കുകയാണ്. അഗളി പഞ്ചായത്തിലെ ഓടപ്പെട്ടിയിൽ കുറുക്കൻകുണ്ടിൽ ഒരു ആർ.സി. ക്രിസ്ത്യൻ പള്ളിവരെ കുടിയിറക്കിന് വിധേയമാകാൻ പോകുകയാണ്. ഗവൺമെന്റ് പതിച്ചു നൽകിയ മണ്ണാർക്കാട് പോളിടെക്നിക്കിന്, റവന്യൂ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയ ആ സ്ഥലംവരെ ഫോറസ്റ്റ് കുടിയിറക്കാൻ പോകുകയാണ്. കയ്യേറ്റക്കാരല്ല. ഈ ചെറുകിട കൃഷിക്കാർ കയ്യേറ്റം ചെയ്തതൊന്നുമല്ല. മതികെട്ടാനിലാണെങ്കിലും പുതിയതായി ഈ രാജ്യത്ത് വനം പിടിച്ചെടുക്കുന്ന കക്കി വനത്തിലാണെങ്കിലും മറ്റേത് വനത്തിലാണെങ്കിലും വമ്പൻമാർ പിടിച്ചെടുത്താൽ അവരെ നിഷ്കരുണം ഇറക്കിവിടണം. സി.പി.ഐ.(എം) അവിടെ സമരത്തിലാണ്. എന്റെ പാർട്ടി സമരത്തിലാണ്. ഞങ്ങൾ ഒന്നടങ്കം ഈ കുടിയിറക്കലിനെതിരെ സമരത്തിലാണ്. കുടിയിറക്ക് അടിയന്തിരമായി നിർത്തിവയ്ക്കണം. ജോയിന്റ് വെരിഫിക്കേഷൻ നടത്തണം. നിരപരാധികളായ നിരാലംബരായ കർഷകരെ ആ ഭൂമിയിൽനിന്നും ഒരിക്കലും കുടിയിറക്കരുത്. ദയവായി ഇക്കാര്യത്തിൽ പ്രതിപക്ഷ നിലപാട് വിശദമാക്കണം. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വളരെ ഭദ്രമാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ മറ്റിതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അവയേക്കാൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. മാത്രവുമല്ല കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിരുന്നതിനേക്കാൾ വളരെ ഭദ്രമായ ഫിനാൻസ് മാനേജുമെന്റാണ് എന്ന് സമ്മതിക്കാതിരിക്കാൻ ആർക്കും കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളേയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പല കാരണങ്ങളും അതിനെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ ഒരു കാര്യം നമുക്ക് പറയാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് ഒരു നല്ല മാനേജുമെന്റ് ഉണ്ടെന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ ഇതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമെന്താണെന്ന് നാം ആലോചിക്കണ്ടേ? ഇതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം ഞാൻ കാണുന്നത് റവന്യൂ കമ്മി കുറയ്ക്കണം. അതേയവസരത്തിൽ നമ്മുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കണം. റവന്യൂ കമ്മി കുറച്ച്, റവന്യൂ ചെലവുകൾ കുറച്ച് വരുമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് നാം ഇതിനെ മാനേജ് ചെയ്യാൻ ശ്രമിക്കേണ്ടത്. ഈ ഗവൺമെന്റ് ഇതിനുവേണ്ടി എന്ത് ചെയ്തുവെന്ന് പരിശോധിക്കാവുന്നതാണ്. 2001-ലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. 2001 മാർച്ച് 31-ലെ സി.&എ. ജി.-യുടെ ഫിഗർ പരിശോധിച്ചാൽ നമ്മുടെ റവന്യൂ വരുമാനം കേവലം 8730 കോടി രൂപയാണെന്ന് കാണാൻ സാധിക്കും. 8730 കോടി രൂപ മാത്രമായിരുന്നു ഇടതുപക്ഷക്കാർ ഇറങ്ങിപ്പോകുമ്പോൾ നമ്മുടെ

സംസ്ഥാനത്തിന്റെ റവന്യൂ റെസീപ്റ്റ്. 2002-2003-ലെ സി. ആന്റ് എ. ജി. റിപ്പോർട്ട് അനുസരിച്ച് നോക്കിയാൽ നമുക്ക് കാണാൻ സാധിക്കും. അത് 10,634 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അത് ഈ ഗവൺമെന്റിന് സാധിച്ചു എന്നത് ഒരു നിസാര കാര്യമായി ഞാൻ കാണുന്നില്ല. അതു മാത്രമല്ല, ധനകാര്യ കമ്മീഷന്റെ അവാർഡ് നമുക്ക് വളരെ പ്രതികൂലമായി വന്നുവെന്നുള്ള കാര്യം എല്ലാവർക്കും അറിയാം. 360 കോടിയോളം രൂപയാണ് അതിന് മുൻപിലത്തെ ധനകാര്യ കമ്മീഷന്റെ അവാർഡുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്ക് നഷ്ടം ഉണ്ടായത്. സെൻട്രൽ ടാക്സിന്റെ കാര്യത്തിൽ സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ തന്നെ നമുക്ക് കാണാൻ സാധിക്കും. ഡിവിഷണൽ പോയിന്റ് 19.20% നമുക്ക് ലഭിച്ചിരുന്നുവെങ്കിൽ 2002-2003-ൽ അത് 16.13% ആയി കുറഞ്ഞു. അന്ന് ഭരണത്തിൽ നിങ്ങളല്ല ഉണ്ടായിരുന്നത്, ഞങ്ങളാണ് ഉണ്ടായിരുന്നത്. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. കുറ്റപ്പെടുത്തുന്നത് ശരിയുമല്ല. ഈ ധനകാര്യ കമ്മീഷൻ നമുക്ക് വളരെയേറെ ദ്രോഷം ചെയ്തു. ധനകാര്യ കമ്മീഷൻ ചിലരെ സഹായിച്ചിട്ടുണ്ട്. അത് രാഷ്ടീയ അഭിപ്രായ വ്യത്യാസം കൊണ്ടാണെന്നൊന്നും ഞാൻ പറയുന്നില്ല. ഏറ്റവും കൂടുതൽ ഗുണം കിട്ടിയത് വെസ്റ്റ് ബംഗാളിനാണ്. ഒരു സ്പെഷ്യൽ ഗ്രാന്റ് 16,000 കോടി രൂപ കൊടുത്തപ്പോൾ 3,600 കോടിയോളം രൂപ വാങ്ങാൻ വെസ്റ്റ് ബംഗാളിന് സാധിച്ചെങ്കിൽ നമുക്ക് ഒരു പൈസ പോലും കിട്ടിയില്ലെന്ന് മാത്രമല്ല, നമുക്ക് 3,600 കോടി രൂപയുടെ കുറവാണ് ഉണ്ടായത്. ഞാൻ ഏതായാലും അതിലേയ്ക്ക് കടക്കുന്നില്ല. അത് നമുക്ക് കുറഞ്ഞു. അതുപോലെ 10.77% ആണ് ഗ്രാന്റ് ഇൻ എയ്ഡ് കിട്ടിയിരിക്കുന്നത്. ഈ ഗ്രാന്റ് ഇൻ എയ്ഡ് 8.82% ആയി കുറഞ്ഞു. നമ്മുടെ ടോട്ടൽ റവന്യൂ റസീപ്റ്റ് വച്ച് നോക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ടാക്സിൽ നിന്നും കിട്ടുന്ന ഗ്രാന്റ് ഇൻ എയ്ഡും ടാക്സ് കളക്ഷനും നോൺ ടാക്സ് കളക്ഷനും എല്ലാം കൂടി കൂട്ടിയാണ് റവന്യൂ റസീപ്റ്റ്. ആ റവന്യൂ റസീപ്റ്റ് ഇത്രത്തോളം ഉയർത്താൻ നമുക്ക് സാധിച്ചെങ്കിൽ അതിന്റെയർത്ഥം എന്താണ്? കുറച്ചെങ്കിലും സംസ്ഥാനത്തിന്റേത് കൂട്ടാൻ വേണ്ടി സാധിച്ചു. അതുകൊണ്ടാണ് ഈ സംസ്ഥാനത്തിന് ഗുണം ഉണ്ടായത്. നമ്മുടെ സംസ്ഥാനത്ത് റവന്യൂ റസീപ്റ്റ് വർദ്ധിച്ചു എന്ന് പറഞ്ഞാൽ this was due to 23.28% and 24.86% increase in tax and non-tax revenue. കഴിഞ്ഞ കൊല്ലം ഈ സംസ്ഥാനത്തെ ടാക്സ് റവന്യൂ 23.28% ശതമാനവും നോൺ ടാക്സ് റവന്യൂ 24.86% ശതമാനവും വർദ്ധിച്ചു. സെൻട്രൽ ടാക്സ് കുറഞ്ഞു. ഇത് വർദ്ധിച്ചു എന്ന് പറഞ്ഞാൽ ഇവിടെ ഒരു നല്ല ഫൈനാൻസ് മാനേജുമെന്റ് ഉണ്ടായി എന്നാണ് കാണിക്കുന്നത്. ഇവിടെ നല്ല റവന്യൂ കളക്ഷൻ നടന്നു എന്നാണ് കാണിക്കുന്നത്. ഇത് പറയുന്നത് സി. ആന്റ് എ.ജി. ആണ്. ഞാൻ ഏതായാലും ഒരു കാര്യം പറയട്ടെ. എക്സ്പെന്റിച്ചർ സൈഡിൽ നോക്കുകയാണെങ്കിൽ അതിന് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഒരു കാര്യം നിങ്ങൾ കാണണ്ടത് എക്സ്പെന്റിച്ചർ സൈഡിൽ 2002-2003-ലെ സി. ആന്റ് എ. ജി. റിപ്പോർട്ട് അനുസരിച്ച് 14,756 കോടി രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട്. 2000-2001-ൽ 11,877 കോടി രൂപയാണ് ചെലവ് ഉണ്ടായത് ഇവിടെ ഈ സി.ആന്റ് എ. ജി.-യുടെ കണക്കനുസരിച്ച് നമ്മൾ പരിശോധിക്കുമ്പോൾ ഒരു കാര്യം കാണാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

2000-2001-ലെ എൽ.ഡി.എഫ്. ഭരണ കാലത്തെ ഗ്രാന്റ് അപ്രോപ്രിയേഷൻ അക്കൗണ്ട് എടുത്തു നോക്കിയാൽ കാണുന്ന ഒരു വസ്തുത, 1535,52 കോടി രൂപ ഈ അസംബ്ലി ഗ്രാന്റ് പാസാക്കി കൊടുത്ത തുക ചെലവിടാതെയാണ് നിങ്ങൾ പോയത്. ചെലവിടാത്തതിൽ പോലും റവന്യൂകമ്മി കുറഞ്ഞു. 3,147കോടി രൂപയായി. 2000-2001—ൽ സഭ പാസാക്കി തന്ന അപ്രോപ്രിയേഷൻ അക്കൗണ്ട് ഗ്രാന്റ് നിങ്ങൾ ചെലവിട്ടിരുന്നുവെങ്കിൽ 3,147+1,535 അങ്ങനെ 4600 കോടിയിൽപരം രൂപയുടെ റവന്യൂകമ്മി വരുമായിരുന്നു. 3,147 കോടി രൂപ റവന്യൂകമ്മി ഉണ്ടായിരുന്നത് ശ്രീ. ശങ്കരനാരായണന്റെ ഭരണത്തിൽ 2002-2003—ൽ 4,122 കോടി രൂപയായി എന്ന് നിങ്ങൾ പറയുന്നു. അത് ശരിയാണ്. സി. ആന്റ് എ.ജി.-യുടെ കണക്കുകളാണ്. പക്ഷേ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കണം. അപ്രോപ്രിയേഷൻ അക്കൗണ്ട് 2002-2003 എടുത്തു നോക്കിയാൽ അപ്രോപ്രിയേഷൻ അക്കൗണ്ടിൽ ചെലവിടാൻ ഗ്രാന്റ് പാസാക്കി കൊടുത്തതിനേക്കാൾ 30 കോടി രൂപ കൂടുതലാണ് ചെലവിട്ടത്. നിങ്ങളുടെ കാലത്ത് 2000-2001—ൽ 1,535 കോടി രൂപ കുറവ്. അപ്പോൾ ആ കുറവ് വന്നതിന്റെ അർത്ഥം എന്താണ്? റവന്യൂ ചെലവ് കുറഞ്ഞു. പാസാക്കിക്കൊടുത്ത സംഖ്യപോലും ചെലവിടാതെ നിങ്ങൾ ഇറങ്ങിപ്പോയി എന്ന് മാത്രമല്ല, നിങ്ങൾ ചെയ്തതുപോലെ 1,535 കോടി രൂപയ്ക്കുപകരം ഒരു 1,500 കോടി രൂപ ശ്രീ. ശങ്കരനാരായണൻ ചെലവിടാതെ പോയിരുന്നുവെങ്കിൽ 4122+1500=5600 കോടിയിൽ പരം രൂപ നിങ്ങളുടെ മാനേജുമെന്റ് പ്രകാരമാണെങ്കിൽ ഇവിടെ കുറയുമായിരുന്നു. ഈ 4,122 കോടി രൂപയിൽ നിന്നും 1,500 കോടി രൂപ മൈനസ് ചെയ്താൽ 3,000 കോടി രൂപയോളം മാത്രമേ വരുകയുള്ളൂ. 2,600 കോടിയോളം രൂപ റവന്യൂ കമ്മി നിങ്ങളുടെ മെതേഡ് ഉപയോഗിച്ചിരുന്നുവെങ്കിൽ ഇവിടെ കുറവ് വരുമായിരുന്നു. അതിനുപകരം ഇവിടെ എക്സസ് ആയി 30 കോടി രൂപ ചെലവിട്ടു എന്ന് സി. ആന്റ് എ. ജി. തന്നെ പറഞ്ഞു. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ശ്രീ. കെ.പി.മോഹനൻ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. 40,000 കോടി രൂപയുടെ കമ്മി എന്ന്. എവിടെ നിന്നാണ് ഈ ഫിഗർ കിട്ടിയത് എന്ന് എനിക്ക് അറിയില്ല. നിങ്ങൾ ഫിഗർ എടുക്കേണ്ടത് സി. ആന്റ് എ.ജി.-യുടെ കണക്കനുസരിച്ചാണ്. പക്ഷേ അതിനുമുൻപ് ഒരു കാര്യം പറയട്ടെ. ഫിസ്ക്കൽ ഡെഫിസിറ്റും നെറ്റ് ഡൊമസ്റ്റിക് പ്രോഡക്ടും തമ്മിലുള്ള അനുപാതം നോക്കിയാൽ 2001-ൽ നിങ്ങളുടെ കാലത്ത് ഞാൻ കാൽക്കുലേറ്റ് ചെയ്തതാണ്. നിങ്ങളുടെ കാലത്ത് 6.08%, 2002-2003-ൽ ശ്രീ. ശങ്കരനാരായണന്റെ കാലത്ത് അത് 5.95 ശതമാനം മാത്രമേ ഉള്ളൂ. നിങ്ങൾ ആലോചിച്ച് നോക്കൂ. അതുപോലെ തന്നെ റവന്യൂ ഡെഫിസിറ്റ് നെറ്റ് ഡൊമസ്റ്റിക് പ്രോഡക്ടുമായി താരതമ്യപ്പെടുത്തിയാൽ കാണുന്നത് 2001-ൽ 4.93% 2003-ൽ 4.91%. ഏതാണ് ബെറ്റർ? ടാക്സ് കളക്ഷന്റെ കാര്യം എടുത്തു നോക്കിയാൽ ഇൻഡ്യാ രാജ്യത്ത് എന്നും മുൻപന്തിയിലുള്ള ആറോ ഏഴോ സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു കേരളം. പെർ ക്യാപ്പിറ്റാ ടാക്സ് എടുത്തുനോക്കിയാലും അതായിരുന്നു കേരളത്തിന്റെ സ്ഥിതി. കൂടുതൽ ടാക്സ് കൊടുക്കുന്ന സംസ്ഥാനം ആയിരുന്നു കേരളം. എന്നാൽ ഇന്ന് ശ്രീ. ശങ്കരനാരായണന്റെ മാനേജുമെന്റിൽ വന്ന ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇന്ന് ഇൻഡ്യാരാജ്യത്ത് 28 സംസ്ഥാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ പെർ ക്യാപ്പിറ്റാ ടാക്സ് കളക്ട് ചെയ്യുന്ന മൂന്നു സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന്, ഹരിയാന 2632, രണ്ടാമത്തെ സംസ്ഥാനം മഹാരാഷ്ട്ര, പെർ ക്യാപ്പിറ്റാ ടാക്സ് കളക്ഷൻ 2543 രൂപ. മൂന്നാമത്തേത് കേരളം, 2362 ഉറുപ്പികയാണ് പെർ ക്യാപ്പിറ്റാ ടാക്സ് കളക്ട് ചെയ്യുന്നത്. ഇവിടെ വ്യവസായങ്ങൾ കുറവാണ്. ഈ ടാക്സ് കളക്ഷൻ കൂടുന്നത്, total tax collection divided by population. നമുക്ക് അറിയാം. ഇവിടെ ഇൻഡസ്ട്രി കുറവാണ്. ഇൻഡസ്ട്രി കുറഞ്ഞിട്ടും ടാക്സ് കിട്ടുന്നു എന്നുപറഞ്ഞാൽ, ഇൻഡസ്ട്രിയില്ലാതെ, ഈ ഇൻഡ്യാ രാജ്യത്ത് ഏറ്റവും ഭംഗിയായി ടാക്സ് കളക്ഷൻ നടത്തുന്ന സംസ്ഥാനമാണ് കേരളം. കേരളത്തേക്കാൾ കൂടുതൽ വ്യവസായങ്ങൾ ഉള്ള സംസ്ഥാനമാണ് വെസ്റ്റ് ബംഗാൾ, ആ വെസ്റ്റ് ബംഗാളിന്റേതുകൂടി ഞാൻ കോട്ട് ചെയ്യുകയാണ്. കേരളം 2362 ഉറുപ്പിക പെർ ക്യാപ്പിറ്റാ ടാക്സ് കളക്ട് ചെയ്യുമ്പോൾ 27 വർഷം കൊണ്ട് നിങ്ങൾ ഭരിക്കുന്ന വെസ്റ്റ് ബംഗാളിൽ 1028 രൂപ ആണ്. നിങ്ങളുടെ മാനേജുമെന്റിന്റെ ഫലമാണ്. ഇതിനേക്കാൾ പെർ ക്യാപ്പിറ്റ ടാക്സ് കൂടണം. കാരണം വ്യവസായങ്ങൾ ഉള്ള സംസ്ഥാനമാണ് വെസ്റ്റ് ബംഗാൾ. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇൻഡ്യയിലെ സ്റ്റേറ്റുകൾ കളക്ട് ചെയ്യുന്ന ആവറേജ് പെർ ക്യാപ്പിറ്റാ ടാക്സ് 1452 രൂപയാണ്. വെസ്റ്റ് ബംഗാൾ അതിന്റെ താഴെ 1028. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനം, ഞാൻ പറയട്ടെ, ടാക്സ് കളക്ഷനിൽ റിക്കോർഡ് കളക്ഷൻ ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്നതിന് ഇതിനേക്കാൾ കൂടുതൽ തെളിവ് എന്ത് വേണം. അതുകഴിഞ്ഞാൽ പിന്നെ ഈ സംസ്ഥാനത്ത് ഞാൻ കോട്ട് ചെയ്യുന്ന മറ്റൊരു കാര്യം ഇവിടെ ചെലവിനെ സംബന്ധിച്ച് പറഞ്ഞല്ലോ, ചെലവുകൾ കൂടിയിട്ടുണ്ട്. ചെലവുകൾ ഏതിലെല്ലാമാണ് കൂടിയത്? ആ കാര്യം കൂടി നാം നോക്കണം. ചെലവുകൾ വർദ്ധിച്ചത് ശരിയാണ്. ഈ ചെലവുകൾ വർദ്ധിച്ചത് ഏതിനാണെന്നുള്ള കാര്യം കൂടി നാം നോക്കണം. ചെലവുകൾ വർദ്ധിച്ചത്, ഞാൻ വായിക്കുന്നതും ഞാൻ പറയുന്നതുമായ ഏതെങ്കിലും ഫിഗറിൽ വല്ല മിസ്റ്റേക്കും ഉണ്ടെങ്കിൽ അത് തിരുത്താം, ഞാൻ അത് ബോദ്ധ്യപ്പെടുത്താം. നിങ്ങൾ ആരു പറഞ്ഞാലും ഞാൻ ബോദ്ധ്യപ്പെടുത്താൻ തയ്യാറാണ്. പ്രധാനമായി എക്സ്പെൻഡിച്ചർ അധികം വന്നത് പലിശയ്ക്കാണ്. 457 കോടി രൂപ, പലിശ, വിദ്യാഭ്യാസം 480 കോടി, റൂറൽ ഡവലപ്മെന്റ് 379 കോടി, ഇലക്ട്രിസിറ്റി ബോർഡ് 231 കോടി, റോഡ്സ് ആന്റ് ബ്രിഡ്ജസ് 215 കോടി ഇതിനെല്ലാം അധികചെലവിട്ടു എന്നതാണ് വസ്തുത. അങ്ങനെയാണ് എക്സസ് എമൗണ്ട് ആയ 30 കോടി വന്നത്. അതാണ് സത്യം. കടബാദ്ധ്യതയെക്കുറിച്ച് ഇവിടെ പറഞ്ഞു, കടബാദ്ധ്യതയെക്കുറിച്ച് പറഞ്ഞപ്പോൾ 40,000 കോടി രൂപയുടെ കാര്യമൊക്കെ പറഞ്ഞു, സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ വളരെ ക്ലിയറായി നമ്മുടെ കടബാദ്ധ്യതയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 2003, സി. ആന്റ് എ. ജി. റിപ്പോർട്ട്, 20-ാംപേജിൽ അവർ പറഞ്ഞ കാര്യം വളരെ ക്ലിയറാണ്. അവർ പറഞ്ഞത് 2001-ലെ കടബാദ്ധ്യത 25,721 കോടി രൂപയാണ് എന്നാണ്. 2003-ലെ സി. ആന്റ് എ. ജി. റിപ്പോർട്ട് എടുത്തുനോക്കൂ, ശ്രീ. മോഹനൻ നോട്ട് ചെയ്തോ, പേജ് 20, ടേബിൾ 18. എടുത്തു നോക്കിക്കോ, അതിൽ പറഞ്ഞിരിക്കുന്നത് 33,782 ആണ്, ടോട്ടൽ ലയബിലിറ്റി എടുത്തുനോക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ കാലത്ത് 25,721 കോടി രൂപയാണ്. ഞങ്ങളുടെ കാലത്ത് 33,782 കോടി രൂപയാണ്. ഞാൻ സമ്മതിക്കുന്നു. ഞങ്ങളുടെ കാലത്ത് വർദ്ധനവ് ഉണ്ടായി. അതൊന്നും ഞാൻ മറച്ചുപിടിക്കുന്നില്ല. വർദ്ധനവ് എത്രയാണ്. 8061 കോടി രൂപ വർദ്ധിച്ചു. 8061 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഞങ്ങളുടെ ഭരണത്തിൽ വർദ്ധിച്ചിട്ടുള്ളത്. ഞാൻ സമ്മതിക്കുന്നു. അതേയവസരത്തിൽ മൂന്നു വർഷത്തെ ഞങ്ങളുടെ അസംബ്ളി ക്വസ്റ്റ്യൻ എടുത്ത് നോക്കൂ, അസംബ്ളി ക്വസ്റ്റ്യൻ നിങ്ങളുടെ ഭാഗത്തെ. മി. മമ്മത് കോയയുടെ ക്വസ്റ്റ്യനാണ്. ആ മൂന്നു കൊല്ലത്തെ പദ്ധതിക്ക് ചെലവിട്ടത് 9952 കോടി രൂപ. 9952 കോടി രൂപ ഞങ്ങളുടെ മൂന്നു വർഷത്തെ പദ്ധതിക്ക് ചെലവിട്ടപ്പോൾ 8000 കോടി രൂപ ഞങ്ങൾ കടമെടുത്തു എന്നാണ് നിങ്ങൾ ആക്ഷേപിക്കുന്നത്. ഞാൻ ഒരു കാര്യം നിങ്ങളോട് പറയട്ടെ, നമുക്ക് എല്ലാപേർക്കും അറിയാമല്ലോ ഈ പദ്ധതിയുടെ അടങ്കൽ എന്നുപറയുന്നത് സെൻട്രൽ ഗവൺമെന്റ് തരുന്ന പണം, സ്റ്റേറ്റ് കോൺട്രിബ്യൂഷൻ, മാർക്കറ്റ് ബോറോയിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഇതാണല്ലോ, ഈ സ്റ്റേറ്റിന്റെ ഒരു നയാപൈസ മാറ്റിവയ്ക്കാൻ സാധിച്ചോ, ഞങ്ങൾ നിങ്ങളെ 1995-96-ൽ അധികാരം ഏൽപ്പിക്കുമ്പോൾ ബി.സി.ആർ. എന്നുപറയുന്നത് balance from current revenue 136 കോടി പ്ലസ് ആണ്. ആ പണമാണ് സാധാരണ പ്ളാനിലേക്ക് മാറ്റിവയ്ക്കുക. നിങ്ങൾ ഞങ്ങളെ ഏൽപ്പിക്കുമ്പോൾ 1600-ഓളം കോടി മൈനസ് ആണ്. ഒരു നയാപൈസ പ്ളാനിലേക്ക് മാറ്റിവയ്ക്കാൻ സംസ്ഥാന സർക്കാരിന് കഴിവില്ലാത്തവിധം ഈ സംസ്ഥാനത്തെ നിങ്ങൾ തകർത്തു. അതുകൊണ്ട് മുഴുവൻ കടം വാങ്ങണം. ഈ 9952 കോടി രൂപ പ്ളാനിന്റെ സംഖ്യ കടമാണ്. യാതൊരു സംശയവും വേണ്ട, എന്നിട്ടും കടബാദ്ധ്യത എണ്ണായിരത്തിൽ ചിലാനം കോടി രൂപയായി കുറച്ചെങ്കിൽ അത് ഫിനാൻസ് മാനേജുമെന്റ് കൊണ്ടാണ്. നിങ്ങൾ ആലോചിക്കണം, കടം വാങ്ങിയതിനേക്കാൾ കൂടുതൽ സംഖ്യ പ്ളാനിനുവേണ്ടി ചെലവിട്ട സംസ്ഥാനമാണ് കേരളം. നിങ്ങൾ കാണണം. അതാണ് മാനേജുമെന്റ്. ഞാൻ ഒരു കാര്യം കൂടി പറയട്ടെ, ഞാൻ കൂടുതൽ കണക്കുകളിലേയ്ക്ക് പോകുന്നില്ല. എല്ലാ സംസ്ഥാനത്തും പ്രശ്നമുണ്ട്. നിങ്ങൾ പറഞ്ഞല്ലോ വെസ്റ്റ് ബംഗാൾ—, ഇവിടെ മന്ത്രിമാർ തമ്മിൽ വഴക്ക്, സംഘട്ടനം ഞാൻ സമ്മതിക്കുന്നു. ഞങ്ങൾ തമ്മിൽ ചില്ലറ അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ട്, ഇല്ല എന്ന് ഞാൻ പറയുന്നില്ല. നിങ്ങളുടെ വെസ്റ്റ് ബംഗാളിൽ ഇല്ലേ? വെസ്റ്റ് ബംഗാളിൽ മന്ത്രിമാരുടെ പ്രവർത്തനം വളരെ യോജിച്ചാണോ നടക്കുന്നത്? നിങ്ങൾക്ക് പറയാൻ സാധിക്കുമോ, വെസ്റ്റ് ബംഗാളിൽ അങ്ങനെയാണോ? ആ ബുദ്ധദേവ് ഭട്ടാചാര്യ ഇതുപോലെ നിരാശനായ ഒരു കാലം ഉണ്ടായിട്ടുണ്ടോ? എന്നാൽ ഞാൻ തെളിവ് തരാം, അതിൽ സംശയമല്ലേ മി. കോടിയേരിക്ക്? സർ, അവിടെ വളരെ ഭദ്രമാണ്. മന്ത്രിമാർ തമ്മിൽ വളരെ യോജിപ്പാണ്. അഡ്മിനിസ്ട്രേഷൻ വളരെ ക്ലിയറാണ്. വളരെ എഫിഷ്യന്റ് ആണ്. ആണോ, ശ്രീ. മത്തായിചാക്കോ? സർ, ഇത് ഫെബ്രുവരി 29-ലെ ഹിന്ദു പത്രത്തിന് ബുദ്ധദേവ് ഭട്ടാചാര്യ നൽകിയ ഇന്റർവ്യൂ ആണ്. ബോംബെയിൽ വന്ന്

LIBRARY ARCHIVES Kerala Legislative Assembly

മുതലാളിമാരെയൊക്കെ കണ്ടുകഴിഞ്ഞതിനുശേഷം അദ്ദേഹം നൽകിയതാണ്, അദ്ദേഹത്തോട് ചോദിച്ചു. How far have you been able to make the bureaucracy, employees and your own Cabinet colleagues responsive to the need of the moment? There is a strong feeling that the Government is still now. അതിന് അദ്ദേഹം നൽകിയ മറുപടി എന്താണെന്ന് അറിയാമോ? ശ്രീ. മത്തായി ചാക്കോ അവിടെ പെർഫെക്ട് ആണെന്ന് പറയുന്നു. ബുദ്ധദേവ് ഭട്ടാചാര്യ മറിച്ചും പറയുന്നു. How far have you been able to make the bureaucracy,..... അദ്ദേഹത്തിന്റെ മറുപടി I am trying to sensitise the administration as well as my colleagues but I must confess I am not happy with the state of affairs. ബുദ്ധദേവ് ഭട്ടാചാര്യ—സർട്ടിഫിക്കറ്റ് ശ്രീ. മത്തായി ചാക്കോയുടേത്. ഭട്ടാചാര്യ തിരിച്ചുപറയുന്നു. അദ്ദേഹത്തിന്റെ മന്ത്രിമാരുടെ.....ശ്രീ. മോഹനൻ എന്തിനാണ് ചാടുന്നത്, അവർ ചാടിയാൽ മനസ്സിലാകും. ശ്രീ. മോഹനൻ ഡൽഹിയിൽ നമ്മുടെ കൂടെയല്ലേ? കർണ്ണാടകത്തിൽ നമ്മൾ ഒന്നിച്ചല്ലേ? അപ്പോൾ ഞാൻ പറയുന്നു ബുദ്ധദേവ് ഭട്ടാചാര്യയുടെ അഭിപ്രായം അതാണ്. അദ്ദേഹത്തിന്റെ കൃാബിനറ്റ് കൊളീഗ്സിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ഭരണത്തെക്കുറിച്ചുള്ള,

1.00 p.m.] അഡ്മിനിസ്ട്രേഷനെക്കുറിച്ചുള്ള കാര്യമാണ്. അദ്ദേഹത്തെക്കുറിച്ച് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ എന്താണ് പറയുന്നതെന്ന് എനിക്കറിയണം. എന്റെ ബഹുമാന്യനായ സ്നേഹിതൻ ജയരാജൻ പറഞ്ഞതുകൊണ്ട്, എനിക്ക് വിട്ടുപോയാലും ഒരു മിനിട്ട് തരണം. പേഴ്സണൽ എക്സ്പ്ലനേഷനല്ല. അതിന്റെ കൂടെ ഒരു സംഭവം പറയാം. കാരണം അതിനെക്കുറിച്ച് വഴക്കുണ്ടാകും എന്നതുകൊണ്ടാണ്. അതുകൊണ്ട് ഞാൻ അവസാനം പറയാം. ബുദ്ധദേവ് ഭട്ടാചാര്യ വേറൊരു കാര്യംകൂടി പറഞ്ഞു. നിങ്ങളിവിടെ എല്ലാറ്റിനും എതിരാണല്ലോ? വ്യവസായം വരാൻ പാടില്ല. വിദേശപണം വരാൻ പാടില്ല. ബുദ്ധദേവ് ഭട്ടാചാര്യ ചെയ്യുന്ന കാര്യം അറിയാമോ നിങ്ങൾക്ക്? മിത്സുബുഷി എന്ന് പറയുന്ന ജപ്പാൻ കമ്പനിക്ക് ഒരു ഐലന്റ് കൊടുത്തിരിക്കുകയാണ്. ടൗൺഷിപ്പ് അവരുടെ പേരിലുണ്ടാക്കാൻ. ബുദ്ധദേവ് ഭട്ടാചാര്യ തന്നെ പയുന്നത്. The Japanese have always been more supportive of Bengal. Now, one hears, you have offered them an Island. അദ്ദേഹത്തിന്റെ മറുപടി I have suggested to Mitsubishi to build a township with golf facilities in the beautiful Min Island on the Bay of Bengal. ആരാ പറയുന്നത്? ഇദ്ദേഹം അങ്ങോട്ട് കൊടുക്കുകയാണ്. ഗോൾഫ് ക്ലബ്, ടൗൺഷിപ്പ്. ആർക്കാ? ലോകത്തിലെ ഏറ്റവും വലിയ മൾട്ടി നാഷണൽ കമ്പനിക്ക്. The Japanese have a strong presence in Bengal which figures on top of their list of India investment priorities. എവിടെ? വെസ്റ്റ് ബംഗാളിൽ. ആർക്കൊക്കെ? മിത്സുബിഷി, മൊറിബിനി, ഹിറ്റാച്ചി എല്ലാം ജപ്പാൻ കമ്പനികൾ. എന്തൊക്കെയാ കൊടുക്കുന്നതെന്നറിയാമോ? Itochu is now keen on constructing the electrical magnetic railway in Kolkata. ആരാ ഹിറ്റാച്ചി കമ്പനി, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ മറുപടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദന്റെ സ്റ്റാൻഡ് എന്നും ഒന്നാണ്. ശ്രീ. തോമസ് ഐസക്കിന്റെ സ്റ്റാൻഡ് മറിച്ചാണ്. അതാണ് ബുദ്ധദേവ് ഭട്ടാചാര്യയുടെ സ്റ്റാൻഡ്. With just six percent land for surface transport, Kolkata badly needs fast moving system. The Japanese are also showing interest in the metro railways. നിങ്ങൾ ആലോചിക്കണം. ഞാൻ അതൊന്നും പറയുന്നില്ല. ഇനി വേറൊന്നു കൂടി പറഞ്ഞു. Before resorting to a strike or bandh, it is better if one tries to solve the problem across the table. അതാണ് അദ്ദേഹം പറയുന്നത്. ഉടനെ ബന്ത്. കാള പെറ്റെന്ന് പറയുന്നത് കേട്ടാൽ കയറെടുക്കുന്ന സ്വഭാവം പാടില്ല. അദ്ദേഹം പറയുന്നത് ചിലപ്പോൾ നിങ്ങളെ ഉദ്ദേശിച്ചായിരിക്കും. നമ്മുടെ ജനകീയാസൂത്രണം. ഈ ധനകാര്യ ബില്ലിൽ വയ്ക്കുന്ന പണം എന്തിനാണെന്നറിയാമോ? ആ പണത്തിൽനിന്നും ചെലവ് ചെയ്യുന്നത് നഗര വികസനത്തിന് 4,13,25,86,000 രൂപ, ക്യാപിറ്റൽ മൂന്നു കോടി രൂപ. 416 കോടി രൂപ നഗരവികസനത്തിന് വയ്ക്കുന്നു. പഞ്ചായത്തുകൾക്ക് വയ്ക്കുന്നത് 1670 കോടി രൂപയാണ്. 1670 കോടി രൂപ റവന്യൂ അക്കൗണ്ടിൽ വയ്ക്കുന്നു. ആ ബില്ലുകളാണ് നിങ്ങളുടെ മുമ്പിലുള്ളത്. 2,400 കോടി രൂപയാണ് ഈ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഈ ധനവിനിയോഗ ബിൽ മുഖേന ഞങ്ങൾ നൽകുന്നത് എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. ഇത് പറയുമ്പോൾ ഒരു കാര്യം മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഗ്രാസ്സ് റൂട്ട് പ്ലാനിംഗ് ഭംഗിയായിട്ട് നടക്കണം. അതിന് ഞങ്ങൾ അനുകൂലമാണ്. നിങ്ങളും അനുകൂലമാണ്. നിങ്ങൾ പ്രോൽസാഹിപ്പിക്കുന്നു. ഞങ്ങളും പ്രോൽസാഹിപ്പിക്കുന്നു. ഇതിനകത്ത് ഒരു കാര്യം നാം മനസ്സിലാക്കേണ്ടത് ഇതിന് വിദേശി വേണോ? ഇവിടെ ഐ.എം.എഫ്., വേൾഡ് ബാങ്ക് ഒരു പുതിയ ലൈൻ വന്നിരുന്നു. സാമൂഹ്യ മൂലധന സിദ്ധാന്തം. അതുപോലെതന്നെ സ്വതന്ത്ര സിവിൽ സാമൂഹ്യ സിദ്ധാന്തം. ആ രണ്ട് സിദ്ധാന്തങ്ങൾ അവിടെ കൊണ്ടുവന്നിരിക്കുന്നു. നമ്മുടെ സിദ്ധാന്തമാണ് മഹാത്മാഗാന്ധിയുടെ സിദ്ധാന്തം. മഹാത്മാഗാന്ധി കൊണ്ടുവന്ന സ്പിരിറ്റിലല്ല അമേരിക്കക്കാർ എടുക്കുന്നത്. ഈ രാജ്യത്ത് ഡെവലപ്പിംഗ് കൺട്രീസിൽ, യാതൊരു സംശയവും എനിക്കില്ല. അരാഷ്ട്രീയം വളർത്താൻ, ഒരു സംശയവും എനിക്കില്ല. ഡോ. തോമസ് ഐസക്, ഞാൻ വിജയനെ പിന്താങ്ങുകയല്ല. അങ്ങയുടെ ലൈനാണ് കറക്ട്. ശ്രീ. വി. എസ്. അച്ചുതാന്ദൻ അതിനോട് യോജിക്കില്ല എന്ന് മാത്രമേയുള്ളൂ. ഇതൊക്കെ ഇവിടെ നടപ്പിലാക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടത്, വിദേശി വേണോ? ഇവിടെ പ്രബന്ധമെഴുതി ക്ലാസ്സ് കൊടുക്കാൻ, ബാക്കിയുള്ള കാര്യങ്ങൾ നടത്താൻ എന്തിനാണ് വിദേശി? സി.ഐ.എ.-യുടെ ചാരൻമാർ ഇവിടെ വരുന്നത്, അതൊക്കെ ഉണ്ടാക്കിയത് നിങ്ങളാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. യാതൊരു സംശയവുമില്ല. 'കില'-യ്ക്ക് 10 കോടി രൂപ കിട്ടി. ഡച്ചിന്റേതാണ്. ടിൻബർഗൻ സ്മാരകമായി, ടിൻബർഗൻ മാന്യനായിരുന്നു. നോബൽ സമ്മാനം കിട്ടിയതുകൊണ്ട് അദ്ദേഹം മഹാനാണ്. നോബൽ സമ്മാനം കിട്ടുന്നതിനെക്കുറിച്ച് എന്താ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം? നിങ്ങൾ കണ്ടതല്ലേ? ഡോക്ടർ ഷിവാഗോ പാസ്റ്റർനാക്ക് എഴുതി. റഷ്യക്കാരനായ പാസ്റ്റർനാക്കിന് ഡോ. ഷിവാഗോയ്ക്കുവേണ്ടി നോബൽ സമ്മാനം കാണിച്ചപ്പോൾ, എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്ന് മഹാനായ സ്റ്റാലിൻ അല്ലെങ്കിൽ ക്രൂഷ്ച്ചേവാണ്, അന്ന് കമ്മ്യൂണിസ്റ്റ് ഗവണ്മെന്റായിരുന്നു. ആ ഗവണ്മെന്റ് നോബൽ സമ്മാനം വാങ്ങാൻ അനുവദിച്ചില്ല. നോബൽ സമ്മാനത്തെക്കുറിച്ച് പഴയ കമ്മ്യൂണിസ്റ്റുകാരുടെ ചിന്താഗതികൾ, ഡോ. തോമസ് ഐസക്കിന്റെ അഭിപ്രായമെന്താണ്? എനിക്കറിയില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അഭിപ്രായമായിരിക്കില്ല ഡോ. തോമസ് ഐസക്കിന്റേത്. അതെനിക്കറിയാം. ഇവിടെ ഡച്ചുകാരുടെ, ബാക്കി അമേരിക്കക്കാരുടെ കുറേ പണം ഇരിക്കുകയാണ്. ഈ രാജ്യത്ത് അരാഷ്ട്രീയം വളർത്തുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, അവരുടെ അനുയായികൾ ആണെന്ന കാര്യം ഞാൻ പറയട്ടേ. അതിന് കടിഞ്ഞാണിടണം. ഇത് രാജ്യത്തിനാപത്താണ്. അതിന് കടിഞ്ഞാണിടണം. അമേരിക്കക്കാർക്ക് സ്വൈരവിഹാരം നടത്താനുള്ള സ്ഥലമായി ഈ സംസ്ഥാനത്തെ മാറ്റാൻ പറ്റില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇവിടെ ജനകീയാസൂത്രണം നടത്താൻ റിച്ചാർഡ് ഫ്രാങ്കി വേണ്ട. ഈ സംസ്ഥാനത്ത് ബുദ്ധിയുള്ള ആളുകളുണ്ട്. ഇക്കാര്യത്തിൽ വി. എസ്.-ന്റെ അഭിപ്രായമെന്താണെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. അവിടെ പറയുന്നത് കേട്ടു, ഞാൻ ബാലകൃഷ്ണപിള്ളയെ കയ്യേറ്റം ചെയ്യാൻ പോയിയെന്ന്. ഞാൻ ഒരു കാര്യം പറയട്ടെ, അത് കഴിഞ്ഞയുടനെ ആര്യാടൻ കയ്യേറ്റം ചെയ്യാൻ പോയ ആളെ തടഞ്ഞുമാറ്റിയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഈ സഭയിൽ പറഞ്ഞത് രേഖയിലുണ്ട്. എന്റെ സ്വഭാവം അതല്ല. അങ്ങേയ്ക്ക് നല്ലപോലെ അറിയാം. ഇവർക്കറിയില്ല. അതുകൊണ്ടാണ് പറയുന്നത്. ഈ സഭയിൽ ഞാൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. ഒരിക്കലും ചെയ്യുകയുമില്ല. ഈ സഭയിലുണ്ടായ ഒരു അനുഭവം, ഇവിടെ ഭരണപക്ഷത്തിരുന്ന് ശ്രീ. താമരാക്ഷൻ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിനെ കയ്യേറ്റം ചെയ്യാൻ ചെന്ന ആളുകൾ അവിടെയിരിക്കുന്നുണ്ട്. ഞാൻ ചെയ്തിട്ടില്ല. ബാലകൃഷ്ണപിള്ള പ്രസംഗം അവസാനിപ്പിച്ച് ചെയറിൽ ഇരുന്നതിനുശേഷം ഞാൻ അദ്ദേഹത്തോട് പോയി സംസാരിച്ചിട്ടുണ്ട്. ഒരു മെമ്പർ സംസാരിക്കുമ്പോൾ ആ മെമ്പറോട് സംസാരിക്കാൻ പാടില്ല. മെമ്പർ സീറ്റിൽ ഇരുന്നാൽ സംസാരിക്കാം. റൂളും ചട്ടവും ഹാൻഡ്ബുക്കും വായിക്കാൻ തയ്യാറാകണമെന്ന് മാത്രമാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. ഏതായാലും വളരെ സങ്കീർണ്ണമായ ഒരു സാഹചര്യത്തിൽ ഇത്രയും നല്ല ഫിനാൻസ് മാനേജുമെന്റ് നടത്തിയ ഈ സർക്കാരിനെയും ധനകാര്യമന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): അപ്പുറത്ത് നിന്നുള്ള എന്റെ സുഹൃത്തുക്കളിൽ അവസാനം പ്രസംഗിച്ച ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചില കാര്യങ്ങളെല്ലാം തന്നെ ഇവിടെ വിശദീകരിച്ചിട്ട് ഞങ്ങളെ തോൽപ്പിച്ചിരിക്കുകയാണ്. പക്ഷേ ഇതെല്ലാം ഇക്കഴിഞ്ഞ രണ്ട്, മൂന്ന് കൊല്ലക്കാലമായിട്ട് നാട്ടിലാകെ വിശദീകരിക്കുകയാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിന് രണ്ട് മാസമാണ് അസാധാരണമായിട്ടുള്ള നിലയിൽ പ്രചരണം നടത്താൻ കിട്ടിയത്. സർക്കാരിന്റെ മെഷിണറിയെല്ലാം തന്നെ ഉപയോഗിച്ചുകൊണ്ട് ഇത്തരം പ്രചരണങ്ങൾ നടത്തിയിട്ടും സംഭവിച്ചതെന്താണെന്ന് ഓർക്കാതെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് നമ്മുടെ ധനമന്ത്രിയെ വല്ലാതെ പുകഴ്ത്തുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഈ വിശേഷണം പലരും നടത്തിയതിന്റെ അവസാനത്തെ വിശേഷണമായിട്ടാണ് ഞാൻ കാണുന്നത്. അവസാനം അദ്ദേഹം ശ്രമിച്ചത്, ശ്രീ. ബാലകൃഷ്ണപിള്ളയെ കൈയോങ്ങിയെന്നും അങ്ങനെ ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അത് തെറ്റാണെന്നുമൊക്കെ വിശദീകരിച്ച് അദ്ദേഹത്തിന്റെ പൊസിഷൻ നന്നായിട്ട് ഭദ്രമാക്കുന്നതിന് വേണ്ടിട്ടായിരുന്നു. ഏതായാലും തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ളയെ സംബന്ധിച്ച് കോൺഗ്രസിന്റെ സർക്കിളുകളിലുണ്ടായിട്ടുള്ള ശബ്ദാനമായ സ്ഥിതി ഇപ്പോഴില്ല. അവസാനമായിട്ട് ശ്രീ. ആര്യാടൻ മുഹമ്മദ് മാപ്പുസാക്ഷിയായി പറഞ്ഞതിൽ നിന്ന് ബഹുമാനപ്പെട്ട ശ്രീ. ബാലകൃഷ്ണപിള്ള ഏതെങ്കിലും തരത്തിൽ തോൽപ്പിച്ചാൽ തന്നെ അതുസംബന്ധിച്ച് ഉത്കണ്ഠാകുലനാകേണ്ടതുണ്ടോ? ഇല്ല. ഉത്കണ്ഠാകുലനാകേണ്ടതില്ല. വളരെ ശക്തനായി, സമാധാനപൂർവ്വം ഇന്ന് വൈകുന്നേരം കിടന്നുറങ്ങാനുള്ള സൗകര്യമാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രസംഗം അവസാനിപ്പിച്ചതിൽനിന്ന് എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് ഉണ്ടായിട്ടുള്ളതെന്നാണ് ഞാൻ കരുതുന്നത്. ഏതായാലും നിങ്ങളുടെ അപശബ്ദങ്ങൾ പലതും കേട്ടാൽ ആർക്കാണ് ഉറക്കം വരിക? ഞാൻ കഴിഞ്ഞ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ ഒരു കാര്യം ചോദിച്ചിരുന്നു. പൊതുഭരണത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ അവസാനം ചോദിച്ച ചോദ്യം, സംസ്ഥാന ഗവൺമെന്റ് ഈ മാറിയ പരിതഃസ്ഥിതി പരിഗണിക്കുന്നുണ്ടോ; അതിനനു സരിച്ചുള്ള നടപടി സ്വീകരിക്കുന്നുണ്ടോ എന്നാണ്. കാരണം കേരളത്തിലും ഇൻഡ്യയിലുമാകെ നടന്ന തെരഞ്ഞെടുപ്പിൽ കഴിഞ്ഞ മൂന്ന് കൊല്ലക്കാലം ഈ ഗവൺമെന്റ് തുടർന്നുവന്ന നയത്തിന് ശക്തമായ പ്രഹരം, ഇൻഡ്യയിലാകെ ആറ് വർഷക്കാലമായി നടത്തിയ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റിന്റെ ഭരണനയത്തിനെതിരായിട്ട് ജനങ്ങൾ ശക്തമായ ഒരു പ്രഹരം നടത്തുകയും മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ ഒരു യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തിട്ടുണ്ട്. അധികാരത്തിൽ വന്ന ആ ഗവൺമെന്റ് അതിന്റെ മിനിമം പരിപാടി പ്രഖ്യാപിച്ചിട്ടുണ്ട്. ആ മിനിമം പരിപാടി നിങ്ങൾ തിരസ്ക്കരിക്കുന്നോ അതോ നിങ്ങൾ ഇക്കഴിഞ്ഞ മൂന്ന് കൊല്ലക്കാലവും തുടർന്നുവന്ന സമീപനം തുടരാനാണോ പോകുന്നതെന്ന് ചോദിച്ചുകൊണ്ടാണ് ഞാൻ അവസാനിപ്പിച്ചത്. മുഖ്യമന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ പറഞ്ഞത്, ഞങ്ങൾ മാറിയ പരിതഃസ്ഥിതി മനസ്സിലാക്കി അതനുസരിച്ചുള്ള നയസമീപനം സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെന്നാണ്. അദ്ദേഹത്തിന് കഴിഞ്ഞ തവണ പറഞ്ഞതിൽ നിന്ന് എന്തെങ്കിലും തിരുത്തലുണ്ടോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് ഇത്തവണത്തെ എന്റെ പ്രസംഗത്തിനുശേഷം കേൾക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം കഴിഞ്ഞ പ്രാവശ്യം പറഞ്ഞ മറുപടി സത്യസന്ധമാണെങ്കിൽ ലാഭത്തിൽ നടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളൊന്നും വിറ്റ് തുലയ്ക്കുന്നതല്ല എന്നാണ് യു.പി.എ. ഗവൺമെന്റിന്റെ അസന്നിഗ്ദ്ധമായ പ്രഖ്യാപനം. അതനുസരിച്ച് പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ ഓടുന്നത് വിറ്റുതുലച്ചുകൂടാ. കഴിഞ്ഞ ദിവസത്തെ പത്രത്തിൽ വന്ന ഒരു വസ്തുത ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അങ്കമാലിയിലെ ടെൽക് എന്ന വ്യവസായ സ്ഥാപനം പ്രതിവർഷം അഞ്ചരക്കോടി രൂപ ലാഭത്തിൽ പോകുന്നുവെന്ന് മാത്രമല്ല ഒൻപത് കോടി രൂപ എക്സൈസ് ഡ്യൂട്ടി, മൂന്ന് കോടി രൂപ സെയിൽസ് ടാക്സ് എന്നിവ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകിക്കൊണ്ടിരിക്കുന്നതും ലാഭത്തിലോടുന്നതുമായ ഒരു വ്യവസായ സ്ഥാപനമാണ്. ആ വ്യവസായ സ്ഥാപനത്തിന്റെ ഷെയറെല്ലാം തന്നെ ഒരു വലിയ കുത്തകയ്ക്ക് കൈമാറാൻ പോകുന്നുവെന്ന വാർത്തയാണ്, ഏതാണ്ട് കൺഫർമേഷന്റെ സ്വഭാവത്തോടുകൂടിയുള്ള വാർത്തയാണ് വന്നിട്ടുള്ളത്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ സന്ദർഭത്തിൽ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ള ഉറപ്പ് പാലിക്കാൻ കഴിയാത്ത വിധത്തിൽ അദ്ദേഹം വിഷണ്ണനാണോ? വ്യവസായമന്ത്രി തന്റെ നയവുമായി തന്നെ മുന്നോട്ട് പോവുകയാണോ? വ്യവസായമന്ത്രിയും മുഖ്യമന്ത്രിയുടെ അഭിപ്രായത്തെ അനുകൂലിച്ചുകൊണ്ടാണ് ഞങ്ങൾ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ അവിടെ നിന്ന് കൂടുതൽ സഹായങ്ങൾ ലഭിക്കുമെന്ന് കരുതുന്നു, ആ നയം തന്നെ ഇവിടെ പരമാവധി നടപ്പിലാക്കാനാണ് ശ്രമിക്കുന്നതെന്ന് ഈ സഭയിൽ പറഞ്ഞതായിട്ടാണ് എന്റെ ഓർമ്മ. അദ്ദേഹത്തിന് ഞാൻ പറഞ്ഞത് തിരുത്താനുള്ള പൂർണ്ണമായ അവകാശമുണ്ട്. ഏതായാലും യു.പി.എ. ഗവൺമെന്റിന്റെ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിൽനിന്ന് വ്യത്യസ്തമായി കഴിഞ്ഞ മൂന്ന് കൊല്ലമായി തുടർന്നുകൊണ്ടിരിക്കുന്ന നയസമീപനം തന്നെ തുടരാൻ പോകുന്നുവെന്നുള്ളതിന്റെ സൂചനയാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ തരത്തിലുള്ള സമീപനവുമായിട്ടാണ് നിങ്ങൾ പോകുന്നതെങ്കിൽ സ്വാഭാവികമായിട്ടും പ്രതിപക്ഷത്തിന് നിങ്ങളുടെ സമീപനത്തെ ശക്തമായി എതിർക്കേണ്ടി വരുമെന്ന കാര്യം ഞാൻ പറഞ്ഞതുപോലെ വീണ്ടും ആവർത്തിക്കുകയാണ്. അതുപോലെ തന്നെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയെ ഉദ്ധരിച്ചുകൊണ്ട് ചില കണക്കുകളെല്ലാം പറഞ്ഞപ്പോൾ അദ്ദേഹം ഉദ്ധരിക്കാൻ മറന്നുപോയ ഒരു കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. അത് എന്താണെന്നു വച്ചാൽ പൊതു അക്കൗണ്ടിൽനിന്നുള്ള കടമെടുപ്പിൽ മൊത്തം ധനകമ്മി ഇന്ത്യാരാജ്യത്ത് ഏറ്റവും കൂടുതൽ ഉള്ളത് 35 ശതമാനം കേരളത്തിലാണ്. എന്നുള്ള കാര്യം മറച്ചു വച്ചിരിക്കുകയാണ്. പശ്ചിമ ബംഗാളിൽ 15 ശതമാനമേയുള്ളു. പശ്ചിമബംഗാളിനെയും ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയേയും കോട്ട് ചെയ്തതുകൊണ്ട് ഈ കനത്ത പുസ്തകം ഇവിടെ എടുത്തതുകൊണ്ട് ഇക്കാര്യം ഇവിടെ സൂചിപ്പിക്കാൻ ഇടയായി എന്നേയുള്ളു. ഞാൻ നേരത്തെ പറഞ്ഞതിന്റെ തുടർച്ച എന്ന രീതിയിൽ ഇവിടെ അനുസ്മരിപ്പിക്കാനുള്ളത് പൊതുമേഖലയിൽ മറ്റൊരു സ്ഥാപനമാണ് ആലപ്പുഴയിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഡി.പി. ദക്ഷിണേന്ത്യയിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് ആലപ്പുഴയിലെ കലവൂരുള്ള മരുന്നു കമ്പനി. കേരളത്തിലെ എല്ലാ ആശുപത്രികളിലേയ്ക്കും ആവശ്യമായ മരുന്നു ഉല്പാദിപ്പിക്കാനുള്ള കഴിവുണ്ട്. പക്ഷേ ആ സ്ഥാപനത്തെ കഴിഞ്ഞ തവണ വിറ്റു തുലയ്ക്കാൻ ശ്രമിച്ചു. ഈ തവണയും അത് നഷ്ടത്തിലാണെന്നുള്ള നിലയിൽ വരുത്താൻ വേണ്ടി കാര്യമായ സഹായങ്ങളൊന്നും ആ സ്ഥാപനത്തിന് ചെയ്യുന്നില്ല. എന്നു മാത്രമല്ല അവസാനം ഇപ്പോൾ എനിക്ക് കിട്ടിയ ഒരു വിവരം അനുസരിച്ച് അവിടെയുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ഒരാളിനെ, അദ്ദേഹത്തിന്റെ പേര് അബ്ദുൾസലാം എന്നാണ്. അദ്ദേഹത്തിന്റെ മുകളിലുള്ള ആറ് സീനിയേഴ്സിനെ മറികടന്ന് അസിസ്റ്റന്റ് മാനേജരായിട്ടും പിന്നീട് ഒന്നര വർഷം തികയുന്നതിനു മുമ്പ് ഡെപ്യൂട്ടി മാനേജരായിട്ടും പ്രമോഷൻ കൊടുത്തു. അദ്ദേഹത്തിന്റെ മുകളിലുള്ള സീനിയേഴ്സിനെ മറികടന്ന് ഒരു ജൂനിയർക്ക് നിയമനം നൽകിയിരിക്കുന്നു എന്ന കാര്യം വ്യവസായ മന്ത്രിയേയും ഈ ഗവൺമെന്റിനേയും അറിയിക്കുകയാണ്. അങ്ങനെ ലാഭകരമായി നടത്താൻ കഴിയുന്ന ആ പൊതുമേഖലാസ്ഥാപനത്തെ ക്രമരഹിതമായ രീതിയിലൂടെ നശിപ്പിക്കാൻ വേണ്ടിയിട്ടുള്ള ശ്രമം നടത്തുന്നു എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ മുൻകാല ഗവൺമെന്റിന്റെ ഉദാഹരണങ്ങൾ എവിടെ നിന്നെങ്കിലും പെറുക്കി എടുത്തിട്ടു കുത്താൻ നോക്കണ്ട. ഇപ്പോൾ ഉന്നയിക്കുന്ന കാര്യത്തെക്കുറിച്ച് അന്തസ്സായി മറുപടി പറയാനോ ചോദ്യങ്ങൾ ചോദിക്കാനോ കഴിയുമെങ്കിൽ എന്റെ സ്നേഹിതന്മാരെ ഞാൻ അത് സ്വാഗതം ചെയ്യാം. മറ്റൊരു കാര്യം ഇവിടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് നമ്മുടെ ധനകാര്യമന്ത്രി ഉൽസാഹിച്ച് ബജനാവിന് പണം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ റവന്യൂമന്ത്രി ബജനാവ് ചോർത്തുന്ന ഒരു വഴിയിലേക്കാണ് ഏർപ്പെട്ടിരിക്കുന്നത്. അദ്ദേഹം ഇപ്പോൾ ഒരു പരിഷ്ക്കാരം കൊണ്ടു വന്നു. അത് എന്താണെന്നു വച്ചാൽ പാട്ടം വെട്ടിക്കുറച്ചു എന്നതാണ്. സർക്കാർ ഭൂമി 99 കൊല്ലക്കാലത്തേയ്ക്കും ഒട്ടേറെ കാലത്തേയ്ക്കുമൊക്കെ ചെറിയ നിരക്കിൽ പാട്ടത്തിന് കൊടുത്തുവെന്നുള്ളതെല്ലാം തന്നെ ആനുകാലികമായിട്ടുള്ള നിലയിൽ പാട്ടത്തുക വർദ്ധിപ്പിക്കാനുള്ള സൗകര്യങ്ങളാണ് ചെയ്യേണ്ടതെന്നിരിക്കെ നമ്മുടെ റവന്യൂമന്ത്രി ചെയ്തിട്ടുള്ളത് അത് വൻതോതിൽ വെട്ടിക്കുറക്കുന്ന നടപടിയാണ്. 250 കോടി രൂപ കുറെക്കാലമായിട്ട് ഗവൺമെൻറിന് തരാൻ ഉണ്ടായിരുന്ന കുടിശ്ശിക അദ്ദേഹം വെട്ടിക്കുറച്ചതിന്റെ ഫലമായി 62 കോടി രൂപ അടച്ചാൽ 188 കോടി രൂപ ബജനാവിന് ചോർന്നു പോകുന്ന, നഷ്ടപ്പെടുന്ന ഒരു പരിഷ്ക്കാരമാണ് അദ്ദേഹം കൊണ്ടുവന്നിട്ടുള്ളത്. അദ്ദേഹം ധനകാര്യ മന്ത്രിയുടെ കാലുവാരുന്നു എന്നു പറയുന്നില്ല. എന്നാൽ ചോർത്തൽ പണി നടത്തുന്നു എന്ന് പറയാതിരിക്കാൻ സാധിക്കുകയില്ല. എന്തിനാണ് ഈ പരിഷ്ക്കാരം? ആരെ സഹായിക്കാനാണ് ഈ പരിഷ്ക്കാരം? പാട്ടം വെട്ടിക്കുറയ്ക്കൽ അദ്ദേഹം വിശദീകരിക്കേണ്ടതാണ്.....

റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി: അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത് ഒരു ശതമാനമായിട്ട് കുറയ്ക്കാൻ ക്യാബിനറ്റ് ഡിസിഷനൊക്കെ എടുത്തിരുന്നില്ലേ? ഒരു ശതമാനമായിട്ട് കുറയ്ക്കാൻ

കൃാബിനറ്റ് ഡിസിഷൻ എടുത്തിട്ട് ജി. ഒ. ഇറക്കാതെ പോയി. ഒരു ശതമാനമായിട്ട് കുറയ്ക്കാൻ കൃാബിനറ്റ് ഡിസിഷൻ എടുത്ത ഒരു കാര്യം പിന്നീട് അത് എന്ത് ചെയ്യണമെന്ന് ചോദിച്ച് ഫയൽ തിരിച്ചുവിടുന്നു, ഞങ്ങൾ അതിനെ രണ്ട് ശതമാനമാക്കി, ഞങ്ങൾ അതിൽ വാസ്തവത്തിൽ തുക കൂട്ടിയെന്നതാണ് സത്യം. ബഹുമാനപ്പെട്ട അച്ചുതാനന്ദൻ, പിരിക്കാൻ കഴിയാതെ കിടക്കുന്ന 20 ശതമാനം മാർക്കറ്റ് വാല്യു എന്ന് പറഞ്ഞ്, ഒരു ഗവൺമെന്റിനും പിരിക്കാൻ കഴിയാത്ത നിങ്ങളുടെ ഗവൺമെന്റിനുപോലും പിരിക്കാൻ കഴിയാത്ത കടലാസിൽ മാത്രം കിടക്കുന്ന തുക എടുത്ത് പെരുപ്പിച്ചിട്ട് സർക്കാരിന് നഷ്ടം വന്നു എന്ന് പറഞ്ഞാൽ ആര് വിശ്വസിക്കാനാണ്? നിങ്ങളാണ് കുഴപ്പക്കാർ, നിങ്ങളാണ് കുറയ്ക്കാൻ തീരുമാനിച്ചത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മിസ്റ്റർ മാണിയുടെ വേവലാതി എനിക്ക് മനസ്സിലായി കാരണം എന്താണെന്ന് ചോദിച്ചാൽ ഗവൺമെന്റിന് വരേണ്ട വരുമാനം അന്തസായി കളക്ട് ചെയ്ത് എടുക്കുന്നതിനുള്ള പിടിപ്പില്ലായ്മ മൂലം അത് വൻകുത്തകകളും പ്രമാണിമാരും തോട്ടം ഉടമകളുമായിട്ടുള്ള ആളുകൾക്ക് കുറവ് ചെയ്തു കൊടുത്താൽ, എഴുതിതന്നാലല്ലേ ആരോപണം ഉന്നയിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. എങ്കിലും 188 കോടി രൂപ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ എന്തെങ്കിലും ഒരു കൈമടക്ക് കിട്ടാതിരിക്കുമോ എന്ന് ന്യായമായിട്ടും സംശയിക്കുകയാണ്. ഞാൻ ആരോപണം ഉന്നയിക്കുന്നതായിട്ട് എടുക്കണ്ട. എന്നാൽ പറഞ്ഞില്ല എന്നും വേണ്ട. ഞാൻ പറഞ്ഞു വരുന്നത് എറണാകുളം പട്ടണത്തിൽ കേരള ഹൈക്കോടതിയുടെ സമീപം മംഗളവനം, ആ വനം ഇപ്പോൾ ഒരു ഇക്കോ ടൂറിസം എന്നോ മറ്റോ ഉള്ള പേരിൽ ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട റവന്യു മന്ത്രി ഉൽസാഹിക്കുകയാണ്. ജി.സി.ഡി.എ.യും കൊച്ചിൻ കോർപ്പറേഷനും അവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ നീക്കത്തെ ശക്തിയായി എതിർത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഈ പാട്ടം വെട്ടിക്കുറയ്ക്കലിന്റെ സമീപനം മനസ്സിലാക്കിക്കൊണ്ട് ആരോ അദ്ദേഹത്തെ സമീപിച്ചിട്ട് എന്തെങ്കിലും ഒരു പേരിട്ടോ, മംഗളവനം എന്ന് കരുതിയാൽ അത് വനം വകുപ്പിന്റേത് എന്നു കരുതേണ്ട നിങ്ങളുടേത് തന്നെയാണ് എന്നോ മറ്റോ പറഞ്ഞു മനസ്സിലാക്കിയിട്ട് അതും എടുക്കാൻ പോവുകയാണ്. ആ പോക്ക് ശരിയല്ല എന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. അതുപോലെതന്നെ നിങ്ങളുടെ ഗവൺമെന്റിന്റെ മറ്റൊരു പരിഷ്ക്കാരമാണ് എക്സ്പ്രസ് ഹൈവേ. ഈ എക്സ്പ്രസ് ഹൈവേയും പേര് കേൾക്കുമ്പോൾ മോഹനമാണെന്ന് തോന്നുമെങ്കിലും നമുക്ക് വളരെയധികം ദ്രോഹം ചെയ്യുന്ന പരിഷ്ക്കാരങ്ങളാണെന്നാണ് വന്നിടത്തോളം റിപ്പോർട്ടുകളിൽ കാണുന്നത്. 6400 കോടി രൂപയാണ് നിർമ്മാണ ചെലവ് വരുന്നത്.

13685 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. സ്ഥലത്തിന് വിലകൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നത് 1750 കോടി രൂപയാണ്. ഇതിന്റെ പരിഷ്കാരം വന്നു കഴിഞ്ഞാൽ ഇതിലുണ്ടാകുന്ന ആ റോഡിൽക്കൂടി ഒരു മണിക്കൂർകൊണ്ട് കാസർകോട്ടുനിന്ന് തിരുവനന്തപുരത്തെത്തുന്ന വണ്ടികൾ, നിരപരാധികളായ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

വണ്ടികളിലും കാറുകളിലും എല്ലാം ഓടിക്കൊണ്ടിരിക്കുന്ന ആളുകൾ ഡീസലിലും പെട്രോളിലും ഓരോ രൂപ കൂടി കൊടുക്കണം, ഇപ്പോൾ കൊടുക്കുന്നതിനു പുറമെ കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ പദ്ധതി ഇവിടെ നടപ്പിലാക്കുമ്പോൾ ശിക്ഷ മറ്റുള്ളയാളുകൾ വഹിക്കുവാൻ ഇടയാകത്തക്ക വിധത്തിലുള്ള ഒരു പരിഷ്കാരമാണ് എന്നു മാത്രമല്ല, നമ്മുടെ നാട്ടിലെ ഗവൺമെന്റ് ഇങ്ങനെ ഇടയ്ക്കിടയ്ക്ക് പ്രഖ്യാപിക്കാറുണ്ട്, ഉള്ള ഭൂമി വെട്ടി നിരത്തരുതെന്ന്. ഒരുകാലത്ത് വെട്ടി നിരത്തലുകാരനായിട്ട് എന്നെ ആക്ഷേപിച്ചിരുന്നവർ തന്നെ ഭൂമി ഇങ്ങനെ വെട്ടി നിരത്തരുതെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. സന്തോഷകരമാണ്. പക്ഷേ എക്സ്പ്രസ് ഹൈവേ വന്നാൽ വെട്ടി നിരത്തൽ റെഡി. ആയിരക്കണക്കിന് പാടങ്ങൾ, തണ്ണീർ തടാകങ്ങൾ ഇതെല്ലാം ഇല്ലാതാകുന്ന ഒരു സ്കീമാണ്. ഇത് നടപ്പിലാക്കുന്നതിനുമുമ്പ് കേരളത്തിലെ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ബഹുജന സംഘടനാ പ്രവർത്തകർ, സാമൂഹ്യ രംഗങ്ങളിലെ പ്രവർത്തകർ ഇവരെയെല്ലാം വിളിച്ചുകൂട്ടി ഇതുസംബന്ധിച്ച് ന്യായമായിട്ടുള്ള ചർച്ച നടത്തണം. കേരളത്തിന്റെ താല്പര്യത്തിന് ഇത് നടപ്പിലാക്കാതെ സാധ്യമല്ല എന്നാണ് എല്ലാവരും അംഗീകരിക്കുന്നതെങ്കിൽ മാത്രമെ ഇതുമായി മുന്നോട്ടു പോകാവു. അല്ലാതെ എടുത്തു ചാടി ഈ പരിഷ്ക്കാരവുമായിട്ട് മുന്നോട്ടു പോകരുതെന്നാണ് ഈ അവസരത്തിൽ എനിക്ക് അറിയിക്കുവാനുള്ളത്. ഇത് ശ്രീ. പി. ജെ. ജോസഫ് കൊണ്ടുവന്നതാണെന്ന് ഞങ്ങൾക്ക് ആർക്കും മനസ്സിലായിട്ടില്ല, അറിവുമില്ല. അതുകൊണ്ട് ശ്രീ. പി. ജെ. ജോസഫ് അല്ല, പടച്ചോൻ കൊണ്ടു വന്നതായാലും ശരി എന്റെ അഭിപ്രായം ഞാനിവിടെ പറഞ്ഞു കഴിഞ്ഞു. ഇതു സംബന്ധിച്ച് ഓടിച്ചാടി, ധൃതിപിടിച്ച് ഒരു സമീപനം എടുക്കരുത്. ഇതുസംബന്ധിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെങ്കിൽ ആ നിലയിൽ സാവധാനം ചർച്ചചെയ്ത് കാര്യങ്ങൾ കൊണ്ടുപോകുവാൻ ശ്രമിക്കണം. അടുത്തതായി എനിക്ക് പറയാനുള്ളത്, നമ്മുടെ കേരളത്തിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചാണ്. ഒരുപാട് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് ശ്രീ. ആര്യാടൻ മുഹമ്മദ്, സുസ്ഥിരമായ സാമ്പത്തിക അടിത്തറയിലാണ് കേരളാ ഗവൺമെന്റ് നിലനില്ക്കുന്നതെന്ന് ഞാൻ പറയുന്നില്ല എന്ന് പറഞ്ഞുകൊണ്ടാണ് ധനകാര്യ മാനേജുമെന്റിനെ സംബന്ധിച്ച് ന്യായീകരിക്കുവാൻ കഴിവതും ശ്രമിച്ചത്. ധനകാര്യ മാനേജുമെന്റിന്റെ ശ്രമം എന്തുതന്നെയായാലും ഇപ്പുറത്തു നിന്നുള്ള ഞങ്ങളുടെ പ്രതിനിധികൾ ചൂണ്ടിക്കാണിച്ചത് 23919 കോടിയായിരുന്ന കേരളത്തിന്റെ പൊതുക്കടം ഏതാണ്ട് നാല്പത്തിയൊന്നായിരം കോടിയായിട്ട് ഉയർന്നിരിക്കുകയാണ്. ഈ പൊതുക്കടം വർദ്ധിക്കുന്നതിന് ഇടയാകത്തക്ക തരത്തിലുള്ള സാമ്പത്തിക മാനേജുമെന്റാണ് ഉണ്ടായിട്ടുള്ളത്. അതിൽനിന്ന് അഞ്ചു രൂപ കുറഞ്ഞാലും അയ്യായിരം രൂപ കുറഞ്ഞാലും വർദ്ധിക്കുവാൻ ഇടയായിട്ടുള്ള ഒരു സാമ്പത്തിക മാനേജുമെന്റാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ സ്നേഹിതനായ, എന്റെ സ്നേഹിതനായ ധനകാര്യമന്ത്രി ശ്രീ. ശങ്കരനാരായണന്റെ നേതൃത്വത്തിലുള്ള ധനകാര്യ മാനേജുമെന്റെന്ന് നമുക്ക് അംഗീകരിക്കാതെ നിർവ്വാഹമില്ല. പൊതുക്കടം പരമാവധി കുറവു ചെയ്യാൻ സഹായകമായിട്ടുള്ള ഒരു സാമ്പത്തിക മാനേജുമെന്റ് കേരളത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകേണ്ടതായിരുന്നു. അതുണ്ടായില്ല എന്നുള്ളത് ഈ ഭരണത്തിന്റെ പരാജയമായിട്ടുതന്നെ സത്യസന്ധമായി അംഗീകരിക്കുകയാണ് വേണ്ടിയിരുന്നത്. പെട്രോൾ ബങ്കിൽ നിന്നുള്ള ഏതൊരുകാലത്തും വർദ്ധിപ്പിക്കുമ്പോഴുള്ള, നമ്മുടെ ഓഹരിയും അതുപോലെതന്നെ ബിവറേജസ് കോർപ്പറേഷനിൽ നിന്ന് ശരാശരി വന്നു കൊണ്ടിരിക്കുന്ന തുകയുമാണ് ശരിയായ നിലയിൽ കേരളത്തിന്റെ വരുമാനമായിട്ട് കണക്കാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അതല്ലാതെ സി. ആന്റ് എ. ജി.-യുടെ അഭിപ്രായത്തെ സംബന്ധിച്ച് ഇടയ്ക്കിടയ്ക്ക് കുറേശ്ശേ കുറേശ്ശേ പണം ഉണ്ടാകുന്നില്ല എന്നല്ല, എന്നാൽ സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ട് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ആര്യാടൻ ഉദ്ധരിച്ചതുകൊണ്ടു മാത്രം, പറയുകയാണ്. ആ റിപ്പോർട്ടു പ്രകാരം 2002-2003-ലെ റവന്യൂ കമ്മി 4118 കോടി രൂപ എന്നത് ഒരു സർവ്വകാല റെക്കോർഡ് ആണെന്ന് അദ്ദേഹം ചൂണ്ടി കാണിച്ചിട്ടുള്ളത് ശ്രീ. ആര്യാടൻ എന്തുകൊണ്ടോ പറയാൻ വിട്ടുപോയി. സാമ്പത്തിക സ്ഥിതി സ്ഥിരമല്ല എന്നു മാത്രമല്ല, ഗവൺമെന്റിന് ശേഖരിച്ച് എടുക്കാവുന്ന തരത്തിലുള്ള വരുമാനം വേണ്ടതുപോലെ ഉണ്ടാകുന്നുമില്ലാ, വരുമാനം നഷ്ടപ്പെടുത്താൻ ചില ശുപാർശകളും കാര്യങ്ങളും വരുമ്പോൾ ഗവൺമെന്റ് നിർബന്ധിതമാകുന്നതിന്റെ ഫലമായി ബഹുമാനപ്പെട്ട ശങ്കരനാരായണന്റെ സ്നേഹിതനായ ശ്രീ. മാണിയുടെ, പാട്ടം കുറയ്ക്കൽ പോലുള്ള ചില പരിപാടികൾ കൊണ്ടുവന്ന ചോർത്തുകയും ചെയ്യുന്നതിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വളരെയേറെ ശുഷ്ക്കമായിട്ടുള്ള നിലയിലാണ് പോയിക്കൊണ്ടിരിക്കുന്നത്. അതിന് നിങ്ങൾ കേരളത്തിലുള്ള കൃഷിക്കാരെയും തൊഴിലാളികളെയും ശിക്ഷിക്കുവാൻ തുനിയരുത്. നിങ്ങൾ ഇപ്പോൾ പറയുന്നത് എന്താണെന്നു വച്ചാൽ കേരളത്തിൽ ആത്മഹത്യകൾ നടക്കുന്നുണ്ടോ? ഇവിടെ എന്റെ സ്നേഹിതന്മാരുടെ വളരെ ദീർഘമായ പ്രസംഗം ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും രൂപത്തിൽ മരിച്ചാൽ ഉടൻ ആത്മഹത്യയാണെന്നു പറഞ്ഞുകൊണ്ട് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ആത്മഹത്യയെ സംബന്ധിച്ച് പെരുപ്പിച്ച് കാണിക്കുന്നു, ഇല്ലാത്തത് ആത്മഹത്യയാക്കുവാൻ ശ്രമിക്കുന്നു, അവരൊക്കെ കൃഷിക്കാരാണെന്നും വരുത്താൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞു. കേരളത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലമായി നമ്മുടെ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായി ഇരുപത്തിയയ്യായിരം രൂപയുണ്ടായിരുന്ന നമ്മുടെ കുരുമുളകിന്റെ വില ഏഴായിരമായി കുറഞ്ഞു. അതിന്റെ ഫലമായി അറുന്നൂറ്റി പത്തൊമ്പത് കോടി രൂപയാണ് ഒരു വർഷം കൃഷിക്കാരന് നഷ്ടമുണ്ടാകുന്നത്. വിലയിടിവില്ലായിരുന്നുവെങ്കിൽ ഇരുപത്തയയ്യായിരം രൂപ ഉണ്ടായിരുന്നുവെങ്കിൽ അറുന്നൂറ്റിപത്തൊമ്പത് കോടി രൂപയായിരുന്നു കിട്ടേണ്ടിയിരുന്നത്. അഞ്ചു വർഷക്കാലം മൂവായിരത്തി ഒരുന്നൂറിൽപ്പരം കോടി രൂപയാണ് കൃഷിക്കാരന് നഷ്ടപ്പെട്ടത്. വയനാടു പ്രദേശത്തെ കണക്കാണ് ഞാൻ പറയുന്നത്. വയനാട് പ്രദേശത്ത് കുരുമുളകും കാപ്പിയും അടയ്ക്കയും ഒക്കെയാണ് കൃഷി ചെയ്യുന്നത്. ഏഴു ലക്ഷത്തോളം വരുന്ന ജനങ്ങളും ഇരുപത്തിയാറു പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമാണ് അവിടെയുള്ളത്. അതിൽ പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ പ്രദേശങ്ങളിലാണ് കുരുമുളക് കൃഷി ചെയ്യുന്നത്. ബാക്കി പ്രദേശത്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കാപ്പിയും മറ്റ് കൃഷിയുമാണ്. അങ്ങനെ മൂവായിരത്തി ഒരുന്നൂറിൽപ്പരം കോടിരൂപ ആ പ്രദേശത്ത് കൃഷിക്കാരന് അഞ്ചുകൊല്ലംകൊണ്ട് നഷ്ടമായി. അവർ എല്ലാതരത്തിലും പാപ്പരായിരിക്കുമ്പോഴാണ് നാനൂറ്റി മുപ്പതുകോടി രൂപ കടമെടുത്തത്. ആ കടമെടുത്ത നാനൂറ്റി മുപ്പത് കോടി രൂപയിൽ നൂറ്റി മുപ്പത്തിമൂന്നു കോടി രൂപയാണ് കുടിശ്ശികയുള്ളത്. മൂവായിരത്തി ഒരുന്നൂറിൽപ്പരം കോടി രൂപ അവർക്ക് നഷ്ടപ്പെട്ടപ്പോൾ അവർ കടക്കാരായി. ഇപ്പോഴും നില്ക്കുന്നത് നൂറ്റിമുപ്പത്തിമൂന്നു കോടി രൂപ കടത്തിലാണ്. അവരോട് പതിനഞ്ചര ശതമാനവും പതിനേഴര ശതമാനവും പലിശ വാങ്ങിയവരാണ് ദേശസാൽകൃത ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും. ആ അവസരത്തിൽ ഈ പലിശ കൊടുക്കുവാൻ കഴിയാതെ വരുമ്പോൾ, ആ പലിശയെല്ലാം കൊടുത്ത് കൃഷിക്കാരൻ ഇവരുടെ സർവ്വതും നഷ്ടപ്പെട്ടതിനു ശേഷം ആ പലിശ വാങ്ങുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കൂടെ അവർ ബ്ലേഡുകാരെന്നു പറയുന്ന ഒരു കൂട്ടരോടും പതിനായിരവും ഇരുപതിനായിരവും രൂപ വാങ്ങിയിട്ടുണ്ട്. മറ്റ് ബാങ്കുകളുമെല്ലാം ഉദ്യോഗസ്ഥന്മാരെ അയയ്ക്കുക എന്നുള്ളതാണ് ചെയ്യുന്നതെങ്കിൽ ബ്ലേഡുകാർ ചെയ്യുന്നത് എന്താണ്? ഇരുപതും ഇരുപത്തിയഞ്ചും പേരെയാണ് അയയ്ക്കുന്നത്. ആരുടെ പേരിൽ, കൃഷിക്കാരന്റെ പേരിൽ. തന്ന കാശ് വയ്ക്കെടാ എന്നു പറഞ്ഞിട്ട്, ഗുണ്ടാ മോഡൽ ഭീഷണിയാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

ഇങ്ങനെവരുന്ന സന്ദർഭങ്ങളിലാണ് ഗത്യന്തരമില്ലാതെ കൃഷിക്കാർ ആത്മഹത്യയെ അഭയം പ്രാപിക്കുന്നത്. അങ്ങനെയുള്ള കൃഷിക്കാരുടെ യഥാർത്ഥ സ്ഥിതിഗതികൾ ഇപ്പോഴും മനസ്സിലാക്കുന്നില്ല. മരണം കളവായിട്ട് അഭിനയിച്ച് സർക്കാരിൽനിന്ന് കാശ് കിട്ടാനുള്ള സൂത്രമാണ് കൃഷിക്കാർ ചെയ്യുന്നതെന്ന് ആ ഡെഡ് ബോഡിയെ നോക്കി, ആ നിരാലംബരായ കുടുംബങ്ങളെ നോക്കി ബഹുമാനപ്പെട്ട ആന്റണി ഗവൺമെന്റിന്റെ പ്രതിനിധികളുടെ സൂത്രങ്ങൾ ഞങ്ങളുടെയടുത്തു വേണ്ട, ഇത് കള്ളത്തട്ടിപ്പിലുള്ള മരണമാണ്, അത് ഈ കേരള ഗവൺമെന്റിന്റെയടുത്തു വേണ്ട എന്ന നിലയിലുള്ള നിങ്ങളുടെ ഈ സമീപനം തിരുത്താതെ സാധ്യമല്ല. ഡോക്ടർമാരേയും, നഴ്സുമാരേയും വീട്ടിലേക്കയക്കാനുള്ളശ്രമമാണ് നമ്മുടെ ബഹുമാനപ്പെട്ട മാണിയുടേയും ബഹുമാനപ്പെട്ട ഗൗരിയമ്മയുടേയും ബഹുമാനപ്പെട്ട ശങ്കരനാരായണന്റേയും സന്ദർശനത്തിനുശേഷം രൂപപ്പെട്ടു വരുന്നുതെന്നാണ് മനസ്സിലാകുന്നത്. ഞാൻ അവിടെ പോയതിനുശേഷം നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട്ടിൽ പോയി. അദ്ദേഹം വയനാട്ടിൽ എത്തുമ്പോൾ പതിനൊന്ന് പേർ ആത്മഹത്യ ചെയ്തു. അദ്ദേഹം വായ്പകൾക്ക് ഒരു കൊല്ലത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. അവരെല്ലാം മുഖ്യമന്ത്രിയുടെയടുത്ത് കൂടിയിട്ട് പറഞ്ഞു ഇതൊന്നും പ്രഖ്യാപിച്ചതുകൊണ്ട് ഞങ്ങൾക്ക് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല എന്ന്. ഈ പലിശയും പിഴപ്പലിശയും ഞങ്ങൾ വാങ്ങിയ കടത്തിന്റെ അവസാനത്തെ തുകയും ഒഴിവാക്കി പുതിയതായിട്ട് ഞങ്ങൾക്ക് ദീർഘകാല വായ്പ ഗഡുക്കളായി അടച്ചാൽ മതി എന്നുള്ള നിലയിൽ പലിശരഹിതമായിട്ടോ ചെറിയ പലിശയ്ക്കോ പണം കിട്ടിയാൽ മാത്രമേ ജീവിതത്തെ സംബന്ധിച്ച് ചിന്തിക്കാൻ തന്നെ കഴിയുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് കൃഷിക്കാർ ഞാൻ അവിടെ ചെന്നപ്പോൾ എന്നോട് സങ്കടത്തോടുകൂടി പറഞ്ഞതാണ്. മുഖ്യമന്ത്രി അവിടെ ചെന്നപ്പോൾ മുഖ്യമന്ത്രിയോടും അതുതന്നെ അവർ പറഞ്ഞുകാണുമെന്നാണ് ഞാൻ കരുതുന്നത്. ആ നിലയിൽ കൃഷിക്കാരന്റെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി അതിന് ചികിൽസിക്കുക എന്നുള്ളതിനു പകരം നിങ്ങൾക്ക് കഴിയുന്നത്ര തുക കുറച്ചു കൊടുക്കാൻ വേണ്ടിയിട്ട് മരണ സംഖ്യ കുറയ്ക്കുക. അതിന്റെ ഫലമായിട്ട് കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കാനിടയുള്ള സഹായം നിങ്ങളുടെ കള്ളക്കളിയുടെ ഫലമായിട്ട് നിരപരാധികളായ നിഷ്ക്കളങ്കരായ കൃഷിക്കാർക്ക് ലഭിക്കേണ്ടത് നഷ്ടപ്പെടുത്തുകയാണ്. ആ ശത്രുതാപരമായ സമീപനം നിങ്ങൾ തിരുത്തിയേ മതിയാകൂ എന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. അതുപോലെതന്നെ ചിറ്റൂരിലെ കൃഷിക്കാർ, പാലക്കാട്ടെ കൃഷിക്കാർ, കുട്ടനാട്ടിലെ കൃഷിക്കാർ, വയനാട്ടിലെ കൃഷിക്കാർ, അവരുടെയെല്ലാംതന്നെ ദീർഘമായ നിരാഹാര സമരങ്ങൾ നടന്നു. ആ സമരത്തിനുശേഷം മുഖ്യമന്ത്രി ചിറ്റൂരിൽ പോയി കൃഷിക്കാരോട് നിങ്ങൾ നിരാഹാര സമരത്തിൽനിന്ന് പിൻമാറണമെന്ന് അഭ്യർത്ഥിച്ചു. അപ്പോൾ അവർ ചോദിച്ചു. സർ, ഞങ്ങൾ എന്തു പ്രതീക്ഷയോടുകൂടിയാണ് ഈ സമരത്തിൽനിന്ന് പിൻതിരിയേണ്ടത്. അങ്ങെന്താണ് ഞങ്ങൾക്കുവേണ്ടി പ്രഖ്യാപിക്കുന്ന ആനുകൂല്യം എന്നു ചോദിച്ചപ്പോൾ ഒന്നും പറയാൻ ഇല്ലാതെ നിങ്ങൾ സമരം പിൻവലിക്കണമെന്നു അവരോട് ആവശ്യപ്പെട്ടു. അവർ പിൻവലിക്കാൻ തയ്യാറായില്ല. അതിനുശേഷം ഞാൻ അവരുമായി ബന്ധപ്പെട്ടു. മുഖ്യമന്ത്രി വന്ന് നിങ്ങളോട് ഇങ്ങനെ പറഞ്ഞത് നിങ്ങൾ നടത്തിവരുന്ന നിരാഹാര സമരത്തിന് ഒരു ഒത്തുതീർപ്പുണ്ടാക്കണമെന്ന മനോഭാവത്തോടെയായിരിക്കണമല്ലോ? അതുകൊണ്ട് നിങ്ങൾ സമരം നിർത്തിയിട്ട് മുഖ്യമന്ത്രിയുമായിട്ട് സംസാരിച്ച് ഇതുസംബന്ധിച്ച് ഒരു പരിഹാരം ഉണ്ടാക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ഏർപ്പെടുകയാണ് വേണ്ടതെന്ന് പറഞ്ഞതിനുശേഷം അവർ കുറേ ആളുകൾ, അവിടത്തെ കർഷക പ്രസ്ഥാനത്തിന്റെ പ്രതിനിധികൾ നിരാഹാരം നടത്തിവരുന്ന സംഘത്തിന്റെ പ്രതിനിധികൾ ഒക്കെ ഇവിടെവന്ന് മുഖ്യമന്ത്രിയുടെ ക്ലിഫ് ഹൗസിൽ വച്ച് ദീർഘമായ ചർച്ചകൾക്കുശേഷം മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഇറിഗേഷൻ മന്ത്രിയും പങ്കെടുത്ത ഒരു യോഗത്തിൽ ഒത്തുതീർപ്പുണ്ടായി. ആ ഒത്തുതീർപ്പനുസരിച്ച് വെള്ളം അടിയന്തിരമായിട്ട് ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാം. അതുപോലെ ഇപ്പോൾ പറഞ്ഞിട്ടുള്ള ഏക്കറിന് 1500 രൂപ സഹായം എന്നുപറയുന്നത് മൂവായിരമാക്കാം, വിത്ത് സൗജന്യമായിട്ട് നൽകാം, അതുപോലെ തന്നെ ഉപ്പ് കയറി നശിച്ച സ്ഥലങ്ങളിൽ കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ വിത്ത് പകരം കൊടുക്കാം, അതുപോലെ ഉപ്പിൽനിന്ന് രക്ഷപ്പെടാനുള്ള കാര്യങ്ങളുമെല്ലാം ചെയ്യാം, ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാം എന്നിങ്ങനെയുള്ള കാര്യങ്ങൾ കർഷകർക്കുവേണ്ടി ചെയ്യാമെന്ന് പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം ഇവിടെ അസംബ്ലിയിൽ കൃഷിമന്ത്രിയും മുഖ്യമന്ത്രിയും നടത്തിയ വിശദീകരണത്തിൽ ഇതുവരെ കേരളം ഭരിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും പ്രധാനമായി കർഷകരെ സഹായിച്ചിട്ടുള്ള ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന അവകാശവാദത്തോടുകൂടി കുറേ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. വാസ്തവത്തിൽ അങ്ങ് ഉണ്ടാക്കിയിരിക്കുന്ന ഒത്തുതീർപ്പ് വ്യവസ്ഥകൾ ഏതാണ്ട് ഒന്നരമാസം കഴിഞ്ഞിട്ടും ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഈ ധനവിവനിയോഗ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പൊതുമേഖലയിലെ ഗവൺമെന്റിന്റെ പോളിസിയെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റ് ഒരു കാര്യം പറഞ്ഞാൽ ആ കാര്യത്തിൽ ഉറച്ചു നിൽക്കും. മാത്രമല്ല നിയമസഭയിൽ പറഞ്ഞതാണെന്നുണ്ടെങ്കിൽ അതിന് അണുകിട വ്യത്യാസമുണ്ടായിരിക്കുകയില്ല. ഇവിടെ അദ്ദേഹം ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്ന റീസ്ട്രക്ച്ചറിംഗിനെക്കുറിച്ച് പറഞ്ഞു. ലാഭത്തിലുള്ള ഒരു കമ്പനിയും സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. നേരത്തെ ഉദ്ദേശിച്ചിട്ടുമില്ല, ഈ അവസ്ഥയിൽപോലും അത് ഉദ്ദേശിച്ചിട്ടില്ല. സി.എം.പി.-യുടെ പോളിസി അക്ഷരംപ്രതി തുടരുന്നതിന് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. ഓരോ കമ്പനികളും എടുത്ത് പൊതുവായ കോൺസൻസസിന്റെ അടിസ്ഥാനത്തിൽമാത്രം തീരുമാനം മതി എന്നുള്ളതിലും യാതൊരു വിരോധവുമില്ല. ഇതാണ് ഗവൺമെന്റിന്റെ സമീപനം. അങ്കമാലി ടെൽക്കിനെക്കുറിച്ച് അങ്ങേക്ക് കിട്ടിയ വിവരം പൂർണ്ണമല്ല. അങ്കമാലി ടെൽക്ക് നേരത്തെതന്നെ ടെക്നോളജിക്കുവേണ്ടി കുറച്ച് സ്വകാര്യ ഷെയറുള്ള കമ്പനിയാണ്. ഹിറ്റാച്ചിക്ക് ഷെയറുള്ള കമ്പനിയാണ്. ആ കമ്പനി ഗവൺമെന്റ് നിലവിൽ വന്ന് കുറച്ചു കഴിഞ്ഞപ്പോൾ വൻ നഷ്ടത്തിലായി. ഇപ്പോഴും 56 കോടി രൂപ ലോസുണ്ട്. ബി.ഐ.എഫ്.ആർ-ൽ കമ്പനി അടച്ചു പൂട്ടാൻ വേണ്ടി ഓർഡർ ആയി. എന്നു മാത്രമല്ല കേസിന് പോയിട്ടാണ് പിടിച്ചു നിർത്തിയിരിക്കുന്നത്. ആ സന്ദർഭത്തിലാണ് യൂണിയൻകാരെല്ലാംകൂടി കോടതിയിൽപോയി എഴുതിക്കൊടുത്തത്, സി.ഐ.ടി.യു. ഉൾപ്പടെ. അത് എന്താന്നുവച്ചാൽ ടെക്നോളജി കൊണ്ടുവരാൻവേണ്ടി ടെക്നോളജി കൊണ്ടുവരുന്നവർക്ക് ഷെയർ പാർട്ടിസിപ്പേഷൻ കൊടുക്കാൻ തയ്യാറാണ് എന്നുള്ളതാണ്. അങ്ങനെ കൊടുത്തില്ലെങ്കിൽ ഇപ്പോഴുള്ള ടെക്നോളജിയുടെ അവധിയും തീരും. പിന്നെ ഇവിടെ ഒറ്റ ട്രാൻസ്ഫോർമർ നിർമ്മിക്കാൻ പറ്റില്ല. ഇതോടുകൂടി കമ്പനി അടച്ചു പൂട്ടേണ്ടിവരും. എന്നിട്ടും പ്രശ്നം നിയമസഭയിൽ വന്നപ്പോൾ ഷെയറെടുക്കുന്ന കമ്പനിക്ക് വേണമെങ്കിൽ കൊടുക്കാമെന്നാണ്, ഗവൺമെന്റിന്റെ പോളിസിയല്ല എന്ന് ഞാൻ നിയമസഭയിൽ പറഞ്ഞു. സ്വകാര്യ മേഖലയ്ക്ക് കൊടുക്കുകയില്ല. പൊതുമേഖലയിൽ നിലനിർത്തും. ടെക്നോളജിയിൽ വേണമെങ്കിൽ കുറച്ച് ഷെയർ കൊടുക്കാം. ആ നിലപാടേ ഗവൺമെന്റിനുള്ളു. കിട്ടിയിരിക്കുന്ന ഇൻഫർമേഷൻ ശരിയല്ല. ഇത് പൊതുമേഖലയിൽ നിലനിർത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. പക്ഷെ ടെക്നോളജി എഗ്രിമെന്റിന്റെ കാലാവധി തീരുകയാണ്. അതുകൊണ്ട് പുതിയ ടെക്നോളജി കൊണ്ടുവരുന്ന ആൾക്ക് കൊടുക്കണമെന്ന് സി.ഐ.ടി.യു. ഉൾപ്പടെയുള്ള യൂണിയൻകാരെല്ലാം എഗ്രീ ചെയ്തു. അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എന്തുവേണമെന്നുള്ളത് അവരെല്ലാവരുംകൂടി തീരുമാനിച്ചാൽ മതി. അതനുസരിച്ച് പോകുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് വിരോധമില്ല. പക്ഷെ ഓരോ കമ്പനിയുടേയും ടെക്നിക്കലായിട്ടുള്ള കാര്യവും ഒക്കെവച്ച് ചർച്ച ചെയ്യേണ്ടി വരും. അതുകൊണ്ട് അങ്കമാലി ടെൽക്കിനെ പൊതുമേഖലയിൽ നിലനിർത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതേയവസരത്തിൽ ഇങ്ങനെ ഒരു പ്രോബ്ളമുണ്ട്. എവിടെ നിന്നെങ്കിലും ടെക്നോളജി കിട്ടണം. ടെക്നോളജി കിട്ടണമെന്നുണ്ടെങ്കിൽ പണ്ട് ഇതിനേക്കാൾ വിപ്ലവമനോഭാവമുള്ള ഗവൺമെന്റാണ് ഹിറ്റാച്ചിക്ക് ഷെയർ കൊടുത്തത്. അതുപോലെ ഷെയർ കൊടുത്താലേ ടെക്നോളജി കിട്ടുകയുള്ളു. പക്ഷെ മാനേജ്മെന്റ് ഒരിക്കലും സ്വകാര്യ മേഖലക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുള്ളത് ഞാൻ ക്ലാരിഫൈ ചെയ്യുകയാണ്.

ഗവൺമെന്റ് വളരെ ശ്രദ്ധയോടെയാണ് പോകുന്നത്. പൊതുമേഖല എന്നുള്ളത് നമ്മളെല്ലാവരും കൂടി ആലോചിക്കണം. ഓരോ കമ്പനിക്കും ഓരോ റൂൾ ഉണ്ട്. അങ്ങ് കെ.എസ്.ഡി.പി.-യുടെ കാര്യം പറഞ്ഞു. എത്രയോ തവണ പറഞ്ഞതാണ് സ്വകാര്യ മേഖലയ്ക്ക് കൊടുക്കാൻ പോകുകയാണെന്ന്. നമ്മൾ എത്ര പറഞ്ഞാലും പിന്നെയും ഇതു തന്നെ പറയും. അത് പൊളിറ്റിക്കലാണ്. ഇപ്പോൾ കഴിഞ്ഞ കാബിനറ്റ് തീരുമാനം അനുസരിച്ച് കെ.എസ്.ഡി.പി. ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം ഏറ്റെടുക്കാൻ വേണ്ടി കാബിനറ്റ് റിക്വസ്റ്റ് ചെയ്തിരിക്കുകയാണ്. ഇവിടെ നടന്ന ഒരു പ്രൊമോഷന്റെ കാര്യം പറഞ്ഞു. അത് എന്താണെന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. പ്രൊമോഷൻ എന്നൊക്കെ പറഞ്ഞാൽ കമ്പനികളിലെ സാധാരണ സംഗതിയാണ്. അതിൽ എന്തെങ്കിലും അപാകത ഉണ്ടോ എന്നുള്ളത് പരിശോധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. ബാലനും ഒക്കെ നിരന്തരം പറയുന്നുണ്ട് ചിറ്റൂർ ഷുഗർ മില്ലിന്റെ കാര്യം. അത് കാബിനറ്റിൽ വരുന്നുണ്ട്. കാബിനറ്റ് ചർച്ച ചെയ്യും. അത് ഇപ്പോൾ ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കണം എന്നുള്ളതാണ് വ്യവസായ വകുപ്പ് വയ്ക്കാൻ പോകുന്ന പ്രൊപ്പോസൽ. ബാക്കി തീരുമാനിക്കേണ്ടത് കാബിനറ്റാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പാട്ട നിരക്ക് ഗവൺമെന്റ് കുറച്ചതുകാരണം നഷ്ടം വന്നു എന്നു പറഞ്ഞു. അതിന്റെ സത്യ സ്ഥിതി എന്നു പറയുന്നത് എൽ.ഡി.എഫ് ഗവൺമെന്റ്—ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആ ഫയൽ കണ്ടിട്ടില്ലാത്തതുകൊണ്ടാണ്—22-2-2001-ലെ നായനാർ ഗവൺമെന്റിന്റെ കാബിനറ്റ് ഒ. എ. ഐറ്റം-15 ആയിട്ടാണ് തീരുമാനം എടുത്തത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് 10% പാട്ടത്തുക 1% ആക്കി കുറയ്ക്കാൻ അന്ന് കാബിനറ്റ് തീരുമാനിച്ചു. തീരുമാനിച്ചു എന്നു മാത്രമല്ല രണ്ടാമത് വേറൊരു തീരുമാനംകൂടി എടുത്തു. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വെറുതെ, സൗജന്യമായി കൊടുക്കുന്നത് സംബന്ധിച്ച്. അത് 1995 നവംബർ മുതൽ റീട്രോസ്പെക്ടീവായിട്ട് വരും. സൗജന്യം എന്നു പറയുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യ വില ഈടാക്കുക, കൺസഷണൽ റേറ്റിൽ പതിച്ചു കൊടുക്കുക. കൺസഷണൽ റേറ്റിൽ പതിച്ചു കൊടുക്കുമ്പോൾ റീട്രോസ്പെക്ടീവായിട്ട് 1995 നവംബർ മുതൽ കൊടുക്കുക. 1% ആക്കി കുറയ്ക്കുക,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് കൺസഷണൽ റേറ്റിൽ പതിച്ചുകൊടുക്കുക, 1995 മുതൽ റീട്രോസ്പെക്ടീവ് ആക്കുക ഇങ്ങനെ കാബിനറ്റ് ഡിസിഷൻ എടുത്തിട്ട് നിങ്ങൾ ഭരണത്തിൽനിന്നുപോയി. അതിനുശേഷം ഈ ഫയൽ ഫിനാൻസിൽ കണ്ട് തിരിച്ചു വന്നപ്പോൾ ഞങ്ങൾ അതൊന്ന് പരിഷ്ക്കരിച്ചു. പരിഷ്ക്കരിച്ചത് 1% എന്നുള്ളത് 2% ആക്കി ഞങ്ങൾ ഉയർത്തി. ഇതാണ് ഞങ്ങൾ ചെയ്തത്. ആ രീതിയിൽ ഞങ്ങളൊരു തീരുമാനം എടുത്തു. 1% ആണോ 2% ആണോ കൂടുതൽ. ഞങ്ങൾ 2% ആക്കി ഉയർത്തിയപ്പോൾ ഞങ്ങളെ പ്രതിക്കൂട്ടിൽ നിർത്തുന്നു. വാസ്തവത്തിൽ നിങ്ങളാണ് 1% ആയി കുറച്ചത്. ഞങ്ങൾ സർക്കാരിന് ലാഭം ഉണ്ടാക്കുകയാണ് ചെയ്തത്. തന്നെയുമല്ല ഇതിന്റെ പിന്നിൽ ഒന്നുമില്ല. ഇത് സുതാര്യമായ കാര്യമാണ്. റവന്യൂവിന്റെ ശുപാർശയിൻമേൽ യു.ഡി.എഫ്. ഗവൺമെന്റ് 7-1-2004-ൽ ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭ കൂട്ടായി ആലോചിച്ചുകൊണ്ട് എടുത്ത തീരുമാനമാണ്. എന്നുമെന്നും ഇങ്ങനെ പാട്ടത്തുക കുറച്ച് മുന്നോട്ടുപോകാൻ കഴിയില്ല. 200 കോടി രൂപ നഷ്ടം വന്നു എന്നൊക്കെ പറയുന്നത് വാസ്തവത്തിൽ ക്രൂരമാണ്. നിങ്ങൾ തുടങ്ങിവച്ചത് ഞങ്ങൾ പൂർത്തിയാക്കി. ഒന്നുകൂടി സർക്കാരിനെ ലാഭകരമാക്കി ഞങ്ങൾ പൂർത്തിയാക്കി എന്നുള്ളതാണ്. മംഗളവനത്തെ സംബന്ധിച്ച് എന്തോ പറഞ്ഞു. മംഗളവനം ഞങ്ങൾ തൊട്ടിട്ടില്ല, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ഹഡ്കോയുമായി ചേർന്നുകൊണ്ട് ഒരു ഇക്കോ ടൗൺഷിപ്പ് കൊച്ചിയിൽ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ്. മംഗള വനത്തെ തൊട്ടിട്ടില്ല. മംഗളവനത്തോട് ചേർന്ന് ഭാരത് പെട്രോളിയത്തിന് കുറേ സ്ഥലം കേരളാ ഗവൺമെന്റ് ലീസ്-ന് കൊടുത്തിരുന്നു. അത് മംഗള വനത്തോട് ചേർന്നാണ്. ഭാരത് പെട്രോളിയത്തിന് കൊടുത്ത സ്ഥലം ഹൗസിംഗ് ബോർഡിന് തിരിച്ചു തന്നു. ആ തിരിച്ചു തന്നതിൽ ഞങ്ങൾ ഇക്കോ ടൂറിസം വയ്ക്കുകയാണ്, ടൗൺഷിപ്പ് കൊണ്ടുവരികയാണ്. മംഗളവനത്തോട് കൂട്ടിമുട്ടുന്നില്ല. ഒന്നര ഏക്കർ സ്ഥലം വീണ്ടും വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് ഇടയ്ക്ക് സ്ഥലമിടുകയാണ്. മംഗള വനത്തിന് യാതൊരു കുഴപ്പവും ഇല്ല. മംഗളവനത്തിന്റെ സ്ഥലം എടുത്തിട്ടില്ല, എന്നുമാത്രമല്ല ഇക്കോ ടൗൺഷിപ്പും മംഗളവനവും തമ്മിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ട് ഒരു ചെറിയ ഫോറസ്ട്രികൊണ്ട് വേർതിരിക്കുന്ന രീതിയിൽ ഹൗസിംഗ് ബോർഡ് ഒരു പ്രോജക്ട് കൊണ്ടുവരുന്നതിനെ മംഗളവനമെല്ലാം കവർന്നെടുത്തു എന്നു പറയുന്നത് തെറ്റിദ്ധാരണാജനകമാണ്. അതുകൊണ്ട് ഇതിന്റെ പിന്നിൽ ഒരു കുഴപ്പവുമില്ല എന്നു പറയട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: റവന്യൂ മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ചോദിക്കുകയാണ്. 7-1-2004-ൽ എടുത്ത തീരുമാനം നിങ്ങൾ അഞ്ചു മന്ത്രിമാർ കൂടിച്ചേർന്നായിരുന്നു എടുത്തത്. പിന്നീട് നിങ്ങൾ രണ്ടുമന്ത്രിമാരും കൂടി എടുത്ത തീരുമാനമോ? യുക്തിസഹമായിട്ടുള്ള നിലയിൽ ആദ്യം അതിന്റെ തീരുമാനം എടുക്കാൻ ഒത്തില്ല. ശ്രീ. കെ. എം. മാണിയുടെ വിശദീകരണം എല്ലാംതന്നെ അഞ്ചുപേരടങ്ങിയ കാബിനറ്റിൽ ആളുകൾക്ക് ബോധ്യമായില്ല, നിങ്ങളുടെ തന്നെ കാബിനറ്റിൽ. എന്നിട്ട് നിങ്ങൾ രണ്ടുപേരെയും ചുമതലപ്പെടുത്തി ഞങ്ങളുടെ കാലത്ത് എന്നു പറയുന്നില്ല. ആ നടപടികളെ സംബന്ധിച്ച രേഖകൾ മേശപ്പുറത്തു വയ്ക്കണം. ഞങ്ങളുടെ

കാലത്ത് എന്തെങ്കിലും അബദ്ധം ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾ സുബദ്ധങ്ങളാക്കി എന്നാണല്ലോ പറയുന്നത്. അതൊന്ന് പരിശോധിക്കത്തക്ക വിധത്തിൽ ആ രേഖകൾ മേശപ്പുറത്ത് വയ്ക്കണമെന്ന് ഞാൻ പറയുകയാണ്.

ശ്രീ. കെ. എം. മാണി: ആ രേഖകൾ ഞാൻ പ്രതിപക്ഷ നേതാവിനെ കാണിക്കാം. നിങ്ങളുടെ ക്യാബിനറ്റ് ഡിസിഷൻ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ രേഖകൾ കാണിക്കാം എന്നാണ് റവന്യൂ മന്ത്രി പറഞ്ഞത്. പ്രതിപക്ഷ നേതാവിനെ കാണിക്കുക എന്നുള്ളതല്ല ഇവിടെ ഉന്നയിച്ച പ്രശ്നം. അദ്ദേഹം പറഞ്ഞത് രേഖകൾ മേശപ്പുറത്ത് വയ്ക്കണമെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇത് കോട്ട് ചെയ്താണ് പറഞ്ഞത്. അങ്ങനെ കോട്ട് ചെയ്തു പറഞ്ഞാൽ ആ രേഖ മേശപ്പുറത്ത് വയ്ക്കണമെന്നാണ് റൂൾ അനുശാസിക്കുന്നത്. അതിനുവേണ്ടി അങ്ങ് നിർദ്ദേശം കൊടുക്കണം.

ശ്രീ. കെ.എം.മാണി: ഞാൻ കോട്ട് ചെയ്ത രേഖ ഈ രണ്ട് കടലാസ്സാണ്. ഇത് മേശപ്പുറത്തുവച്ചിട്ട് കാര്യമില്ല. ക്യാബിനറ്റ് ഡിസിഷന്റെ കോപ്പി ഞാൻ മേശപ്പുറത്തു വയ്ക്കാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് മൊത്തം 259,13,58,28,000 രൂപ സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ വികസനത്തിനും ഒഴിച്ചുകൂടാനാവാത്തതും അനിവാര്യവുമായ ചെലവുകൾക്കുവേണ്ടി അനുവദിച്ചു തരണമെന്ന അഭ്യർത്ഥനയാണ് ഈ മഹനീയ സഭയുടെ മുമ്പിൽ എനിക്ക് സമർപ്പിക്കാനുള്ളത്. ഇതിൽ 4889.66 കോടി രൂപ മൊത്തം പദ്ധതിയിലും 21,023.92 കോടി രൂപ പദ്ധതിയേതര ചെലവുകൾക്കും വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. റവന്യൂ ചെലവിന് 19,136.97 കോടി രൂപയും മൂലധന ചെലവ് 6776.61 കോടി രൂപയുമാണ്. 2004-2005-ലെ സംസ്ഥാന പദ്ധതി അടങ്കൽ പ്ളാൻ 4,800 കോടി രൂപയാണ്—പ്രൊവിഷണലായി. ഞാൻ വളരെ ദീർഘമായി സംസാരിക്കുന്നില്ല. ഇവിടെ രണ്ടു ഭാഗത്തുനിന്നും സംസാരിച്ച ബഹുമാന്യരായ മെമ്പർമാർ വളരെ കഠിനമായ വിമർശനങ്ങളൊന്നും പറഞ്ഞില്ല. കുറച്ചുകൂടി നന്നാക്കി പോകണമെന്നേ പറഞ്ഞിട്ടുള്ളു. 2004-2005-ലെ നമ്മുടെ സംസ്ഥാന പദ്ധതി അടങ്കൽ 4800 കോടി രൂപയാണ്. അതിൽ ഊർജ്ജം, ഗ്രാമവികസനം, കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും, വ്യവസായം, ജലസേചനം, ഗതാഗതം, വാർത്താവിനിമയം, സാമൂഹ്യവും സാമൂഹ്യ ക്ഷേമപരവുമായ സർവ്വീസുകൾ എന്നീ മേഖലകൾക്ക് മുഖ്യ പ്രാധാന്യം നൽകിയിട്ടുണ്ട്. 704 കോടി രൂപ ഊർജ്ജ മേഖലയ്ക്കും, 379.37 കോടി രൂപ ഗ്രാമ വികസനത്തിനും, 195.80 കോടി രൂപ കാർഷിക മേഖലയ്ക്കും, 359.99 കോടി രൂപ ഗതാഗതം, വാർത്താ വിനിമയം, വിനോദസഞ്ചാരം ഉൾപ്പെടെയുള്ള മേഖലയ്ക്കും 284.34 കോടി രൂപ വ്യവസായത്തിനും, 1022.34 കോടി രൂപ സാമൂഹ്യ സേവനപരമായ സർവ്വീസുകൾക്കും വകയിരുത്തിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുക്കണമെന്നതാണ് തീരുമാനിച്ചിട്ടുള്ളത്. കൃഷിക്കാർ അനുഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ദുരിതത്തിന് ആശ്വാസം നൽകുന്നതിനായി കടാശ്വാസ നിയമം കൊണ്ടുവരികയും ഇതിനകം തന്നെ 14 കോടി രൂപയോളം സഹായം ഈ മേഖലയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ പരമ്പരാഗത മേഖലയായ കയർ, കൈത്തറി, കശുവണ്ടി എന്നീ മേഖലകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ട് ഈ മേഖലയുടെ വികസനത്തിനും അതിൽ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ ക്ഷേമവും ഉറപ്പുവരുത്താനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2004-2005-ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്ത് ഈ മേഖലയ്ക്ക് ഉപകാരപ്രദമായിരിക്കും. സംസ്ഥാന പദ്ധതികളുടെ മൊത്തം അടങ്കൽ തുകയായ 4,800 കോടി രൂപയിൽ 1,350 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുവേണ്ടി നീക്കി വച്ചിരിക്കുകയാണ്. 2003-2004 മുതൽ പ്രാദേശിക സർക്കാരുകൾക്ക് നീക്കി വച്ച തുക മാസംതോറും അനുവദിക്കുന്ന ഒരു പുതിയ പദ്ധതി നടപ്പാക്കിവരികയാണ്. മുമ്പ് അത് അങ്ങനെയായിരുന്നില്ല. അതാതു മാസത്തെ എല്ലാ പേമെന്റുകളും നടത്തുന്നതിന് ആവശ്യമായ ട്രഷറി ക്ളിയറൻസ് നൽകിവരികയാണ്. പ്രാദേശിക സർക്കാരുകൾ വഴി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. ഇതിന്റെ പ്രധാനമായ കാര്യം, പ്ളാൻ സംബന്ധിച്ച് 1996-97-ൽ State plan outlay എന്നു പറയുന്നത് 2,200 കോടി രൂപയായിരുന്നു. Amount provided for LSG 212 കോടി രൂപയാണ്. Percentage of state outlay 10 ശതമാനമായിരുന്നു. അത് 2000-2001-ന് വന്നപ്പോൾ എക്സ്പെൻഡിച്ചർ വന്നിരിക്കുന്നത് 759.48 കോടി രൂപയാണ്. പ്ളാൻ 3,535 കോടി രൂപയായിരുന്നു. 2001-2002-ൽ എൽ.എസ്.ജി.-ക്ക് ചെലവായത് 850 കോടി രൂപയാണ്. 2002-2003-ൽ 4,026 കോടി രൂപ പദ്ധതി അടങ്കൽ. അതിൽ എൽ.എസ്.ജി.-ക്ക് 1342 കോടി രൂപ. Percentage of state outlay 33.33 ശതമാനം, ഇതിൽ 1006.50 കോടി രൂപ ചെലവഴിച്ചു. 2003-2004-ൽ 2,350 കോടി രൂപയാണ് State plan amount. Provided for LSG 1,317. പെർസന്റേജ് 29.73 ശതമാനം. 1,113.68 കോടി രൂപ പ്ളാൻ. 335 കോടി രൂപ പ്രീവിയസ് ഇയറിലെ ബാലൻസും കൂടെ നമുക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. വളരെ ബുദ്ധിമുട്ടുള്ള ഒരു സ്ഥിതിയെന്നു പറയുന്നത് നമ്മെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ഞാൻ ഇന്നലെതന്നെ പറഞ്ഞു അവരുടെ കുറെ കാര്യങ്ങൾ പത്തു മുപ്പത്തിരണ്ട് ദിവസത്തെ സമരത്തിന്റെ അടിസ്ഥാനത്തിൽ വെട്ടിക്കുറച്ചിരുന്നത്, അതിൽ ഒരു ഭാഗം കൊടുക്കാനുണ്ടായിരുന്നത് അവരുടെ കമ്മ്യൂട്ടേഷന്റെ പ്രശ്നമായിരുന്നു. അത് ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞപ്പോൾ മുഖ്യമന്ത്രിയുമായി ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണെന്ന് ഇന്നലെതന്നെ പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17 ശതമാനം കുടിശ്ശിക ക്ഷാമബത്ത കൊടുത്തു. പിന്നെ 10 ശതമാനം 2004 സെപ്റ്റംബർ, 2004 ഡിസംബർ, 2005 മാർച്ച് എന്നീ മാസങ്ങളിലെ ശമ്പളത്തോടുകൂടി കൊടുക്കുമെന്നുള്ളത് നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അത് കൊടുക്കുന്നതാണ്. ഇതിനു വരുന്ന പ്രതിമാസ ചെലവ് 111 കോടി രൂപയാണ്. ഡി. എ. അനുവദിച്ചതുകൊണ്ട് പ്രതിവർഷം 1,332 കോടി രൂപ കൂടുതൽ ചെലവാകുന്നു. സർക്കാർ ജീവനക്കാർക്ക് ഉൽസവബത്ത ഓണത്തിനു മുമ്പ് കൊടുക്കണമെന്ന് പറഞ്ഞു. ഉൽസവബത്ത ആദ്യമായി പ്രഖ്യാപിച്ചത് 1979-ൽ ശ്രീ. എ. കെ. ആന്റണിയാണ്.

2.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് അത് കൂട്ടുകയാണ് ചെയ്തത്. ആദ്യം 15 ദിവസത്തെ കൊടുത്തു. പിന്നീട് 21 ദിവസമായി വർദ്ധിപ്പിച്ചു. 31-3-2004 വരെ സംസ്ഥാന പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി 10,032.41 കോടി രൂപ ചെലവാക്കുകയുണ്ടായി. 2002-ൽ 2,531 കോടി രൂപയും, 2002-2003-ൽ 3,943 കോടി രൂപയും 2003-04-ലെ പദ്ധതിക്ക് ചെലവഴിച്ച തുകയും ചേർത്ത് ആകെ 10,032.41 കോടി രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ മൂന്നു വർഷത്തെ പൊതുക്കടം 12,315 കോടി രൂപ. അതിൽ 10,032.41 കോടി രൂപ പ്ലാൻ എക്സ്പെൻഡിച്ചർ വന്നതാണ്. ശമ്പളത്തിന്റെ എക്സ്പെൻഡിച്ചർ കൂടി. അതിന്റെ വ്യക്തമായ കണക്ക് പറഞ്ഞുതരാം. ഇത് 1994-95-ൽ 9,220 കോടി രൂപ, 21.6 ശതമാനമാണ് കടം വർദ്ധനവ് വന്നിരിക്കുന്നത്. 1995-96-ൽ 15.7 ശതമാനം. 1996-97-ൽ 15.9 ശതമാനം. 1998-99-ൽ 20 ശതമാനം. 1999-2000-ൽ 24.8 ശതമാനം. 2001-ൽ 12.8 ശതമാനം കൃത്യമായി കുറഞ്ഞു. 2002-2003-ൽ അത് 16.4 ശതമാനമായി. 2003-2004-ൽ അത് 14.3 ശതമാനമായി കുറഞ്ഞു. അങ്ങനെ കടം വാങ്ങണമെന്ന് വിചാരിച്ച് ചെയ്തതല്ല. ഓവർ ഡ്രാഫ്ടിന്റെ കാര്യത്തിലും 2001-ൽ No. of days over draft ഉണ്ടായിരുന്നത് 165 ദിവസമാണ്. No. of days with positive bank balance ഉണ്ടായിരുന്നത് 75 ദിവസമാണ്. 2003-2004-ൽ ഇത് യഥാക്രമം 139 ദിവസവും 106 ദിവസവുമാണ്. റവന്യൂ കമ്മി എന്നു പറയുന്നത് എക്സ്പെൻഡിച്ചർ കൂടിയതുകൊണ്ട് റവന്യൂ റസീപ്ടിനേക്കാൾ കൂടുതലുണ്ടായി. എന്നാൽ അതിനേക്കാൾ കൂടുതൽ റവന്യൂ റസീപ്റ്റിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടേയും കണക്ക് ഞാൻ പരിശോധിച്ചുനോക്കി. നമുക്ക് കേരളത്തിൽ റവന്യൂ ഡെഫിസിറ്റ് വന്നിരിക്കുന്നത് 29 ശതമാനമാണ്. വെസ്റ്റ് ബംഗാളിൽ റവന്യൂ ഡെഫിസിറ്റ് 61 ശതമാനം വന്നിട്ടുണ്ട്. ചെലവ് കൂടുതൽ വരുമ്പോൾ അത് വരും. ഒന്നും ചെലവാക്കാതെ, വികസന പ്രവർത്തനം നടത്താതെ പ്ലാൻ എക്സ്പെൻഡിച്ചർ നടത്താതെ റവന്യൂ റസീറ്റ് കുറച്ചിട്ട് വല്ല കാര്യവുമുണ്ടോ? നമ്മൾ 2006-2007-ഓടുകൂടി അത് കുറയ്ക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. മറ്റ് കാര്യങ്ങളൊക്കെ ഓരോ സംസ്ഥാനത്തിന്റേയും നോക്കിയിട്ടുണ്ടെങ്കിലും അത്ര പിന്നോക്കമല്ല. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ കൂട്ടത്തിൽ നമ്മൾ തേർഡ് പ്ലെയ്സിലാണെന്ന് പറഞ്ഞു. 1996-97-ൽ നമ്മൾ കൊടുത്തിരുന്ന സാലറി 2,616 കോടി രൂപ. 1996-ൽ 2,230 കോടി രൂപ. 2004-2005-ൽ കൊടുക്കേണ്ടി വരുന്നത് 5,878.37 കോടി രൂപയാണ്. പെൻഷൻ 1995-96-ൽ കൊടുത്തിരുന്നത് 716 കോടി രൂപ. നമ്മൾ ഇപ്പോൾ കൊടുക്കുന്നത് 2,561 കോടി രൂപ. ഇന്റെറസ്റ്റ് പേമെന്റ് ഇപ്പോൾ 3,711 കോടി രൂപ കൊടുക്കുന്നുണ്ട്. ഇതൊക്കെ സത്യമായ കണക്കുകളാണ്. മറച്ചു വയ്ക്കാൻ സാധിക്കുകയില്ല. ഇതിനൊക്കെ കുറെ മാറ്റങ്ങൾ ഉണ്ടാകണം. മാറ്റങ്ങൾ ഉണ്ടാക്കണ്ട എന്നു ഞാൻ പറയുന്നില്ല. കടബാദ്ധ്യത സംബന്ധിച്ച് പറഞ്ഞു. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് കുറേക്കൂടി കാര്യക്ഷമമായി പ്രവർത്തിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കൂടുതൽ കടം എ.ഡി.ബി-യുടെ കയ്യിൽ നിന്ന് വാങ്ങിയതിന്റെ ഫലമായി എ.ഡി.ബി.യുടെ ഉദ്യോഗസ്ഥന്മാർ സർവ്വ സർക്കാർ ഓഫീസുകളിലും കയറി ഫയൽ പരിശോധിക്കുന്നത് ധനകാര്യ വകുപ്പുമന്ത്രിയുടെ അനുമതിയോടുകൂടെയാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : എന്റെ കോടിയേരീ, ഇതിന്റെ അനുമതി.....ഇന്നലെ കോർപ്പറേഷൻ ഓഫീസിൽ അവർ പോയി. അവർ കടം ചോദിച്ചതുകൊണ്ടല്ലേ അവർ അവിടെ നോക്കാൻ പോയത്. കടം ചോദിക്കാതിരുന്നാൽ അവർ പോവുകയില്ല. കോഴിക്കോടും പോയി. നമ്മൾ ഇപ്പോൾ തുടങ്ങിയതല്ലല്ലോ. വളരെ മുമ്പ് തുടങ്ങിയതല്ലേ? എ.ഡി.ബി.-യിൽ നിന്ന് മൂന്നു വർഷക്കാലത്തിനുള്ളിൽ 600 കോടി രൂപയേ വാങ്ങിയിട്ടുള്ളു. അതിൽ കൂടുതൽ വാങ്ങിയിട്ടില്ല. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം പ്രത്യേക പ്രയോറിറ്റി കൊടുക്കണമെന്ന് വിചാരിച്ചത് കൃഷിക്കാണ്. കേരള ഹൗസിലെ കാര്യത്തെക്കുറിച്ച് ആരോ പരാമർശിച്ചു. ഉള്ള പണം അതിന്റെ റിപ്പയറിനുവേണ്ടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശ്രീ. ജോർജ്ജ് എന്റെ ബഹുമാനപ്പെട്ട സുഹൃത്താണ്. അദ്ദേഹം നർമ്മബോധമുള്ള ആളാണ്. കോൺഗ്രസ് പാർട്ടിയുടെ ഉള്ളിലും മറ്റ് പാർട്ടിയുടെ ഉള്ളിലുമൊക്കെ മെമ്പർമാർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടെന്ന് പറഞ്ഞു. ശ്രീ. ജോർജ്ജിന്റെ പാർട്ടിയിൽ മരണം വരെ അതുണ്ടാവുകയില്ല, കാരണം അദ്ദേഹം ഒറ്റയ്ക്കാണല്ലോ. വേറൊരാളില്ല. ഇടത്തോട്ടും വലത്തോട്ടും .....ആകെ ഒരു ഡോക്ടറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പതിനാറടിയന്തിരം കഴിച്ചു. അഭിപ്രായ വ്യത്യാസം കോൺഗ്രസിലുണ്ടാകും. കാരണം കോൺഗ്രസ് ഒരു വലിയ പാർട്ടിയാണ്. മാർക്സിസ്റ്റ് പാർട്ടിയിലുമുണ്ടാകും. വലിയ പാർട്ടികളിലൊക്കെയുണ്ടാകും. ഇതൊക്കെ ആറ്റം മോഡൽ പാർട്ടിയല്ലേ? ഇത് ദിവസേന സ്പ്ലിറ്റ് ചെയ്ത് സ്പ്ലിറ്റ് ചെയ്ത് പോവുകയല്ലേ. അണുകുടുംബം പോലെയുള്ള പാർട്ടിയാണ്. ഞാൻ വളരെ ദീർഘമായി സംസാരിക്കുന്നില്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞു. ഒന്ന്, ചിറ്റൂരിലെ കൃഷിക്കാരുടെ കാര്യം. അതിന് നമ്മൾ അന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലും ബാക്കിയുണ്ടെങ്കിൽ തീർച്ചയായും പരിശോധിച്ച് അത് ചെയ്യുന്നതാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കർഷകത്തൊഴിലാളി പെൻഷൻ, യുവ്വാക്കളുടെ തൊഴിലില്ലായ്മ വേതനം തുടങ്ങി അഗതികൾക്കും അനാഥരായിട്ടുള്ളവർക്കും കൊടുക്കുവാനുള്ള 18-20 മാസത്തെ 240 കോടിരൂപയുടെ കുടിശ്ശിക ഒക്കെ ഉണ്ടല്ലോ? ഓണംവരുന്ന അവസരത്തിൽ അവർക്ക് കഞ്ഞികുടിക്കുവാൻ തക്കവിധത്തിൽ കുറച്ചുതുക കൊടുക്കുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇടുക്കി ജില്ലയിൽ പ്രത്യേകിച്ച് വലിയ വരൾച്ചയായതുകൊണ്ട് ഏലംകൃഷി തേയില കൃഷിയുടെ സ്ഥിതിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അവിടെ ഇറിഗേഷൻ നടപടികൾ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ഏലത്തോട്ടങ്ങളെ നിലനിർത്താൻ കഴിയൂ. അതുകൊണ്ട് ഏലത്തോട്ടങ്ങൾ നനയ്ക്കുന്നതിന് ആവശ്യമായിട്ടുള്ള ഉപകരണങ്ങളൊക്കെ വാങ്ങുമ്പോൾ അതിന് നികുതി ഒഴിവാക്കിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പെൻഷൻ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. മുഖ്യമന്ത്രി ആദ്യം തന്നെ പറഞ്ഞിരിക്കുന്നു, ഓണത്തിന് ഒരു ഗഡു എല്ലാ പെൻഷനുകളും കൊടുക്കേണ്ട താണെന്ന്. അത്തരത്തിൽ എല്ലാ പെൻഷനുകളും കൊടുക്കും. ഇടുക്കി ജില്ല യിൽ ഉപകരണം വാങ്ങുന്നതിന് ടാക്സ് ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ചുപറഞ്ഞു, കൃഷിക്കാർക്ക് ഉപകാരപ്രദമാണെങ്കിൽ നമുക്ക് അതിനെക്കുറിച്ച് പരിശോധിക്കാം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് മന്ത്രിസഭ എടുത്ത പാട്ടത്തുക കുറച്ചു കൊണ്ടുള്ള തീരുമാനത്തിന്റെ കോപ്പി ഞാൻ മേശപ്പുറത്തുവയ്ക്കാമെന്നുപറഞ്ഞു. അത് ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. 22-2-2001, ഡിസിഷൻ-എ: വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പാട്ടത്തിന് നൽകിയിരുന്ന ഭൂമി പാട്ടം പത്തു ശതമാനം എന്നതിനുപകരം കമ്പോള വിലയുടെ ഒരു ശതമാനമാക്കി ചുരുക്കി. 1995 നവംബർ 13 മുതൽ മുൻകാല പ്രാബല്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസിഷൻ-ബി: സർക്കാരിൽ നിന്നും പാട്ടത്തിന് ഭൂമി കൈവശപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് അവരുടെ കൈവശമുള്ള മൊത്തം ഭൂമിക്ക് സൗജന്യവില ഈടാക്കി പതിച്ചുനൽകുവാനും തീരുമാനിച്ചു. ഇത് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നിങ്ങൾ ഇറക്കിയ ഉത്തരവിന്റെ കോപ്പിയും വേണം. ഇതു തമ്മിൽ താരതമ്യപ്പെടുത്താൻ അതും ആവശ്യമാണല്ലോ, അതിന്റെ കോപ്പിയുംകൂടെ തന്നാൽ ഞങ്ങൾ പരിശോധിച്ചിട്ട് അത് സംബന്ധിച്ച് പറയാം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഇന്നത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച പ്രശ്നങ്ങൾക്കെല്ലാം എന്റെ സഹപ്രവർത്തകന്മാർ വിശദമായി മറുപടി പറഞ്ഞു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നുമാത്രമല്ല ഈ സഭ തുടങ്ങിയ അന്നുമുതൽ സഭയിലെ അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാരുടെ മനസ്സിനെ വല്ലാതെ ഉലയ്ക്കുന്നതാണ്. ഇവിടെ പ്രതിഫലിക്കുന്ന വികാരം സ്വാഭാവികമായിട്ടുള്ള വികാരമാണ്. കേരളത്തിലൊട്ടാകെ ഇന്ന് ജനങ്ങളിൽ നിലനിൽക്കുന്ന ഉത്കണ്ഠയുടേയും ആശങ്കയുടേയും പ്രതിഫലനമാണ് പലപ്പോഴും ഇവിടെ പ്രത്യക്ഷ പ്പെടാറുള്ളത്. 1997 മുതൽ നമ്മുടെ സംസ്ഥാനം ദുരന്തത്തിൽക്കൂടി കടന്നു പോവുകയായിരുന്നു. ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത നിലയിൽ കേരളത്തിലെ എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും വില ഒരുപോലെ കുത്തനെ ഇടിഞ്ഞു. പണ്ടൊക്കെ ഒന്നോ രണ്ടോ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയും അപ്പോൾ മറ്റ് കാർഷികോൽപ്പന്നങ്ങൾക്ക് വില ഉയരും. 1997 മുതൽ നാലഞ്ച് വർഷക്കാലമായി കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ കാർഷിക വിളകൾക്കും കുത്തനെ വിലയിടിഞ്ഞു. റബ്ബർ, നാളികേരം, നെല്ല്, കാപ്പി, കുരുമുളക്, അടയ്ക്ക, ഇഞ്ചി, ഏലം എല്ലാത്തിനും ഒരുപോലെ കുത്തനെ വിലയിടിഞ്ഞതിന്റെ ഫലമായി കേരളത്തിലെ കാർഷിക സമ്പദ്ഘടനയുടെ നട്ടെല്ലൊടിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർ പൊതുവേ കടക്കാരായിമാറി. കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിക്കുമ്പോഴാണ് കർഷകർക്ക് മാത്രമല്ല, കച്ചവട വ്യാപാര സ്ഥാപനങ്ങളിലും തൊഴിലാളികൾക്കും നാട്ടിലാകെയും സമൃദ്ധിയുണ്ടാകുന്നത്. കാരണം കേരളം ഇന്ന് കർഷകന്റെ നാടാണ്. കാർഷിക സമ്പദ്ഘടനയാണ് കേരളത്തിന്റെ സമ്പദ്ഘടന. കേരളത്തിന്റെ സമ്പദ്ഘടനയുടെ ഏറ്റവും അടിസ്ഥാന ശിലകളിൽ ഒന്ന്, കാർഷിക മേഖലയും രണ്ട്, വിദേശമലയാളികൾ അയയ്ക്കുന്ന ഡ്രാഫ്റ്റുകളും മണി ഓർഡറുകളുമാണ്. കാർഷിക സമ്പദ്ഘടന തകർന്നതോടുകൂടി കേരളം ശ്മശാനമൂകമായി. ഞാൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ കേരളത്തിലൂടെ സഞ്ചരിച്ചപ്പോൾ കണ്ടത് പണ്ട് സമൃദ്ധിയുണ്ടായിരുന്ന പ്രദേശങ്ങളൊക്കെ മരണ വീടിന് തുല്യമായിരിക്കുന്ന കാഴ്ചയാണ്. ഞാൻ കേരളം ഒട്ടാകെ കണ്ടതാണ്. മാണി സാറിന്റെ പ്രദേശമായ പാലായിലൊക്കെ വൈകുന്നേരംപോലും ആളുകൾ പുറത്തിറങ്ങില്ലായിരുന്നു. എന്തുപറ്റിയെന്ന് ഞാൻ വിചാരിച്ചു. കാർഷിക മേഖല യിലെ തകർച്ചയുടെ ഫലമായി ശ്മശാനമൂകമായിരുന്നു. പക്ഷേ ഭാഗ്യവശാൽ ചില മേഖലകളിൽ ഇപ്പോൾ വീണ്ടും വസന്തകാലം തുടങ്ങി. റബ്ബറിന് ഇന്ന് സാമാന്യം മെച്ചപ്പെട്ട വിലയുണ്ടായിട്ടുണ്ട്. നാളികേരത്തിന് വില കൂടിയിട്ടുണ്ട്. നെല്ലിന് വില കൂടിയിട്ടുണ്ട്. ഏലത്തിന് ആദ്യം വിലകൂടി ഇപ്പോൾ കുറഞ്ഞു. റബ്ബർ, നാളികേരം, നെല്ല് എന്നീ മൂന്ന് പ്രധാനപ്പെട്ട കാർഷികവിള കൾക്ക് ഇപ്പോൾ തരക്കേടില്ലാത്ത വിലയുണ്ടായിട്ടുണ്ട്. പക്ഷേ ഈ വിലവർദ്ധന യുണ്ടായത് സമീപകാലത്താണ്. പക്ഷേ കടം 1997 മുതലുള്ളതാണ്.. റബ്ബറിന് ഇത്രയും വിലയുണ്ടായിട്ടും റബ്ബർ കർഷകർ കടം മുഴുവൻ വീട്ടിക്കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചു. 1997 മുതൽ പതിനാല് ശതമാനം, പതിനഞ്ച് ശതമാനം, പതിനേഴര ശതമാനത്തിനെടുത്ത കടം പലിശയും പിഴപലിശയുമായികൂടി. അത് മുഴുവൻ അടയ്ക്കുവാൻ സാധിക്കാതെ നല്ലവിലയുള്ള കാർഷികോൽപ്പന്നങ്ങളുള്ള മേഖലയിൽപ്പോലും വിലയുള്ള ഈ സമയത്തുപോലും ആ കർഷകരുടെ കടബാധ്യത അവർക്ക് ഇന്ന് ഭീഷണിയാണ്. അതാണ് നല്ല വിലയുള്ളപ്പോഴുള്ള സ്ഥിതി. കഴിഞ്ഞ ആറേഴ് വർഷമായി കാപ്പി, കുരുമുളക്, അടയ്ക്ക ഇവയുടെ വില ഇടയ്ക്കുകൂടി പിന്നെ കുറഞ്ഞു. അടയ്ക്ക, തേയില എന്നിവ കൃഷിചെയ്യുന്ന മേഖലകളിൽ വിലത്തകർച്ച നില നിൽക്കുകയാണ്. ഇതിന്റെ കൂടെയാണ് കഴിഞ്ഞ വർഷത്തെ ഭയാനകമായ വരൾച്ച. കഴിഞ്ഞ അഞ്ചാറുവർഷമായിട്ട് കാർഷികമേഖലയിൽ പ്രതിസന്ധിയുണ്ട്. അതിന്റെ ചില മേഖലകളിൽ അൽപം പച്ചപിടിച്ചുവരുകയാണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല. പ്രതിസന്ധി തുടർച്ചയാണ്. 1997 മുതൽ 2004 വരെ പ്രതിസന്ധി ഇങ്ങനെ തുടരുകയാണ്. ആ കാലഘട്ടങ്ങളിലുണ്ടായ കടക്കെണി കളുണ്ട്. പലിശയും പിഴപ്പലിശയുമുണ്ട്. ഇതിന്റെ ഭയാനകത കൃഷിക്കാരെ ഇന്ന് വല്ലാതെ അലട്ടുന്നുണ്ട്. കാരണം പലിശയും പിഴപ്പലിശയും കൂടുന്നു. പണം തിരിച്ചടയ്ക്കുവാൻ കഴിയാതെ വരുന്നു. ഇതിന്റെ വല്ലാത്ത ഞെട്ടലിലാണ് ഇന്ന് കേരളത്തിലെ കൃഷിക്കാരിൽ ഭൂരിപക്ഷവും. ഇതിന് പരിഹാരമുണ്ടാകേണ്ടത് കേരളത്തിന് ആവശ്യമാണ്. ഭരണ-പ്രതിപക്ഷം തകർച്ചയിൽ സ്കോർ ചെയ്യേണ്ട കാര്യമല്ല. കേരളത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടായേപറ്റൂ. ഈ സർക്കാർ ചില കാര്യങ്ങൾ ചെയ്തു. ചെയ്യാൻ ശ്രമിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുമാത്രം പ്രശ്നത്തിന്റെ വക്കിലേ തൊടാൻ സാധിച്ചിട്ടുള്ളൂ. ഞങ്ങൾ അൽഭുതമൊന്നും ചെയ്തിട്ടില്ല. ഒരു വർഷത്തേയ്ക്ക് കാർഷിക കടങ്ങൾക്ക് ഞങ്ങൾ മോറട്ടോറിയം പ്രഖ്യാപിച്ചു. അതിന്റെ പ്രതിസന്ധി കാർഷിക ബാങ്കുകൾക്കുമുണ്ട്. അതുകൊണ്ട് രാഷ്ട്രീയ വ്യത്യാസമില്ലാതെ പ്രതിപക്ഷത്തുള്ള നേതാക്കന്മാർ നയിക്കുന്ന കാർഷിക ബാങ്കുകൾ പോലും ഗവൺമെന്റ് ഉത്തരവ് കൊടുത്തിട്ടും ഇപ്പോഴും ജപ്തി നടപടികൾ നടത്തുന്നുണ്ട്. അങ്ങനെയുള്ള ചില ഒറ്റപ്പെട്ട പ്രശ്നങ്ങൾ ഉണ്ട്. ഒരു വർഷത്തേയ്ക്ക് കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. ഞങ്ങൾ ചെയ്ത കാര്യങ്ങളാണ് പറയുന്നത്. ഞാൻ സത്യസന്ധമായി, ഞങ്ങൾ ചെയ്ത കാര്യം മാത്രം പറയുകയാണ്. അമിതമായ അവകാശവാദമൊന്നും എനിക്കില്ല. ഞങ്ങൾ ഒരു വർഷത്തേയ്ക്ക് കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. വരൾച്ചമൂലമോ വെള്ളപ്പൊക്കം മൂലമോ മറ്റു ദുരന്തങ്ങൾ മൂലമോ കൃഷി നശിച്ചാൽ കേരളത്തിൽ ഇതുവരെ ഭരിച്ചിരുന്ന ഗവൺമെന്റുകൾ കൊടുത്തിരുന്ന നഷ്ടപരിഹാരത്തുകയുടെ തോത് ഞങ്ങൾ ഇരട്ടിയായി വർദ്ധിപ്പിച്ചു. നേരത്തേ കൊടുത്തതിന്റെ ഇരട്ടിയാക്കി. 1500 രൂപ ഏക്കറിനുണ്ടായിരുന്നത് ഞങ്ങൾ വർദ്ധിപ്പിച്ചു. 35 കാർഷികോൽപ്പന്നങ്ങളുടെ നഷ്ടപരിഹാരത്തുക ഞങ്ങൾ ഇരട്ടിയായിട്ട് വർദ്ധിപ്പിച്ചു. ഇരട്ടിയായിട്ട് വർദ്ധിപ്പിച്ചാലും മുഴുവൻ നശിച്ചുപോയവർക്ക് പോയതുതന്നെ. ഞങ്ങൾ എത്ര കൊടുത്താലും അവരെ സംബന്ധിച്ചിടത്തോളം ആശ്വാസമല്ല. കൃഷിക്കാരന്റെ പലിശ ഇളവു ചെയ്യാൻ തീരുമാനിച്ചു. പിഴപ്പലിശയുടെ കാര്യത്തിൽ നടപടി സ്വീകരിച്ചു. ദേശസാൽകൃത ബാങ്കുകാരെ വിളിച്ചുകൂട്ടി കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, കഴിഞ്ഞ വർഷം കൊടുത്ത വായ്പയുടെ ഇരട്ടി തുക വായ്പയായി ഈ വർഷം കൊടുക്കാൻ തീരുമാനമെടുപ്പിച്ചു. പിഴപ്പലിശയുടെ കാര്യത്തിലും പലിശയുടെ കാര്യത്തിലും ചില ആശ്വാസ നടപടികൾ തീരുമാനിപ്പിച്ചു. ഇത്രയൊക്കെ ചെയ്തിട്ടും പ്രശ്നം തീരുന്നില്ല. ഇതൊക്കെ താൽക്കാലികാശ്വാസം മാത്രമാണ്. അവിടെയാണ് പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യം പ്രസക്തമാകുന്നത്. എന്നോടും കൃഷിക്കാർ ചോദിക്കുന്നുണ്ട്. മോറട്ടോറിയം കഴിഞ്ഞാലും ഞങ്ങൾ തിരിച്ചടയ്ക്കണ്ടേ എന്നാണ്. അതിന് പണം എവിടെ നിന്നു കിട്ടുമെന്ന് നോക്കണം. ആ ചോദ്യത്തിന് ഉത്തരം കണ്ടേ പറ്റൂ. അതിനാണ് കേന്ദ്രത്തോട് സഹായം ചോദിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ കടത്തെക്കുറിച്ച് പറഞ്ഞു. കടം ഇത്രയും ആയത് കഴിഞ്ഞ മൂന്നു വർഷം കൊണ്ടല്ല. കേരളം മാറി മാറി ഭരിച്ച ഗവൺമെന്റുകൾ എടുത്ത കടവും പലിശയും കൂടി ഇത്രയുമെത്തിയിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന് പരിമിതികൾ ഉണ്ട്. സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഈ ദുരന്തത്തിൽ നമ്മുടെ കർഷകജനതയേയും തൊഴിലാളികളേയും രക്ഷിക്കാൻ സാധ്യമല്ല. സംസ്ഥാനം ഇത്രയും ചെയ്തു. ഇനി കേന്ദ്രത്തോട് ചോദിക്കുകയാണ്. നേരത്തേ ഭരിച്ച ഗവൺമെന്റിനോട് 2844 കോടി രൂപ ചോദിച്ചു. അവർ ചില്ലിക്കാശുപോലും തന്നിട്ടില്ല. ഇപ്പോഴത്തെ ഗവൺമെന്റിനോടു ചോദിച്ചു. നാളെ എന്റെ സഹപ്രവർത്തകരായ റവന്യൂവകുപ്പുമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രിയും ഡൽഹിയിൽ പോകുകയാണ്. അവർ കേന്ദ്ര നേതാക്കന്മാരെ കാണും. കേരളത്തിന്റെ ഭയാനകമായ ചിത്രം അവതരിപ്പിക്കും. കേരളത്തെ സഹായിക്കാനായി അഭ്യർത്ഥിക്കും. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തകാലഘട്ടത്തിൽ, കേരളത്തിന്റെ രക്ഷയ്ക്ക് കേന്ദ്രം എത്തണം. പ്രത്യേകിച്ച് ഇന്നത്തെ കേന്ദ്ര ഗവൺമെന്റിന് ഏറ്റവും കൂടുതൽ രാഷ്ട്രീയപിൻബലം കൊടുക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് പരിഗണന കിട്ടണമെന്ന് ആവശ്യപ്പെടാൻ പോകുകയാണ്. അവിടെ നിന്ന് എന്തെങ്കിലും കിട്ടും. ഉദാരമായ സഹായം പ്രതീക്ഷിക്കുകയാണ്. കാരണം, മറ്റു പല സംസ്ഥാനങ്ങൾക്കും കേന്ദ്രഗവൺമെന്റ് ഒരുപാട് സഹായങ്ങൾ നൽകിയിട്ടുണ്ട്. ബീഹാറിന് പാക്കേജ് കൊടുത്തിട്ടുണ്ട്, മഹാരാഷ്ട്രയ്ക്ക് പാക്കേജ് കൊടുത്തിട്ടുണ്ട്, ആസാമിന് കൊടുത്തു. തമിഴ്നാട്ടിൽ ചെന്നൈ പട്ടണത്തിൽ ഡി-സെലിനേഷൻ പദ്ധതി (കടൽ വെള്ള ശുദ്ധീകരണ പദ്ധതി)-ക്ക് വേണ്ടി ആയിരം കോടി രൂപ കൊടുത്തു. പല സംസ്ഥാനങ്ങൾക്കും സഹായം ചെയ്തിട്ടുണ്ട്. ആന്ധ്രാപ്രദേശിനും കൊടുത്തു. ഇന്നത്തെ കേന്ദ്ര ഗവൺമെന്റിനെ ഏറ്റവും കൂടുതൽ പിൻതുണയ്ക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ 29 എം.പി.-മാർ പാർലമെന്റിൽ ഉള്ളതിൽ 28 എം.പി.-മാർ സംസ്ഥാനത്ത് നിന്ന് കേന്ദ്ര ഗവൺമെന്റിനെ പിൻതുണയ്ക്കുകയാണ്. അതുകൊണ്ട് നമുക്ക് ന്യായമായ അവകാശം അംഗീകരിച്ചുതന്നേ പറ്റൂ. കേരളത്തിലെ കർഷകരുടെ കണ്ണീരൊപ്പണമെന്ന് ആവശ്യപ്പെടാൻ അവർ പോകുകയാണ്. അവർ പോയിട്ടു വരട്ടെ. നിങ്ങളുടെ സുഹൃത്തുക്കളോടും പറയണം. അവർ കൂടി സഹകരിക്കട്ടെ. കിട്ടാവുന്നത് അവിടെ നിന്ന് കിട്ടാൻ ശ്രമിക്കുക. അതു കേന്ദ്രത്തിൽ നിന്ന് കിട്ടുന്നതോടൊപ്പം തന്നെ അവർ മടങ്ങിവന്നു കഴിഞ്ഞാലുടൻ കേന്ദ്രത്തിൽ നിന്ന് എത്ര തുക കിട്ടുമെന്നു നോക്കിയ ശേഷം അതിന്റെ കൂടെ സംസ്ഥാന ഗവൺമെന്റിന്റെ ഒരു വിഹിതം കൂടി വച്ചുകൊണ്ട് കർഷകരെ രക്ഷിക്കാനാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. വയനാട്, പാലക്കാട്, കുട്ടനാട്, ഇടുക്കി, കാസർകോട് ഉൾപ്പെടെ കേരളത്തിലെ പ്രയാസം നേരിടുന്ന കർഷികമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട് കേരളത്തിലെ കാർഷികമേഖലയുടെ പൊതുവായ രക്ഷയ്ക്കുവേണ്ടിയുള്ള ഒരു സ്പെഷ്യൽ പാക്കേജ്, ആ പാക്കേജിന് ഏറ്റവും കൂടുതൽ മുൻതൂക്കം കൊടുക്കാൻ പോകുന്നത് കഴിഞ്ഞ ഏഴു വർഷമായി ഒരു ജില്ലയിലെ പ്രധാനപ്പെട്ട കാർഷികവിളകളായ കാപ്പി, കുരുമുളക്, തേയില, അടയ്ക്ക എന്നിവയ്ക്കെല്ലാം വിലയിടിഞ്ഞതിന്റെ ഫലമായി പൂർണ്ണമായി കടക്കെണിയിലായ വയനാട്ടിലെ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി, കേരളത്തിലൊട്ടാകെ ഒരു പാക്കേജ്, അതിന്റെ ഭാഗമായി വയനാട് ജില്ലയ്ക്ക് ഒരു പ്രത്യേക പാക്കേജ് അവതരിപ്പിക്കാൻ ഈ സർക്കാർ ആഗ്രഹിക്കുകയാണ്. കേന്ദ്രത്തിൽ നിന്നു കിട്ടുന്ന സഹായത്തിന്റെ തുക അറിഞ്ഞശേഷം സംസ്ഥാനഗവൺമെന്റും കൂടി ഒരു പങ്കിട്ട് അടിയന്തിരമായി കാർഷിക മേഖലയ്ക്ക് ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. കണ്ണീരൊഴുക്കുന്ന, ആത്മഹത്യയുടെ വക്കിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിലെ കർഷകരെ സഹായിക്കാൻ വേണ്ടി മനുഷ്യസാധ്യമായി എന്തൊക്കെ ചെയ്യാൻ സാധിക്കുമോ

LIBRARY ARCHIVES Kerala Legislative Assembly

അതൊക്കെ ഈ സർക്കാർ ചെയ്യാൻ ആഗ്രഹിക്കുകയാണ്. ആ കാര്യത്തിൽ നമുക്ക് രാഷ്ട്രീയ വിവാദം വേണ്ട. ഭരണ-പ്രതിപക്ഷവ്യത്യാസം വേണ്ട. ഞങ്ങളുടെ ഭാഗത്ത് എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. തിരുത്തേണ്ട കാര്യങ്ങൾ തിരുത്താം. കൃഷിക്കാരുടെ രക്ഷയ്ക്ക് സർക്കാർ ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ, മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യാമെന്ന് ആവർത്തിച്ച് സഭയ്ക്ക് ഉറപ്പു നൽകുന്നു. മറ്റു കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നില്ല. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2004-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പുകൾ

ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

ഭേദഗതി ഇല്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും

ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2004-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—69

1. ശ്രീ. ചെർക്കുളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, ഡൊമിനിക് പ്രസന്റേഷൻ
17. ,, പി. പി. ജോർജ്
18. ,, ജോർജ് ജെ. മാത്യു
19. ,, പ്രയാർ ഗോപാലകൃഷ്ണൻ
20. ,, എം. എം. ഹസ്സൻ
21. ,, ഉമ്മൻചാണ്ടി
22. ,, ടി. എം. ജേക്കബ്
23. ,, ജോണി നെല്ലൂർ
24. ,, കെ. സി. ജോസഫ്
25. ,, ജോസഫ് എം. പുതുശ്ശേരി
26. ,, പി. ജെ. ജോയി
27. ,, വർക്കല കഹാർ
28. ,, ജി. കാർത്തികേയൻ
29. ,, കെ. കെ. നായർ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. ലൂഡി ലൂയിസ്
33. ,, സി. മമ്മൂട്ടി
34. ,, കെ. എം. മാണി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, കെ. മോഹൻകുമാർ
37. ,, സി. മോയിൻകുട്ടി
38. ,, ആര്യാടൻ മുഹമ്മദ്
39. ,, സി. പി. മുഹമ്മദ്
40. ,, എം. മുരളി
41. പ്രൊഫ. എ. ഡി. മുസ്തഫ
42. ശ്രീ. ടി. എച്ച്. മുസ്തഫ
43. ,, കെ. നാരായണക്കുറുപ്പ്
44. ,, എഴുകോൺ നാരായണൻ
45. ,, എം. കെ. പോൾസൺ മാസ്റ്റർ
46. ,, അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

47. ശ്രീ. ടി. എൻ. പ്രതാപൻ
48. ,, ജി. പ്രതാപവർമ്മ തമ്പാൻ
49. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ,, ടി. യു. രാധാകൃഷ്ണൻ
51. ശ്രീമതി രാധാ രാഘവൻ
52. ശ്രീ. എം. വി. രാഘവൻ
53. ,, തമ്പാനൂർ രവി
54. ,, റോഷി അഗസ്റ്റിൻ
55. ,, ടി. പി. എം. സാഹിർ
56. ,, എൻ. ശക്തൻ
57. ,, കെ. ശങ്കരനാരായണൻ
58. ശ്രീമതി മാലേത്ത് സരളാദേവി
59. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
60. ശ്രീ. നാലകത്തു സൂപ്പി
61. ,, ഡി. സുഗതൻ
62. ,, എ. സുജനപാൽ
63. ,, സി. എഫ്. തോമസ്
64. ,, തോമസ് ചാഴികാടൻ
65. ,, തോമസ് ഉണ്ണിയാടൻ
66. ,, ഉമേഷ് ചള്ളിയിൽ
67. ,, എം. എ. വാഹീദ്
68. ,, കെ. സി. വേണുഗോപാൽ
69. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, വി. കെ. ചന്ദ്രൻ
8. ,, വി. ചെന്താമരാക്ഷൻ
9. ,, ടി. കെ. ദേവകുമാർ
10. ,, പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ,, വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, പിരപ്പൻകോട് മുരളി
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ശ്രീ. പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ—69

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലായ് മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly